# സത്യദൂതൻ

2015 ഏപ്രിൽ | ലക്കം 4


വില ₹ 20



## യേശുവിന്റെ ഇന്ത്യൻ യാത്രകൾ

## അവസാന കാലത്തെ പരിഷ്കർത്താവ്

## തകിടംമറിയുന്ന മാതൃസങ്കൽപ്പം




# ഇസ്‌ലാമും സമകാലീനപ്രശ്നങ്ങളും

Islam's Response to Cotemporary Issues
എന്ന വിഖ്യാത കൃതിയുടെ പരിഭാഷ

ഗ്രന്ഥകർത്താവ്
**ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ്**
(ഖലീഫത്തുൽ മസീഹ് നാലാമൻ)

വിവ: എ. എം മുഹമ്മദ് സലീം
**പ്രസാ: മജ്‌ലിസ് അൻസാറുല്ലാഹ്, കേരള**

യാഥാസ്ഥിതിക മുസ്‌ലിം മതവീക്ഷണങ്ങളെ സമൂലം തിരുത്തിക്കുറിച്ചു കൊണ്ട് ദൈവിക വചനങ്ങളിലെ വിസ്മയകരമായ യുക്തിയും നീതിയും പ്രമാണമാക്കി ലോക പ്രശ്നങ്ങൾക്ക് പരിഹാര നിർദ്ദേശങ്ങൾ.

മുസ്‌ലിം ചിന്തകന്മാർ വഴിമുട്ടി നിൽക്കുന്ന ആധുനിക സമസ്യകൾക്ക് പ്രമാണികവും അനിഷേധ്യവുമായ ഉത്തരങ്ങൾ!

വിമർശകരെ കീഴടക്കുന്ന വാദമുഖങ്ങൾ!

ആധുനിക ചിന്തകരെ നിഷ്പ്രഭമാക്കുന്ന നിരീക്ഷണങ്ങൾ!

സമകാലീനലോകസമൂഹത്തിന് സ്വർഗീയ ശാന്തിയുടെ നൂതനപ്രകാശം പകരുന്ന അത്യപൂർവവും ഉജ്ജ്വലവുമായ കൃതി!!




The Sathyadoothan Monthly

لا اله الا الله محمد رسول الله

# സത്യദൂതൻ

2015 ഏപ്രിൽ
ഹി.ശ.1395 – ശഹാദത്ത്
1436 – ജ.ആഖിർ – റജബ്
പുസ്തകം 87 ലക്കം 4
വില 20 രൂപ

ഒരു നൂറ്റാണ്ടിനോടടുക്കുന്ന മലയാളത്തിലെ ഏക ഇസ്ലാമിക പ്രസിദ്ധീകരണം

5 എഡിറ്റോറിയൽ

6 യുഗശബ്ദം



7

ഖുത്വ്ബ

**പുണ്യാത്മാക്കളെ ആദരിക്കുക**

ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..)

സംഭവങ്ങൾ കേട്ട് നമ്മൾ ആസ്വദിച്ചാൽ മാത്രംപോര. പ്രത്യുത നമ്മളിൽ നടപ്പിൽ വരുത്തുകയും വേണം. മാപ്പുകൊടുക്കുന്നതിലേക്കും പൊറുക്കുന്നതിലേക്കും നല്ല വണ്ണം ശ്രദ്ധയുണ്ടാകേണ്ട ആവശ്യമുണ്ട്. അർശിൽനിന്ന് അല്ലാഹു നേരിട്ട് മക്കയേയും മദീനയേയും സംരക്ഷിക്കുന്നുവെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. ഒരു മനുഷ്യനും അതിലേക്ക് ദൃഷ്ടി ഉയർത്തി നോക്കാൻപോലും സാധിക്കുകയില്ല. അതേ, ബാഹ്യമായ നിലയിൽ ഏതെങ്കിലും ശത്രു ആ പരിശുദ്ധ സ്ഥലങ്ങൾക്കുമേൽ ആക്രമണം നടത്താനിടയാകുകയാണെങ്കിൽ ആ സമയത്ത് മാനുഷികമായ കരങ്ങളേയും സംരക്ഷണത്തിനായി മുന്നോട്ടു കൊണ്ടുവരാം. എന്നാൽ, അത്തരം ഒരു അവസ്ഥ വന്നാൽ (അല്ലാഹു അങ്ങനെവരുത്താതിരിക്കട്ടെ) ആ നേരത്ത് സംരക്ഷണത്തെ സംബന്ധിച്ച് അല്ലാഹു മനുഷ്യന്റെമേൽ ഏല്പിച്ചിട്ടുള്ള ഉത്തരവാദിത്വം അഹ്മദിയ്യാ ജമാഅത്ത് എല്ലാവരെക്കാളുമുപരി എങ്ങനെയാണ് ത്യാഗങ്ങൾ ചെയ്യുന്നതെന്ന് ജനങ്ങൾക്ക് മനസ്സിലാകും.

11

**അവസാന കാലത്തെ പരിഷ്കർത്താവ്**

ഹദ്റത്ത് മിർസാ ത്വാഹിർ അഹ്മദ് (റഹ്)

ലോകം ആഗോളഗ്രാമമായി തീർന്ന ഈ അവസാനകാലത്ത് വരുന്ന പരിഷ്കർത്താവ് താന്താങ്ങളുടെ രീതിയിലുള്ള വാഗ്ദത്ത മതപുരുഷനായിരിക്കും എന്ന സങ്കൽപം പ്രത്യക്ഷത്തിൽ ഉയർത്തുന്ന വൈരുദ്ധ്യവും പ്രശ്നങ്ങളും ലേഖനത്തിൽ വിശദീകരിക്കുന്നു.

21

**ഉയിർത്തെഴുന്നേൽപ്പോ? അബോധാവസ്ഥയിൽ നിന്നുള്ള ഉണർച്ചയോ?**

ഡോ. ട്രിവർ എ. ലോയ്ഡ് ഡേവിസ് &
മാർഗരറ്റ് ലോയ്ഡ് ഡേവിസ്



16

**യേശുവിന്റെ ഇന്ത്യൻ യാത്രകൾ**

പ്രൊഫ. അമതുർ റസ്സാഖ്, യു.കെ

കുരിശ് സംഭവാനന്തരം ഇസ്റയേൽ ഗൃഹത്തിലെ കാണാതെ പോയ ദശഗോത്രങ്ങളെ തേടി കശ്മീരിലെത്തിയ യേശു അവിടെയുള്ള യഹൂദരിൽ പ്രേഷിത പ്രവർത്തനം നടത്തുകയുണ്ടായി. യേശുവിന്റെ സ്വാധീനത്തെകുറിച്ച് മത ഗ്രന്ഥങ്ങളിലും വാസ്തു ശിൽപങ്ങളിലും യാത്രാ വിവരണങ്ങളിലുമുള്ള തെളിവുകൾ സമർപ്പിക്കുകയാണ് ലേഖിക.

25

**ഖുലാ**

ഡോ. കൗസർ എടപ്പകത്ത്

28

**ഹദ്റത്ത് അഹ്മദി(അ)ന്റെ താക്കീതുകളും മുസ്ലിം ലോകത്തിന്റെ ദയനീയസ്ഥിതിയും**

അബ്ദുറഹ്മാൻ കൊടിയത്തൂർ

31

**മുസ്ലിം ഐക്യം**

പണ്ഡിറ്റ് ജവഹർലാൽ നെഹ്റു

33

**ഇഖ്ബാലും അഹ്മദിയ്യാ ജമാഅത്തും**

ശേയ്ഖ് അബ്ദുൾ മജീദ്

34

**യാക്കോബ് (ജെയിംസ്): യേശുവിന്റെ അർധ സഹോദരൻ**

35

**സിന്ദു തായ് സപ്കൾ**

സിയ ഷാ

37

**തകിടംമറിയുന്ന മാതൃസങ്കൽപ്പം**

മുസാഫിർ

**സത്യദൂതൻ**
മസ്ജിദ് ഉമർ, സെന്റ്ബെനഡിക്ട് റോഡ്,
എറണാകുളം നോർത്ത്, കൊച്ചി–682018
email-sathyadoothan1@gmail.com

ചീഫ് എഡിറ്റർ
**എം. നാസിർ അഹ്മദ്**
**ഫോൺ**: 9497343704

എഡിറ്റർ
**എ. എം. മുഹമ്മദ് സലീം**
**ഫോൺ**: 8907182933
Email-salimqld@gmail.com


മാനേജർ
**എച്ച്. അഹ്മദ് ഷാഫി**
**ഫോൺ**: 8089574250

Printed & Published by B.B. Ahmad Kabeer, for the Kerala Ahmadiyya Muslim Jama-ath
Printed at Anaswara Offset, Perandoor Jn.,Elamakkara, Ernakulam-682 026.
Published at Masjid Umar, St. Benedict Road, Ernakulam, Kochi-18. Edited by A.M. Muhammed Salim. Design: Ziyad Rahman
Cover picture: Ancient Hindu Sun Temple at Martand, Kashmir

## വിശുദ്ധ ഖുർആനിൽ നിന്ന്



വാസ്തവത്തിൽ അദ്ദേഹത്തെ (യേശുവിനെ) അവർ വധിച്ചിട്ടില്ല. ക്രൂശിച്ചു കൊന്നിട്ടുമില്ല. നേരെ മറിച്ച് അദ്ദേഹമവർക്ക് (ക്രൂശിക്കപ്പെട്ട ഒരുവനെപ്പോലെ) സദൃശീകരിക്കപ്പെടുകയായിരുന്നു. .....തൽസംബന്ധമായി ഭിന്നാഭിപ്രായക്കാരായവർ അക്കാര്യത്തിൽ സംശയത്തിൽ തന്നെയാണ്. ഊഹത്തെ പിൻപറ്റുകയല്ലാതെ അവർക്ക് അതിനെ പറ്റി യാതൊരറിവുമില്ല. അവർ അദ്ദേഹത്തെ ഉറപ്പായും വധിച്ചിട്ടില്ല. **(4:158)**



## നബിവചനം

അല്ലാഹുവിന്റെ വരിഷ്ട ദാസനായ ഈസബ്നു മർയം പറഞ്ഞത് പോലെ ഞാൻ (മുഹമ്മദ് നബി) പറയും. ഞാൻ അവരിൽ ഉണ്ടായിരുന്നേടത്തോളം കാലംവരെ ഞാനവർക്ക് സാക്ഷിയായിരുന്നു. എന്നാൽ നീ എന്നെ മരിപ്പിച്ചതിന് ശേഷം അവരുടെ മേൽനോട്ടക്കാരൻ നീ തന്നെയാണ് എന്ന്. **(ബുഖാരി)**

## വാഗ്ദത്ത മസീഹിന്റെ വചനം



വാഗ്ദത്ത മസീഹിന്റെ ആകാശത്ത് നിന്നുള്ള ഇറക്കം വെറും ഒരു വ്യാമോഹം മാത്രമാണ്. ആകാശത്ത് നിന്ന് ആരും ഇറങ്ങി വരുന്നതല്ലെന്ന് നല്ലവണ്ണം ധരിച്ചു കൊള്ളുവിൻ .. ഇന്ന് മുതൽ മൂന്ന് നൂറ്റാണ്ട് പൂർണമാകുന്നതിന് മുമ്പായി ഈസായെ കാത്തിരിക്കുന്നവർ മുസ്ലിംകളാകട്ടെ ക്രിസ്ത്യാനികളാകട്ടെ എല്ലാവരും അദ്ദേഹത്തിന്റെ വരവിനെ കുറിച്ച് നിരാശപ്പെടുകയും തീരെ മനം മടുത്ത് ഈ വിശ്വാസത്തെ പരിത്യജിക്കുകയും ചെയ്യും.

(തദ്കിറത്തു ശഹാദതൈൻ)

എഡിറ്റോറിയൽ

# വിശുദ്ധ ഖുർആനിലെ യേശു

ഇസ്‌ലാം പൂർവ മതങ്ങളെ സത്യപ്പെടുകയും സ്വാംശീകരിക്കുകയും ചെയ്ത മതമാണ്. പൂർവമത പുരുഷന്മാരുടെ പാരമ്പര്യം ഇസ്‌ലാമിന്റെ കൂടിപാരമ്പര്യമാണ്. വിശുദ്ധ ഖുർആൻ വളരെയേറെ ആദരപൂർവം പ്രതിപാദിച്ച പ്രവാചകനാണ് യേശു (അ) അഥവാ ഈസബ്‌നു മറിയം(അ). കുരിശിൽ വെച്ച് മഹാപീഡനങ്ങൾ സഹിച്ച അവിടുത്തെ ഉജ്ജ്വല ത്യാഗങ്ങൾ ഉൾകിടിലത്തോടെയല്ലാതെ ആർക്കും സ്മരിക്കാൻ സാദ്ധ്യമല്ല. കുരിശു പീഡനത്തിൽ നിന്ന് അല്ലാഹു തന്റെ വരിഷ്ഠ ദാസനെ അത്ഭുതകരമായി രക്ഷിക്കുകയായിരുന്നു. ഖുർആൻ പറയുന്നു: ***വാസ്തവത്തിൽ അദ്ദേഹത്തെ (യേശുവിനെ) അവർ വധിച്ചിട്ടില്ല. ക്രൂശിച്ചു കൊന്നിട്ടുമില്ല. നേരെ മറിച്ച് അദ്ദേഹമവർക്ക്(ക്രൂശിക്കപ്പെട്ട ഒരുവനെപ്പോലെ) സദൃശീകരിക്കപ്പെടുകയായിരുന്നു.. .....തൽസംബന്ധമായി ഭിന്നാഭിപ്രായക്കാരായവർ അക്കാര്യത്തിൽ സംശയത്തിൽ തന്നെയാണ്. ഊഹത്തെ പിൻ പറ്റുകയല്ലാതെ അവർക്ക് അതിനെ പറ്റി യാതൊരറിവുമില്ല. അവർ അദ്ദേത്തെ ഉറപ്പായും വധിച്ചിട്ടില്ല (4:158).*** യേശുവിന്റെ ജീവിതം അപ്രകാശിതമായ നിഗൂഢ യാഥാർഥ്യങ്ങൾ കൊണ്ട് നിറഞ്ഞതാണ്. ഖുർആന്റെ നിഷ്പക്ഷവും സൂക്ഷ്മവുമായ വായനയിൽ അവക്കെല്ലാം ബുദ്ധിമാന്മാരായ വിജ്ഞാനാന്വേഷകർക്ക് തൃപ്തികരമായ ഉത്തരം ലഭിക്കും.

യേശു ***ആദരണീയനും ദൈവ സാമീപ്യം സിദ്ധിച്ചവരിൽ പെട്ടവനുമാണെന്നും (3:46)*** അദ്ദേഹം ***അല്ലാഹുവിന്റെ വചനമാണെന്നും*** അല്ലാഹുവിൽ നിന്നുള്ള കാരുണ്യമാണെന്നും (4:172) ഖുർആൻ വിശേഷിപ്പിക്കുന്നു. ക്രിസ്ത്യാനികളുടെ സദ്ഗുണങ്ങളെയും ഖുർആൻ വാഴ്ത്തുന്നത് കാണുക: ***സത്യവിശ്വാസികളോട് ഏറ്റവും അടുത്ത സ്നേഹമുള്ളവരായി ഞങ്ങൾ ക്രിസ്ത്യാനികളാണ് എന്ന് പറഞ്ഞവരെയും നീ കണ്ടെത്തുന്നതാണ്. അതിന് കാരണം അവരിൽ പണ്ഡിതന്മാരും പുരോഹിതന്മാരും ഉണ്ട് എന്നുള്ളതും അവർ അഹങ്കരിക്കുന്നില്ല എന്നുള്ളതുമാണ്. ഈ ദൂതന് അവതീർണമായത് (ഖുർആൻ) അവർ കേൾക്കുന്നതായാൽ അവർ സത്യം ഗ്രഹിച്ച കാരണത്താൽ അവരുടെ നയനങ്ങൾ കണ്ണുനീർ പൊഴിക്കുന്നതായി നിനക്ക് കാണാം (5: 83,84).*** വിശുദ്ധ ഖുർആനിൽ 93 ആയത്തുകളിൽ യേശു(അ)വിനെ കുറിച്ച് പ്രതിപാദനമുണ്ട്. ക്രിസ്തുവിനെ സംബന്ധിച്ച് ഇസ്‌ലാമിന് തനതായ ഒരു ക്രിസ്തു വിജ്ഞാനീയം തന്നെ സ്വന്തമായുണ്ട്.

ദൈവദൂതനായ യേശു പഠിപ്പിച്ച ദൈവ സങ്കൽപ്പത്തിൽ പിൽക്കാല ക്രിസ്തു മതം വരുത്തിയ വ്യതിയാനങ്ങൾ വിശുദ്ധ ഖുർആൻ ചൂണ്ടിക്കാണിക്കുന്നു. ***അല്ലാഹു ഒരു പുത്രനെ സ്വീകരിച്ചിരിക്കുന്നു എന്നവർ പറയുന്നു. എന്നാൽ അവനെത്രയും പരിശുദ്ധനാണ് (2:117). മർയമിന്റെ മകൻ മസീഹ് തന്നെയാണ് അല്ലാഹു എന്നു പറഞ്ഞവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു. വാസ്തവത്തിൽ മസീഹ് പറഞ്ഞിരുന്നത്, ഇസ്‌റയേൽ സന്തതികളേ എന്റെ രക്ഷിതാവും നിങ്ങളുടെ രക്ഷിതാവുമായ അല്ലാഹുവിനെ നിങ്ങൾ ആരാധിക്കുവിൻ (എന്നാണ് ) (5: 73). അല്ലാഹു മൂവരിൽ മൂന്നാമനാണ് എന്ന് പറയുന്നവർ തീർച്ചയായും അവിശ്വാസികളായിരിക്കുന്നു (5:74) വാസ്തവത്തിൽ ഒരേയൊരു ദൈവമല്ലാതെ മറ്റൊരു ദൈവമില്ല (5:74).*** ഇതായിരുന്നു യേശുവിന്റെ യഥാർഥ പ്രേഷിത സാരം.

ആദിമ ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ ദൗത്യം റോമിൽ പ്രചരിപ്പിക്കാനെത്തിയപ്പോൾ വിശക്കുന്ന സിംഹങ്ങൾക്ക് മുമ്പിൽ തീറ്റി പണ്ടമാകാൻ വേണ്ടി എറിഞ്ഞു കൊടുക്കുന്ന ശിക്ഷയായിരുന്നു (Damnatio ad bestias "condemnation to beast) ക്രൂരരായ റോമൻ ഭരണാധികാരികൾ അവർക്ക് നൽകിയിരുന്നത്. കോൺസ്റ്റന്റയിൽ ചക്രവർത്തി മുഖേന റോമൻ സിംഹാസനത്തിൽ ഭൗതിക പ്രതാപത്തോടെ പിന്നീട് ക്രിസ്തു മതം ആസനസ്ഥമായപ്പോഴായിരിന്നു വ്യതിയാനങ്ങൾക്ക് തുടക്കം കുറിച്ചത്. ആദിമ ക്രിസ്ത്യാനികൾ ജീവൻ ത്യജിച്ച് പ്രചരിപ്പിക്കാൻ ശ്രമിച്ച യേശുവിന്റെ യഥാർഥ ക്രിസ്തു മതതത്ത്വങ്ങൾ മനസ്സിലാക്കി ജീവിതത്തിൽ പകർത്തുകയാണ് നമുക്ക് മഹാനായ ആ ദൈവിക പ്രവാചകനോട് ചെയ്യാനുള്ള കടപ്പാട്.



ഹദ്റത്ത് അഹ്മദ് (അ)

# കുരിശ് പീഡനത്തെ അതിജീവിച്ച യേശു

യൂദാ ഈസ്കരിയൂത്തിയുടെ വിശ്വാസഘാതകം നിമിത്തം ഹദ്റത്ത് ഈസാ മസീഹ് (അ) ശത്രുക്കളുടെ പിടിയിലകപെട്ട് ക്രൂശിക്കപ്പെടുകയും പിന്നെ ഉയിർത്തെഴുന്നേറ്റ് ആകാശത്തിലേക്ക് കരേറിപ്പോകുകയും ചെയ്തു എന്ന് ക്രിസ്ത്യാനികൾ വിശ്വസിച്ചുപോരുന്നുവെങ്കിലും അവരുടെ വിശുദ്ധ ഗ്രന്ഥമായ ബൈബിളിൽ വിചിന്തനം ചെയ്യുമ്പോൾ ഈ വിശ്വാസസിദ്ധാന്തം കേവലം അബദ്ധമായിട്ടുള്ളതാണെന്ന് സ്പഷ്ടമാകുന്നതാണ്. യൂനുസ് (യോനാ) കടലാനയുടെ വയറ്റിൽ മൂന്നു രാപ്പകൽ ഇരുന്നത് പോലെ മനുഷ്യപുത്രൻ മൂന്ന് രാപ്പകലുകൾ ഭൂമിയുടെ ഉള്ളിൽ ഇരിക്കും എന്നു മത്തായിയുടെ സുവിശേഷ(അ:12, വ:40)ത്തിൽ എഴുതപ്പെട്ടിരിക്കുന്നു. യോന മത്സ്യത്തിന്റെ വയറ്റിൽ മരിച്ചിരുന്നില്ല എന്നത് സ്പഷ്ടമായ ഒരു വസ്തുതയായിരുന്നല്ലോ. ഏറിയാൽ അദ്ദേഹത്തിനുണ്ടായത് മോഹാലസ്യം മാത്രമായിരുന്നു. അതായത് അദ്ദേഹം മത്സ്യത്തിന്റെ വയറ്റിൽ ബോധം കെട്ട് കിടക്കുകയായിരുന്നു. ഇങ്ങനെ യോനാ ദൈവാനുഗ്രഹത്താൽ മത്സ്യത്തിന്റെ വയറ്റിൽ ജീവനോടിരിക്കുകയും അതിൽ നിന്ന് ജീവനോടെ പുറത്ത് വരികയും ഒടുവിൽ അദ്ദേഹത്തെ തന്റെ ജനങ്ങൾ സ്വീകരിക്കുകയും ചെയ്തുവെന്ന് ദിവ്യ പുസ്തകങ്ങൾ സാക്ഷിക്കുന്നു. ആകയാൽ യേശു മിശിഹാ ക്രിസ്ത്യർ പറയുന്നത് പോലെ ഭൂമിയുടെ വയറ്റിൽ മരിച്ചു കിടക്കയാണ് ചെയ്തിരുന്നതെങ്കിൽ മൃതന് ജീവിച്ചിരിക്കുന്നയാളുമായി എന്ത് സാദൃശ്യമാണുള്ളത്? ജീവിച്ചിരിക്കുന്നവനെ മരിച്ചവനുമായി താരതമ്യപ്പെടുത്താവുന്നതെങ്ങനെ? വാസ്തവമെന്താണെന്ന് വെച്ചാൽ ഹദ്റത്ത് ഈസാ ഒരു സത്യപ്രവാചകനായതിനാൽ താൻ ഏതൊരുവന്റെ പ്രിയ ദാസനാണോ ആ സത്യേക ദൈവം തീർച്ചയായും തന്നെ ശാപമരണത്തിൽ നിന്നും രക്ഷിക്കുമെന്ന് അദ്ദേഹത്തിന് ബോധിക്കുകയും വിശ്വസി ക്കുകയും ചെയ്തിരുന്നു. അത്മൂലം അദ്ദേഹം തനിക്ക് ദൈവത്തിൽ നിന്നുണ്ടായ വെളിപാടനുസരിച്ച് ഒരു പ്രവാചകനെന്നനിലയിലാണ് ഈ ഉപമ എടുത്തു പറഞ്ഞിരിക്കുന്നത്. താൻ കുരിശിന്മേൽ മരിച്ച് കിടക്കയില്ലെന്നും ആ ശാപമരണത്തിന്മേൽ തന്റെ പ്രാണൻ വെടിയുകയില്ലെന്നും മറിച്ച് യോനാ പ്രവാചകനെ പോലെ മോഹലസ്യപ്പെടുക മാത്രമാണുണ്ടാവുക എന്നദ്ദേഹം പ്രസ്തുത ഉപമകൊണ്ട് സൂചിപ്പിച്ചിരിക്കുകയാണ്. തന്നെയുമല്ല താൻ ഭുമിയുടെ വയറ്റിൽ നിന്ന് പുറത്ത് വന്നശേഷം തന്റെ ജനങ്ങളുമായി കാണുകയും യോനായെപോലെ താൻ അവരുടെ ഇടയിൽ സമാദൃതനായി ഭവിക്കുകയും ചെയ്യുമെന്ന് കൂടി അതിൽ സൂചിതമായിരിക്കുന്നുണ്ട്. അപ്രകാരം തന്നെ ഈ പ്രവചനം നിവർത്തിയാവുകയും ചെയ്തു.

എങ്ങനെയെന്നാൽ, ഭുമിയുടെ ഉദരത്തിൽ നിന്ന് പുറത്ത് വന്നതിൽ പിന്നെ മശീഹാ കശ്മീരം, തിബത്ത് തുടങ്ങിയ പുർവ ദേശങ്ങളിൽ വസിക്കുകയുണ്ടായി. തന്റെ ജനങ്ങളുടെ അടുക്കൽ അതായത് അസൂറിയാ രാജാവ് ശാലമൻസർ ക്രി.മു. 721 ൽ സാമിരിയ്യായിൽ നിന്നും തടവുകാരായി പിടിച്ചു കൊണ്ടുപോയ പത്തു ഗോത്രക്കാരിൽപെട്ട ഇസ്രയേലി സന്തതികളുടെ അടുക്കൽ ചെല്ലുകയുണ്ടായി. പത്തുഗോത്രക്കാർ ഇന്ത്യയിൽ വന്നു ഈ രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ കൂടിപ്പാർക്കുന്നുണ്ടായിരുന്നു. അതിനാൽ യേശു മിശിഹയെ ഈ പ്രദേശങ്ങളിലും സ്വീകരിച്ചിരിക്കേണ്ടത് അത്യാവശ്യമാണ്. അദ്ദേഹത്തിനു ലഭിച്ച ദിവ്യ ദൗത്യത്തിന്റെ പരമലക്ഷ്യം കാണാതെ പോയ ആടുകളായ യഹൂദ ഗോത്രക്കാരെ കണ്ടുപിടിച്ച് അവർക്ക് സന്ദേശം എത്തിച്ചു കൊടുക്കുക എന്നുള്ളതായിരുന്നു.

*(മസീഹ് ഹിന്ദുസ്ഥാൻ മെ – യേശു മിശിഹാ ഇന്ത്യയിൽ – വിവ: എൻ. അബ്ദുർറഹിം)*




അമീറുൽ മുഅ്മിനീൻ ഖലീഫ ത്തുൽമസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു..) 2015 ഫെബ്രുവരി 27ന് ബൈ ത്തുൽ ഫുതൂഹ് ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്വ്ബ യുടെ സംഗ്രഹം

# പുണ്യാത്മാക്കളെ ആദരിക്കുക

**ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...)**

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെയടുക്കൽ ഒരാൾ വന്നു. അയാൾ പറഞ്ഞു: 'ഞാൻ അങ്ങയുടെ വളരെ ഗുണകാംക്ഷിയാണ്. പക്ഷേ, താങ്കളിൽനിന്ന് ഒരു വലിയ തെറ്റ് സംഭവിച്ചുപോയി. മറ്റുള്ളവർ പറയുന്നത് ഉലമാക്കൾ അംഗീകരിക്കുകയില്ലെന്ന് താങ്കൾക്കറിയാവുന്നതാണ്. അംഗീകരിക്കുന്നത് തങ്ങൾക്ക് നിന്ദ്യതയാണെന്ന് അവർ കരുതുന്നു. അതായത് ഉലമാക്കൾ ഒരു കാര്യവും അംഗീകരിക്കാറില്ല. ഉലമാക്കളെക്കൊണ്ട് അല്ലെങ്കിൽ മുല്ലാക്കന്മാരെക്കൊണ്ട് കാര്യം അംഗീകരിപ്പിക്കണമെങ്കിൽ അവരുടെ വായിൽനിന്ന് തന്നെ അക്കാര്യം പുറപ്പെടുവിക്കണം. അയാൾ പറഞ്ഞ രീതി ഇതായിരുന്നു: 'താങ്കൾക്ക് ഈസാനബി (അ) മരിച്ചുപോയിരിക്കുന്നുവെന്ന് മനസ്സിലായപ്പോൾ താങ്കൾ മെല്ലെ മെല്ലെ ഉലമാക്കളെ ക്ഷണിച്ചു വരുത്തണമായിരുന്നു. ഒരു മീറ്റിംഗ് വിളിച്ച് ഈസാനബി ജീവിച്ചിരിക്കുന്നു എന്ന വിശ്വാസംകൊണ്ട് ക്രിസ്ത്യാനികൾക്ക് വലിയ സഹായമാണ് ലഭിക്കുന്നതെന്ന പ്രശ്നം അവരുടെ മുമ്പിൽ വയ്ക്കണമായിരുന്നു. നിങ്ങളുടെ നബി മരിച്ചുപോയി നമ്മുടെ മതസ്ഥാപകർ ആകാശത്തിലിരിക്കുന്നുവെന്ന് ക്രിസ്ത്യാനികൾ ആക്ഷേപമുന്നയിച്ച് ഇസ്ലാമിന് ക്ഷതം വരുത്തുന്നുവെന്ന് ബോധ്യപ്പെടുത്തണമായിരുന്നു. അതുകൊണ്ട് അദ്ദേഹമാണ് ശ്രേഷ്ഠൻ, എന്നല്ല ദൈവവും എന്ന് അവർ വാദിക്കുന്നു. ഇതിന് നമ്മൾ എന്തു മറുപടി നല്കണമെന്ന് ഉലമാക്കളോടു ചോദിക്കണമായിരുന്നു. അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ഉലമാക്കളെ ഒരുമിച്ചുകൂട്ടി ചോദിക്കണമത്രേ, പറയൂ എന്ത് മറുപടിയാണ് നല്കേണ്ടതെന്ന്! അയാൾ പറയാൻതുടങ്ങി: അപ്പോൾ 'എന്തു മറുപടി നല്കണം താങ്കൾ തന്നെ പറയുക' എന്ന് ഉലമാക്കൾ അങ്ങയോടു പറയും. അപ്പോൾ നിങ്ങളുടെ അഭിപ്രായം തന്നെയാണ് ശരിയായിട്ടുള്ളത്, പക്ഷേ, എന്റെ അഭിപ്രായത്തിൽ– മസീഹ് മൗഊദ്(അ)നോട് ഇങ്ങനെ പറയണമെന്ന് അയാൾ പറയുകയാണ്– "ഇന്ന ആയത്തുകൊണ്ട് ഈസാ(അ)ന്റെ വഫാത്ത് സ്ഥാപിക്കാവുന്നതാണ്". ഉലമാക്കൾ ഉടനെ പറയും: 'അതു ശരിതന്നെയാണ്. ബിസ്മില്ലാഹ് ചൊല്ലിക്കൊണ്ട് വിളംബരം ചെയ്താലും. ഞങ്ങൾ സഹായിക്കാൻ തയ്യാറാണ്.' പിന്നീട് ഇപ്രകാരംതന്നെ മസീഹിന്റെ പുനരാഗമനത്തെ കുറിച്ചുള്ള ഹദീഥുകളുടെ പ്രശ്നവും വരും. എന്നാൽ, ഹദ്റത്ത് ഈസാ(അ) മരിച്ചുകഴിഞ്ഞാൽ അതുകൊണ്ടുള്ള ഉദ്ദേശ്യം താനെ മനസ്സിലാക്കിക്കൊള്ളും. ഇതുപറഞ്ഞുകഴിയുമ്പോൾ ഏതെങ്കിലും ആലിം താങ്കളെക്കുറിച്ചു പറയും, താങ്കൾതന്നെയാണ് മസീഹെന്ന്. അപ്പോൾ എല്ലാ ഉലാക്കളും അത് സാക്ഷ്യപ്പെടുത്തുമായിരുന്നു.' ഈ പദ്ധതികേട്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:

'എന്റെ വാദം മാനുഷികമായ തന്ത്രങ്ങളാൽ ആയിരുന്നെങ്കിൽ ഞാൻ താങ്കൾ പറഞ്ഞതുപോലെ ചെയ്യുമായിരുന്നു. എന്നാൽ, ഇത് അല്ലാഹുവിന്റെ കല്പനയാലായിരുന്നു. അല്ലാഹു എങ്ങനെയാണോ മനസ്സിലാക്കിത്തന്നത് അതുപോലെ ഞാൻ ചെയ്തു.'

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഇൽഹാമുണ്ട്: "തീ കൊണ്ട് നമ്മെ ഭയപ്പെടുത്തരുത്. തീ നമ്മുടെ അടിമയാണ്. എന്നല്ല അടിമകളുടെ അടിമയാണ്." ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: എനിക്കോർമയുണ്ട്. 1903-ൽ അബ്ദുൽ ഗഫൂർ എന്നയാൾ ഇസ്‌ലാമിൽനിന്ന് മുർത്തദ്ദായി ആര്യസമാജക്കാരനായി. തന്റെ പേര് അയാൾ ധരംപാൽ എന്നുവെച്ചു. 'തർക്കെ ഇസ്‌ലാം' എന്ന പുസ്തകമെഴുതി. അപ്പോൾ ഖലീഫ അവ്വൽ(റ) അതിനു മറുപടിയെഴുതി. 'നൂറുദ്ദീൻ' എന്നപേരിൽ അത് പ്രസിദ്ധീകരിക്കപ്പെട്ടു. ഈ പുസ്തകം നിത്യവും ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കേൾപ്പിക്കാറുണ്ടായിരുന്നു. ഹദ്റത്ത് ഇബ്റാഹീമിനുവേണ്ടി അഗ്നി തണുത്തു, മറ്റുള്ളവർക്കുവേണ്ടി എന്തുകൊണ്ട് തണുക്കുന്നില്ല എന്ന ധരംപാലിന്റെ ആക്ഷേപം വന്നപ്പോൾ ഹദ്റത്ത് ഖലീഫ അവ്വലിന്റെ ഈ മറുപടി കേൾപിക്കപ്പെട്ടു: 'ഇവിടെ അഗ്നികൊണ്ടുള്ള ഉദ്ദേശ്യം ബാഹ്യമായ അഗ്നിയല്ല. പ്രത്യുത എതിർപ്പിന്റെ അഗ്നിയാണ്.' അതു കേട്ടപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഈ വ്യാഖ്യാനത്തിന്റെ ആവശ്യമെന്താണ്? എന്നേയും അല്ലാഹു ഇബ്റാഹീം എന്ന് പറഞ്ഞിട്ടുണ്ട്. ഹദ്റത്ത് ഇബ്റാഹീമിനുവേണ്ടി അഗ്നി എങ്ങനെയാണ് തണുത്തതെന്ന കാര്യം ആളുകൾക്ക് മനസ്സിലാകുന്നില്ലെങ്കിൽ എന്നെ അവർ തീയിലിട്ടു നോക്കട്ടെ, ഞാൻ ആ തീയിൽ നിന്ന് സുരക്ഷിതനായി പുറത്തുവരുന്നുണ്ടോ എന്ന്.' ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ നിർദേശമനുസരിച്ച് ഹദ്റത്ത് ഖലീഫ (റ)തന്റെ ഗ്രന്ഥമായ 'നൂറുദ്ദീനി'ൽ ഈ മറുപടിതന്നെ പിന്നീടെഴുതി: 'നമ്മുടെ ഇമാമിനെ തീയിലിട്ടുനോക്കുക, തീർച്ചയായും അല്ലാഹു തന്റെ വാഗ്ദാനമനുസരിച്ച് അദ്ദേഹത്തെ ആ അഗ്നിയിൽനിന്ന് ഇബ്റാഹീം (അ)നെ സുരക്ഷിതമായി വെളിയിൽകൊണ്ടുവന്നതുപോലെ സുരക്ഷിതമാക്കിവെക്കുന്നതാണ്.'

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: 'മുഅ്ജിസത്തുകളെ സംബന്ധിച്ച് നബിമാർക്കെ അഭിപ്രായങ്ങളെ ശരിയായി മനസ്സിലാക്കാൻ കഴിയുകയുള്ളൂ. കാരണം അത് അവർ കണ്ട കാര്യങ്ങളായിരിക്കും. അല്ലാഹുവുമായി അരയര മണിക്കൂർ സംസാരിക്കുകയും ചോദ്യം ചോദിക്കുകയും മറുപടി കരസ്ഥമാക്കുകയും ചെയ്യുന്നയാളുടെ കാര്യങ്ങൾ ഗ്രഹിക്കാൻ പ്രധാനികൾക്കുപോലും സാധ്യമല്ല. അങ്ങനെ വരുമ്പോൾ ഒരുസ്വപ്നംപോലും കണ്ടിട്ടില്ലാത്ത സാധാരണ മനുഷ്യന്റെ -അഥവാ കണ്ടിട്ടുണ്ടെങ്കിൽ ത്തന്നെ ഓന്നോരണ്ടിലധികമായിരിക്കുകയുമില്ല. ഇനി അഥവാ കൂടുതൽ കണ്ടിട്ടുണ്ടെങ്കിൽത്തന്നെ അല്ലാഹുവിൽനിന്നാണോ അതോ ഉപബോധമനസ്സിന്റെ ജല്പനമാണോ എന്ന് സംശയവുമുണ്ടാകുന്നു-അവസ്ഥ എന്തായിരിക്കും. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ഉദാഹരിച്ചുകൊണ്ട് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു, 'ഇവിടെ നാം കിടക്കാൻവേണ്ടി തലയിണവെച്ചു അവിടെ നിന്നെ ആളുകൾ ഇന്ന് ഒരുപാട് ചീത്തപറഞ്ഞു എന്ന് കേൾക്കാൻ തുടങ്ങി' അതായത് പകൽമുഴുവൻ നിനക്ക് ചീത്ത കിട്ടി, എന്നാൽ നീചിന്താകുലനാവേണ്ട, അല്ലാഹു നിന്നോടൊപ്പമുണ്ട് എന്ന് തലയിണയിൽ തലവെച്ചതുമുതൽ എഴുന്നേല്ക്കുന്നതുവരെ അല്ലാഹു സമാധാനപ്പെടുത്തിക്കൊണ്ടിരുന്നു എന്നു പറയുന്ന വ്യക്തിയാണുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: ചിലപ്പോൾ രാത്രി മുഴുവൻ **ഇന്നീ മഅർറസൂലി അഖൂമു** 'ഞാൻ എന്റെ റസൂലിനോടൊപ്പം നില്ക്കുന്നു'എന്ന ഇൽഹാം ഉണ്ടായിക്കൊണ്ടിരിക്കുന്നു. ഹദ്റത്ത് മുസ്‌ലിഹ് മൗഊദ് (റ) പറയുന്നു: മറ്റുള്ളവർക്ക് ഇക്കാര്യങ്ങൾ മനസ്സിലാകുകയില്ല. അല്ലാഹുവിന്റെ പുണ്യാത്മാക്കളും നല്ലവരുമായിട്ടുള്ളവർ ഒരു പരിധിവരെ മനസ്സിലാക്കുന്നവരാണ്. എന്നാൽ, നബി മനസ്സിലാക്കുന്ന പരിധിയിൽ ആവുകയില്ല. നബി നബിതന്നെയാണ്. അതുല്യമായ നിലയിലാണ് അല്ലാഹുവിന്റെ വചനങ്ങൾ അവർക്കുണ്ടാകുന്നത്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) തന്നെക്കുറിച്ച് പറയുന്നു: 'എനിക്കുണ്ടായ ഇൽഹാമുകളും സ്വപ്നങ്ങളും ഇതുവരെ ആയിരത്തോളം എത്തിക്കഴിഞ്ഞിട്ടുണ്ടാകും. എന്നാൽ, ഇത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഒരു രാത്രിയിലുണ്ടായതിനുപോലും തുല്യമാകുകയില്ല. ആ മഹാത്മാവിന് വൈകുന്നേരം മുതൽ രാവിലെവരെ **ഇന്നീ മഅർറസൂലി അഖൂമു** എന്ന ഇൽഹാം ഉണ്ടായിക്കൊണ്ടിരുന്നു. പിന്നീട് അവിടന്ന് പറഞ്ഞു: നമ്മുടെ ജോലി നമ്മുടെ പുണ്യാത്മാക്കളെ ആദരിക്കുക എന്നതാണ്. എന്നാൽ, നാം അവരെ നബിമാർക്കെതിരിൽ എഴുന്നേല്പിച്ചു നിറുത്തുമ്പോൾ അനാവശ്യമായി അവരെ ഇകഴ്ത്തുകയാണ് ചെയ്യുന്നത്. അതുകൊണ്ട് ഖലീഫ അവ്വലാണെങ്കിലും അല്ലെങ്കിൽ ഞാനാണെങ്കിലും അല്ലെങ്കിൽ ഭാവിയിൽ വരുന്ന ഏതെങ്കിലും ഖലീഫയാണെങ്കിലും ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെ പറഞ്ഞു എന്ന നിലയിൽ കാര്യം സമർപിച്ചാൽ, ഇന്ന ഖലീഫ ഇങ്ങനെ പറഞ്ഞു എന്ന് പറയുന്നത് തെറ്റാണ്. അത് അറിവില്ലായ്മ കൊണ്ടാണെങ്കിൽ പ്രമാണമാകുകയില്ല. അതിന് പ്രമാണമൊന്നുമില്ലെങ്കിൽ, അറിവില്ലായ്മയാണെങ്കിൽ ഇനി മറ്റേതെങ്കിലും അറിവ് വെച്ചുകൊണ്ടാണെങ്കിൽ ഖലീഫയെ അദ്ദേഹത്തിന്റെ ഗുരുവിനെതിരിൽ എഴുന്നേല്പിച്ച് നിറുത്തലാകുന്നതാണ്. ഇതിൽനിന്ന് ഖലീഫമാർ ഒരു കാര്യം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സുവ്യക്തമായ വ്യാഖ്യാനത്തിന് വിപരീതമാണ് പറയുന്നതെങ്കിൽ അത് അറിയിക്കണമെന്നത് വ്യക്ത

മാണ്. ഈ നല്കപ്പെട്ട വ്യാഖ്യാനം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉദ്ധരണിയുടെ വിശദീകരണമാകാമെന്ന് ഖലീഫ മനസ്സിലാക്കുന്നുവെങ്കിൽ അതായിരിക്കും അംഗീകരിക്കുക. ഇല്ലെങ്കിൽ അദ്ദേഹം അത് തിരുത്തുന്നതായിരിക്കും. എന്തായാലും അയാൾ ഇങ്ങനെ പറഞ്ഞു, ഹദ്റത്ത് മസീഹ് ഇങ്ങനെ പറഞ്ഞു, എന്തുകൊണ്ട് ഈ വൈരുദ്ധ്യമുണ്ടായി എന്ന് മനസ്സിലാക്കുന്നത് തെറ്റായ കാര്യങ്ങളാണ്. വൈരുദ്ധ്യമൊന്നുമുണ്ടാകുകയില്ല. തീർച്ചയായും ചില സന്ദർഭങ്ങളിൽ അറിവല്ലായ്മ ഉണ്ടാകും.

ചന്ദ്ര സൂര്യ ഗ്രഹണ സംഭവങ്ങളെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: “ഇത് വളരെ പ്രസിദ്ധമായ സംഭവമാണ്. എതിരാളിയായ ഒരു മൗലവി-അദ്ദേഹം ഗുജ്റാത്ത് വാസിയാണെന്നാണ് തോന്നുന്നത് - മിർസാ സാഹിബിന്റെ വാദത്തിൽ വഞ്ചിതരാകരുതെന്ന് എപ്പോഴും പറയുമായിരുന്നു. മഹ്ദിയുടെ അലാമത്തായി ഹദീഥുകളിൽ എഴുതിയിരിക്കുന്നത് അക്കാലത്ത് സൂര്യനും ചന്ദ്രനും റമളാൻ മാസത്തിൽ ഗ്രഹണമുണ്ടാകുമെന്നാണ്. ഈ പ്രവചനം പുലരാത്തിടത്തോളം, സൂര്യനും ചന്ദ്രനും റമളാനിൽ ഗ്രഹണമുണ്ടാകാത്തിടത്തോളം അദ്ദേഹത്തിന്റെ വാദം ശരിയാണെന്ന് ഒരിക്കലും മനസ്സിലാക്കാൻ പറ്റുകയില്ല. അവിചാരിതമായി മൗലവിയുടെ ജീവിതകാലത്തുതന്നെ സൂര്യചന്ദ്ര ഗ്രഹണ പ്രവചനം പുലർന്നു. ആ മൗലവിയുടെ അയൽപക്കത്ത് ഒരു അഹ്മദി താമസിക്കുന്നുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: സൂര്യന് ഗ്രഹണമുണ്ടായപ്പോൾ ആ മൗലവി പരിഭ്രമിച്ചുകൊണ്ട് തന്റെ വീടിന്റെ ടെറസിൽക്കയറി ഉലാത്താൻ തുടങ്ങി. അദ്ദേഹം ഉലാത്തുകയും ‘ഇനി ജനങ്ങൾ വഴിപിഴച്ചുപോകും, ഇനി ജനങ്ങൾ വഴിപിഴച്ചുപോകും’എന്ന് പറയുകയും ചെയ്യുന്നുണ്ടായിരുന്നു. പ്രവചനം പുലർന്ന സ്ഥിതിക്ക് ജനങ്ങൾ മിർസാ സാഹിബിനെ വിശ്വസിച്ച് സന്മാർഗത്തിലാകുമെന്നും വഴിപിഴച്ചുപോകുകയില്ലെന്നും അയാൾ മനസ്സിലാക്കിയില്ല. അവിടന്ന് പറയുന്നു: ഈ അടയാളങ്ങൾ പുലർന്നുവെന്ന് ക്രിസ്ത്യാനികളും ഒരു ഭാഗത്ത് അംഗീകരിച്ചിരുന്നു. അത് മുൻഗ്രന്ഥങ്ങളിൽ കാണുന്ന പ്രവചനമാണ്. എന്നാൽ, മറുഭാഗത്ത് നബി(സ)തിരുമേനിയുടെ വാദം കേട്ട്, ഇക്കാലത്ത് അവിചാരിതമായ നിലയിൽ ഒരു കള്ളൻ വാദിച്ചിരിക്കുന്നു; മുസ്‌ലീംകൾ അടയാളങ്ങൾ പുലർന്നുവെന്ന് പറയുന്നതുപോലെ. എന്നാൽ, യാദൃച്ഛികമായ കാര്യം ആ സമയത്ത് ഒരു കള്ളൻ വാദിച്ചുവെന്നതാണ്. എന്നാൽ, അത്തരം യാദൃച്ഛികത ഒരു കള്ളവാദിക്കാണ് ലഭിക്കുന്നത്, സത്യവാദിക്ക് ലഭിക്കുന്നില്ല എന്നതാണ് അത്ഭുതകരമായ കാര്യം!! കള്ളവാദിക്കുവേണ്ടി ദൈവിക പിന്തുണ വെളിപ്പെടുന്നു. സത്യവാദിക്കുവേണ്ടി ഇക്കാലത്ത് ഒന്നുമുണ്ടാകുന്നില്ല!

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മാപ്പു കൊടുക്കലിനേയും പൊറുക്കലിനേയും സ്മരിച്ചുകൊണ്ട് ഒരിടത്ത് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു: ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കുറച്ചു എതിരാളികൾ പിടിക്കപ്പെട്ടു. മിർസാ സാഹിബിൽ നിന്ന് ശിപാർശ ഉണ്ടാകുകയില്ലെന്ന് സമ്മതിക്കുകയാണെങ്കിൽ താൻ കേസ് എടുക്കാമെന്ന് മജിസ്ട്രേട്ട് പറഞ്ഞു; കാരണം അവസാനം അദ്ദേഹം മാപ്പുകൊടുത്താൽ അനാവശ്യമായി അവരെ അറസ്റ്റു ചെയ്യേണ്ട ആവശ്യമെനിക്കെന്താണ്? എന്നാൽ, മറ്റുള്ള സ്നേഹിതന്മാർ പറഞ്ഞു: ‘അങ്ങനെയല്ല. ഇപ്പോൾ അവർക്ക് തീർച്ചയായും ശിക്ഷ കിട്ടേണ്ടതാണ്.’ തങ്ങൾക്ക് തീർച്ചയായും ശിക്ഷകിട്ടുമെന്ന് കുറ്റവാളികൾ മനസ്സിലാക്കിയപ്പോൾ അവർ ഹദ്റത്ത് സാഹിബിന്റെ അടുത്തു വന്ന് മാപ്പു ചോദിച്ചു. ഹദ്റത്ത് സാഹിബ് ജോലിക്കാരെ വിളിച്ചിട്ട് അവർക്ക് മാപ്പു കൊടുക്കാൻ പറഞ്ഞു. തങ്ങൾ മജിസ്ട്രേട്ടിന് ഒരു തരത്തിലുള്ള ശിപാർശയും അങ്ങു ചെയ്യുകയില്ലെന്ന് വാക്ക് കൊടുത്തിരിക്കുന്നു എന്ന് അവർ പറഞ്ഞപ്പോൾ, ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: അവർ മാപ്പു ചോദിക്കുമ്പോൾ നാം എന്താണ് ചെയ്യുക? മജിസ്ട്രേട്ടു പറഞ്ഞു: നോക്കൂ! ഞാൻ ആദ്യമേ ഇതു പറഞ്ഞതല്ലേ? മിർസാ സാഹിബ് മാപ്പുകൊടുക്കുകതന്നെ ചെയ്തു.’ ഈ സംഭവം കേട്ട് നമ്മൾ ആസ്വദിച്ചാൽ മാത്രം പോര. പ്രത്യുത നമ്മളിൽ നടപ്പിൽ വരുത്തുകയും വേണം. മാപ്പുകൊടുക്കുന്നതിലേക്കും പൊറുക്കുന്നതിലേക്കും നല്ല വണ്ണം ശ്രദ്ധയുണ്ടാകേണ്ട ആവശ്യമുണ്ട്.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: ഓരോ വ്യക്തിക്കും തന്റെ മതത്തിലെ നല്ല ഗുണങ്ങൾ പറയാൻ പറ്റുംവിധമുള്ള സമ്മേളനങ്ങൾ സംഘടിപ്പിക്കണമെന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ എതിരാളികളോട് പറയുകയുണ്ടായി. താൻ ദൈവനിയുക്തനാണ്, അതുകൊണ്ട് മറ്റുള്ളവർ അവരവരുടെ പ്രബോധനപ്രവർത്തനങ്ങളെല്ലാം നിറുത്തിക്കൊള്ളണമെന്ന് അവിടന്ന് പറഞ്ഞില്ല. അവിടന്ന് അങ്ങനെ ചെയ്തതുമില്ല. കാരണം തനിക്ക് പ്രബോധനം ചെയ്യാനുള്ള അവകാശമുള്ളതുപോലെ മറ്റുള്ളവർക്കുമുണ്ടെന്ന് അദ്ദേഹത്തിന് അറിയാമായിരുന്നു. അതുകൊണ്ട് താൻ തന്റെ കാര്യം അവതരിപ്പിക്കാമെന്നും നിങ്ങൾ നിങ്ങളുടെ കാര്യം അവതരിപ്പിക്കുകയെന്നും ഈ രീതി അവലംബിക്കാത്തിടത്തോളം സമാധാനമുണ്ടാകുകയില്ലെന്നും സത്യം വ്യാപിക്കുകയില്ലെന്നും അവിടന്ന് പറഞ്ഞു. താൻ സത്യത്തിലല്ലെന്ന് മനസ്സിലാക്കുന്നവനാരാണ് ലോകത്തുള്ളത്? പക്ഷേ, ചിന്താഗതികളിൽ അഭിപ്രായവ്യത്യാസമുണ്ടാകുമ്പോൾ അതു പ്രകടിപ്പിക്കാനുള്ള വേദി നല്കേണ്ടത് നിർബന്ധമാണ്. ഇക്കാര്യം പാകിസ്താൻ സർക്കാരും അല്ലെങ്കിൽ അറബ് ലോകവും മനസ്സിലാക്കിയിരുന്നെങ്കിൽ പ്രബോധനത്തിനുള്ള വിശാലമായ വഴികൾ തുറക്കുകയും

ആരാണ് സത്യത്തിലെന്നും ആരാണ് തെറ്റിലെന്നും അവർക്കുതന്നെയും മനസ്സിലാകുകയും ചെയ്യുമായിരുന്നു.

രാജ്ഞിയെ തബ്‌ലീഗ് ചെയ്തതിനെ സംബന്ധിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)പറയുന്നു: മുൻകാലങ്ങളിൽ ഏതെങ്കിലും രാജാവിനെ തബ്‌ലീഗ് ചെയ്യാൻ ആർക്കാണ് ധൈര്യമുണ്ടായിരുന്നത്. അത് വളരെവലിയ മര്യാദകേടും നിന്ദയുമായി മനസ്സിലാക്കപ്പെട്ടിരുന്നു. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ) ഭാരതത്തിലെ ഖയ്സർ രാജ്ഞിക്ക് ഒരു കത്തെഴുതി. അതിൽ അവരെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. പറഞ്ഞു: 'ഇതിനെ സ്വീകരിക്കുകയാണെങ്കിൽ നിങ്ങൾക്ക് ഗുണമായിരിക്കും.' ഇതു കേട്ടുകൊണ്ട് എന്തെങ്കിലും തരത്തിലുള്ള വെറുപ്പ് പ്രകടിപ്പിക്കുന്നതിനു പകരം ആ കത്തിന് ഇങ്ങനെ നന്ദി പ്രകടിപ്പിച്ചുകൊണ്ട് അവർ എഴുതി: 'നമുക്ക് താങ്കളുടെ കത്ത് ലഭിച്ചു. അതു വായിച്ചപ്പോൾ സന്തോഷമുണ്ടായി.' ഇന്ന് ജമാഅത്തിന്നെതിൽ ബ്രിട്ടീഷുകാരുടെ ഏജന്റാണ് ജമാഅത്തെന്ന് ആക്ഷേപം ഉന്നയിക്കുന്നവർക്ക് ഇത്തരം നേതാക്കളോട് ഇസ്‌ലാമിനെ പ്രബോധിക്കാൻ ഇന്നേവരെ ഭാഗ്യം ലഭിച്ചിട്ടില്ല.

ഒരു തുർക്കി അമ്പാസിഡർ ഒരിക്കൽ ഖാദിയാനിൽ വന്നു. അയാളെക്കുറിച്ച് വിശദീകരിച്ചുകൊണ്ടു പറയുന്നു: ഇന്നേക്ക് ഒരുപാട് വർഷങ്ങൾക്കുമുമ്പേ അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകരുടെ കാലഘട്ടത്തിൽ ഒരു തുർക്കി അമ്പാസിഡർ ഇവിടെ വന്നു. തുർക്കി സർക്കാറിനെ പ്രബലപ്പെടുത്തുന്നതിനു വേണ്ടി അയാൾ മുസ്‌ലീംകളിൽനിന്ന് ഒരുപാട് പണം പിരിച്ചു. അയാൾ അഹ്മദിയ്യാ ജമാഅത്തിനെക്കുറിച്ച് കേട്ടപ്പോൾ ഖാദിയാനിൽ വന്നു. ഹുസൈൻ കാമി എന്നായിരുന്നു അയാളുടെ പേര്. ഹദ്റത്ത് മസീഹ് മൗഊദു (അ) മായി അയാൾ സംസാരിച്ചു. തനിക്ക് ഇവിടെനിന്ന് കൂടുതൽ പണം കിട്ടുമെന്നാണ് അയാൾ കരുതിയത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരു അതിഥി എന്ന നിലയിൽ അദ്ദേഹത്തെ ആദരിച്ചു. പിന്നീട് മതപരമായ ചർച്ചയും നടന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തിനെ കുറച്ചു ഉപദേശിക്കുകയും ചെയ്തു: നിങ്ങൾ സർക്കാരിൽനിന്ന് വലിയ ശമ്പളം പറ്റിക്കൊണ്ട് അവരെ വഞ്ചിക്കുകയാണ്. നിങ്ങൾ തഖ്‌വയോടും പരിശുദ്ധിയോടും കൂടി പ്രവർത്തിച്ച് ഇസ്‌ലാമിക ഭരണത്തെ ശക്തിപ്പെടുത്തേണ്ടതാണ്. അങ്ങനെ അയാൾ വളരെ ദ്വേഷത്തിൽ അവിടെനിന്ന് പോയി. ഇയാൾ ഇസ്‌ലാമിക ഭരണത്തെ നിന്ദിക്കുന്നുവെന്ന് അയാൾ പറഞ്ഞുനടക്കാനും തുടങ്ങി. ആ അവസരത്തിലും തുർക്കി ഭരണകൂടം മക്കയുടേയും മദീനയുടേയും സംരക്ഷകരാണെന്നും അതിനെയാണ് മസീഹ് മൗഊദ് (അ) നിന്ദിച്ചിരിക്കുന്നത് എന്നും പറഞ്ഞ് മൗലവിമാർ ബഹളമുണ്ടാക്കി. ഈ ബഹളം കൂടിയപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ് (അ) അതിന് മറുപടി നല്കിക്കൊണ്ടെഴുതി: മക്കയേയും മദീനയേയും സംരക്ഷിക്കുന്നത് തുർക്കി ഭരണകൂടമാണെന്ന് നിങ്ങൾ പറയുന്നു. എന്നാൽ, മക്കയേയും മദീനയേയും രക്ഷിക്കാൻ തുർക്കി സർക്കാരിന് എന്തു കഴിവാണുള്ളത്. മക്കയും മദീനയും സ്വയം തുർക്കിയെ സംരക്ഷിക്കുന്നുവെന്നാണ് ഞാൻ മനസ്സിലാക്കുന്നത്.


ഏതൊരു വ്യക്തിയുടെ മനസ്സിലാണോ മക്കയേയും മദീനയേയും സംബന്ധിച്ച് ഇത്രമാത്രം ആത്മീയ രോഷമുള്ളത് അയാളെ സംബന്ധിച്ച് കഅ്ബദേവാലയത്തിന്റെ ഓരോ ഇഷ്ടികയും പൊളിച്ചെറിഞ്ഞാൽ താൻ സന്തോഷിക്കുമെന്ന് പറയുന്നവനാണെന്ന് എങ്ങനെയാണ് പറയാൻ കഴിയുക? യഥാർഥമായ നിലയിൽ മക്കയേയും മദീനയേയും ഏതെങ്കിലും ഭരണകൂടം സംരക്ഷിക്കുന്നുവെന്ന് പറയുന്നതുപോലും നമുക്ക് സഹിക്കാൻ പറ്റുകയില്ല. അർശിൽനിന്ന് അല്ലാഹു നേരിട്ട് മക്കയേയും മദീനയേയും സംരക്ഷിക്കുന്നുവെന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. ഒരു മനുഷ്യനും അതിലേക്ക് ദൃഷ്ടി ഉയർത്തിനോക്കാൻപോലും സാധിക്കുകയില്ല. അതേ, ബാഹ്യമായ നിലയിൽ ഏതെങ്കിലും ശത്രു ആ പരിശുദ്ധ സ്ഥലങ്ങൾക്കുമേൽ ആക്രമണം നടത്താനിടയാകുകയാണെങ്കിൽ ആ സമയത്ത് മാനുഷികമായ കരങ്ങളേയും സംരക്ഷണത്തിനായി മുന്നോട്ടു കൊണ്ടുവരാം. എന്നാൽ, അത്തരം ഒരു അവസ്ഥ വന്നാൽ (അല്ലാഹു അങ്ങനെ വരുത്താതിരിക്കട്ടെ) ആ നേരത്ത് സംരക്ഷണത്തെ സംബന്ധിച്ച് അല്ലാഹു മനുഷ്യന്റെമേൽ ഏല്പിച്ചിട്ടുള്ള ഉത്തരവാദിത്വം അഹ്മദിയ്യാ ജമാഅത്ത് എല്ലാവരെക്കാളുമുപരി എങ്ങനെയാണ് ത്യാഗങ്ങൾ ചെയ്യുന്നതെന്ന് ജനങ്ങൾക്ക് മനസ്സിലാകും. ഞങ്ങൾ ഈ സ്ഥലങ്ങളെ പരിപവിത്രമായ സ്ഥലങ്ങളായി മനസ്സിലാക്കുന്നു. ഞങ്ങൾ ഈ സ്ഥലങ്ങളെ അല്ലാഹുവിന്റെ പ്രതാപം വെളിപ്പെട്ട സ്ഥലമായി മനസ്സിലാക്കുന്നു. ഞങ്ങൾ ഞങ്ങളുടെ ഏറ്റവും പ്രിയപ്പെട്ട വസ്തുക്കളെ ഈ സ്ഥലങ്ങളുടെ സംരക്ഷണത്തിനായി ബലിയർപ്പിക്കുന്നത് ഇരുലോകത്തേയും ഭാഗ്യമായി മനസ്സിലാക്കുന്നു. ദുഷ്ടലാക്കോടെ ആരെങ്കിലും മക്കയിലേക്ക് ഒരു പ്രാവശ്യം നോക്കിയാൽ അല്ലാഹു അവനെ അന്ധനാക്കുമെന്ന് ഞങ്ങൾ ദൃഢമായും വിശ്വസിക്കുന്നു. അല്ലാഹു എപ്പോഴെങ്കിലും ഈ ജോലി മനുഷ്യനെക്കൊണ്ടു ചെയ്യിക്കുകയാണെങ്കിൽ ആരുടെയെങ്കിലും കൈ ആ ദുഷ്ട കണ്ണിനെ പൊട്ടിക്കാൻ ഉയരുകയാണെങ്കിൽ നമ്മുടെ കൈ ആയിരിക്കും അല്ലാഹുവിന്റെ അനുഗ്രഹത്താൽ മുമ്പിൽ ഉണ്ടായിരിക്കുക. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഇന്നും ഓരോ അഹ്മദിയുടേയും മനസ്സിൽ പരിശുദ്ധ സ്ഥലങ്ങളെക്കുറിച്ച് ഇതേ വികാരമാണുള്ളത്. ഇൻശാഅല്ലാഹ്, ഇത് എന്നും നിലനില്ക്കുകയും ചെയ്യും.

**വിവ. മുഹമ്മദ് ഇസ്മായിൽ**
**ആലപ്പുഴ**

# അവസാന കാലത്തെ പരിഷ്കർത്താവ്

ലോകം ആഗോളഗ്രാമമായി തീർന്ന ഈ അവസാന കാലത്ത് വരുന്ന പരിഷ്കർത്താവ് താന്താങ്ങളുടെ രീതിയിലുള്ള വാഗ്ദത്ത മതപുരുഷനായിരിക്കും എന്ന സങ്കൽപ്പം പ്രത്യക്ഷത്തിൽ ഉയർത്തുന്ന വൈരുദ്ധ്യവും പ്രശ്നങ്ങളും ലേഖനത്തിൽ വിശദീകരിക്കുന്നു.

**ഹദ്റത്ത് മിർസാ താഹിർ അഹ്മദ് (റഹ്)**



മുസ്‌ലിംകളുടെ കാര്യമാകട്ടെ ഈ പൊതുനിയമത്തിൽ നിന്ന് വിചിത്രമായ രീതിയിൽ അൽപം വ്യത്യാസം കാണുന്നു. പക്ഷേ, സൂക്ഷ്മമായി നോക്കുമ്പോൾ പ്രായോഗികമായി മറ്റു മതസ്ഥരുടെ ഇത്തരം വിശ്വാസങ്ങളുമായി അതിന്റെ ക്രമത്തിലൊഴികെ യാതൊരു വ്യത്യാസവുമില്ലെന്ന് തിരിച്ചറിയാം. മുസ്‌ലിംകളുടെ അവകാശവാദം ആരംഭിക്കുന്നത് മുഹമ്മദ്നബി(സ) എല്ലാ പ്രവാചകൻമാരിലും അവസാനത്തെ പ്രവാചകനാണെന്നും അദ്ദേഹത്തിന്റെ സമാപ്തി കേവലമാണെന്നും അതായത് ഇനിയൊരു പ്രവാചകൻ വരാൻ കഴിയാത്ത വിധം പ്രവാചകത്വം അവസാനിച്ചുവെന്നും അവർ പറയുന്നു. *'ഖത്മെനുബുവ്വത്ത്'* പ്രവാചകത്വ പരിസമാപ്തി എന്ന സംജ്ഞ മുഖ്യധാരയിലുള്ള എല്ലാ മുസ്‌ലിം കക്ഷികളും ഐക്യകണ്ഠമായി ഈ അർഥത്തിലാണ് മനസ്സിലാക്കിയിട്ടുള്ളത്. ഇങ്ങനെയാണെങ്കിൽ പോലും ദൈവത്തിന്റെ പഴയ പ്രവാചകനായ യേശു(അ)വിന്റെ ഇറക്കം അവർ പ്രതീക്ഷിക്കുന്നു. അദ്ദേഹത്തിന്റെ വരവ് മുഹമ്മദ് നബി (സ) യുടെ അന്ത്യത്വത്തെ ലംഘിക്കലല്ലേ? സുപ്രധാനമായ ഈ ചോദ്യത്തിന് അവർ ഉത്തരം പറയേണ്ടതുണ്ട്. ഈ പ്രകടമായ വൈരുദ്ധ്യത്തോട് പ്രതികരിച്ചുകൊണ്ട് അവർ പറയുന്നത്, ഒരു പുതിയ പ്രവാചകൻ സൃഷ്ടിക്കപ്പെട്ടുകൂടാ എങ്കിലും പുതിയ ആവശ്യങ്ങൾ നിറവേറ്റാൻ പഴയ പ്രവാചകന് തിരിച്ചു വരാവുന്നതാണെന്നാണ്. ഈ തന്ത്രത്തിലൂടെ പ്രവാചകത്വത്തിന്റെ (നുബുവ്വത്തിന്റെ) വാതിൽ അടച്ചു പൂട്ടി ബന്ധിക്കുന്നതിൽ വിജയിച്ചുവെന്നാണ് അവർ ധരിക്കുന്നത്. അതേ സമയം തന്ത്രപരമായി യേശുവിനെ പിൻവാതിലിലൂടെ അകത്തേക്ക് പ്രവേശിപ്പിക്കുകയും ചെയ്യുന്നു. സമകാലീനമുസ്‌ലിംകൾ അവർ സുന്നികളോ ശിയാക്കളോ ആകട്ടെ മുഹമ്മദ് നബി(സ)യുടെ പ്രവാചകത്വ പരിസമാപ്തിയെ ക്കുറിച്ച് ഒരേ അഭിപ്രായം തന്നെയാണ് വെച്ച് പുലർത്തുന്നത്. ദൈവത്തിന്റെ ഒരു പ്രവാചകൻ എന്ന നിലക്ക് യേശു (അ) വിന്റെ രണ്ടാം വരവിൽ അവർ വിശ്വസിക്കുന്നു. അതേസമയം മുഹമ്മദ് നബി(സ)യുടെ കേവല പരിസമാപ്തിയിലും അവർ വിശ്വസിക്കുന്നു.

ആഭ്യന്തര വൈരുദ്ധ്യത്തിന്റെ പ്രശ്നം ഏറ്റവും പ്രകടമായി വരുന്നത് അൽഇമാം അൽ മഹ്ദിയുടെ പ്രവചിതമായ ആഗമനവുമായി ബന്ധപ്പെട്ടുകൊണ്ടാണ്. ഇമാം എന്ന നിലക്ക് അദ്ദേഹം ദൈവത്തിൽ നിന്ന് നേരിട്ട് നിയമിതനാവുന്ന ആളാണ്. ആയതിനാൽ എല്ലാ മുസ്‌ലിംകളും അദ്ദേഹത്തിൽ വിശ്വസിക്കാൻ ബാദ്ധ്യസ്ഥരുമാണ്. അദ്ദേഹത്തിന്റെ ഈ സ്ഥാനത്തെ പറ്റി പിന്നീട് വിശദീകരിക്കാം. ഇമാം അൽ മഹ്ദിയുടെ സ്ഥാനത്തെ പറ്റി ഊന്നിപ്പറയാൻ വേണ്ടി മാത്രം ഇവിടെ അൽപം വിശദീകരിക്കാം. പ്രവാചകൻ എന്ന സ്ഥാനപേരില്ലെങ്കിലും ഒരു പ്രവാചകന്റെ എല്ലാ പ്രവൃത്തികളും അദ്ദേഹം നിർവഹിക്കുന്നു. അതിനെപറ്റി പറയുമ്പോൾ യേശു (അ)വിന്റെ രണ്ടാം വരവിലേക്കും ഈ രണ്ടാം വരവ് സംഭവിക്കുന്ന രൂപത്തിലേക്കും നാം ഇപ്പോൾ തിരിച്ചു വരേണ്ടതുണ്ട്. യേശുവിന്റെ രണ്ടാം വരവിൽ മുഖ്യധാരാ മുസ്‌ലിംകളിൽ നിന്ന് അഹ്മദികൾ വ്യത്യസ്തരായിരിക്കുന്നത് അദ്ദേഹത്തിന്റെ പുനരാഗമനം ഏത് രൂപ

ത്തിലാണ് സംഭവിക്കുക എന്ന വിഷയത്തിലാണ്. ചോദ്യമിതാണ്. അദ്ദേഹത്തിന്റെ രൂപം അക്ഷരാർഥത്തിലുള്ളതോ അതല്ല ആലങ്കാരികമോ? യേശുവിന്റെ രണ്ടാം വരവിൽ അതേ യേശു തന്നെയാണോ വരിക, അതോ പഴയ യേശുവിന്റെ സാദൃശ്യത്തിലുള്ള മറ്റൊരാളോ? അദ്ദേഹം മുസ്‌ലിമായി മാറിയ ക്രൈസ്തവ പ്രവാചകനായി പ്രത്യക്ഷപ്പെടുമോ? അതല്ല മുസ്‌ലിം പ്രവാചകനായി അവതരിച്ച് ക്രിസ്തു(അ)വിന്റെ അദ്ദേഹത്തിന് മറ്റുള്ള മതങ്ങളുമായുള്ള ബന്ധം ഏത് തരത്തിലുള്ളതായിരിക്കും? ഇതൊക്കെയാണ് അഭിമുഖീകരിക്കേണ്ട നിർണായകമായ ചോദ്യങ്ങൾ.

ഈ വിഷയത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ നിലപാട് അസാധാരണമാം വിധം യുക്തി ഭദ്രമാണ്. അവസാനകാലം ആഗതനാവുന്ന ഒരു ആത്മീയ പരിഷ്കർത്താവിനെക്കുറിച്ച് എല്ലാ മതങ്ങളുടേയും അവകാശവാദം തത്ത്വത്തിൽ അഹ്മദിയ്യാ ജമാഅത്ത് അംഗീകരിക്കുന്നു. ഹിന്ദുക്കൾ കൃഷ്ണന്റെ(അ) രണ്ടാം അവതാരത്തെപ്പറ്റി പറയുമ്പോൾ അവരുടെ അവകാശവാദം ക്രിസ്ത്യാനികൾ ക്രിസ്തുവിന്റെ രണ്ടാം വരവിനെക്കുറിച്ച് പറയുന്നത്പോലെ അംഗീകരിക്കേണ്ടതുണ്ട്. സൊറോസ്ട്രിയൻ മതക്കാർ സൊറോസ്റ്ററുടെ രണ്ടാം വരവിനെക്കുറിച്ച് പറയുന്നു. അതുപോലെ ബുദ്ധമതക്കാരും കൺഫ്യൂഷൻ മതക്കാരും ബുദ്ധന്റേയും കൺഫ്യൂഷ്യസിന്റേയും വാഗ്ദത്ത രക്ഷകന്റെ പുനരവതാരത്തെ ക്കുറിച്ചും പറയുന്നു. ഇവയെല്ലാം തുല്യ രീതിയിൽ പരിഗണിക്കേണ്ടതുണ്ട്. എന്നാൽ, അത്തരത്തിൽ പ്രത്യക്ഷത്തിൽ വൈരുദ്ധ്യമായി തോന്നുന്നതും വൈവിധ്യപൂർണവുമായ അവകാശവാദങ്ങളുടെ സത്യങ്ങൾ അംഗീകരിക്കുക എന്നത് അതിന്റെ ആലങ്കാരികമായ അർഥത്തിൽ വായിച്ചാലല്ലാതെ അക്ഷരാർഥത്തിൽ സാധ്യമല്ല. ഇതിൽ നിന്ന് ലഭിക്കുന്ന യുക്തിപരമായ ഒരേയൊരു നിഗമനം എല്ലാ മതസ്ഥരിലും വരാനിരിക്കുന്ന വാഗ്ദത്ത പരിഷ്കർത്താവ് എല്ലാവരുടേയും പ്രവചനം സാക്ഷാത്ക്കരിക്കുന്ന ഒരാളായിരിക്കും എന്നതാണ്. അല്ലാത്തപക്ഷം എല്ലാ പ്രവചനങ്ങളുടേയും അക്ഷരാർഥത്തിലുള്ള സാക്ഷാത്ക്കാരം അസാധ്യമാണ്. കാരണം അതിലെല്ലാം തന്നെ പ്രകൃത്യാതീതമായ ഘടകങ്ങളുടെ മിശ്രണം കാണാവുന്നതാണ്. ഇതു തന്നെയാണ്മുമ്പിൽ വെച്ച നിർവിവാദപരമായ യുക്തി. നിരവധി പരിഷ്കർത്താക്കളുടെ ഒരേ സമയത്തുള്ള ആഗമനം തികച്ചും ആലങ്കാരികം മാത്രമാണ്. അക്ഷരാർഥത്തിലല്ല. കൃത്യമായും ഈ അർഥത്തിൽ മാത്രമാണ് യേശു(അ)വിന്റെ രണ്ടാം വരവും മഹ്ദിയുടെ വരവും ഒരു വ്യക്തിയിൽ സംഭവിക്കുന്നത്. അതുപോലെ ബുദ്ധൻ(അ), കൃഷ്ണൻ(അ) മുതൽ ലോകത്തെല്ലായിടത്തും പ്രതീക്ഷിച്ചിരിക്കുന്ന വാഗ്ദത്ത മതപുരുഷൻമാരെല്ലാം ഒരാളായിക്കൊണ്ടുതന്നെയാണ് അവതരിക്കുക.

ഈ വാദം മറ്റുള്ളവരിൽ സൃഷ്ടിച്ച പ്രതികരണം തൽക്കാലം നമുക്ക് വിടാം. അത് ഇസ്‌ലാമിലെ യാഥാസ്ഥികത്വത്തിൽ ഉണ്ടാക്കിയ കോലാഹലങ്ങളെ പറ്റി നമുക്കൊന്ന് പര്യാലോചിക്കാം. ബുദ്ധൻ(അ), കൃഷ്ണൻ (അ) അല്ലെങ്കിൽ മറ്റുള്ളവരുടെ പുനരവതാര വിഷയം അവർക്കൊരു പ്രശ്നമേ ആയിരുന്നില്ല. പക്ഷേ, ഇസ്രായേൽ പ്രവാചകനായ യേശു (അ)വിന്റെ കാര്യം അവർക്ക് അഗാധ സ്പർശിയായ ഒരു വിഷയമായിരുന്നു. യേശു(അ)വിന്റെ പുനരവതാരം എന്ന് ആരെങ്കിലും വാദിച്ചാൽ അത് അവർക്ക് ദഹിക്കാൻ വളരെ പ്രയാസമാണ്. അവരുടെ സ്വപ്നത്തിലുള്ള ഈസാ അഥവാ യേശു(അ) ശാരീരികമായി മരിച്ചുവെന്ന് പറഞ്ഞാൽ അത് തീർച്ചയായും അവരെ സംബന്ധിച്ചിടത്തോളം ഘോരമായൊരു പാതകമാണ്. മുസ്‌ലിംകൾക്ക് ഇടയിൽ യേശുവിന് സദൃശനായി മറ്റൊരാളുടെ ജനനം എന്നത് അവർക്ക് മനം പുരട്ടലുളവാക്കുന്ന ഒരു ചതുർഥിയാണ്.

ഒരു കാര്യം ഓർക്കേണ്ടതുണ്ട്. ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ) മേൽ പറഞ്ഞ വാദം പ്രഖ്യാപിക്കുന്നതിന് മുമ്പേ അദ്ദേഹത്തിന്റെ പ്രശസ്തി താൻ രചിച്ച *'ബറാഹീനെ അഹ്മദിയ്യാ'* എന്ന ഗ്രന്ഥത്തിന്റെ പ്രസിദ്ധീകരണത്തോടെ ബ്രിട്ടീഷിന്ത്യയിൽ മുഴുക്കെ പ്രചരിക്കുകയുണ്ടായി. ഈ ഗ്രന്ഥത്തിന്റെ രചയിതാവിനോട് ആദരവ് പ്രകടിപ്പിച്ചു കൊണ്ട് അഹ്‌ലെ ഹദീസ് വിഭാഗത്തിന്റെ പ്രഗല്ഭ പണ്ഡിതനായിരുന്ന മുഹമ്മദ് ഹുസൈൻ ബട്ടാലവി പ്രസ്തുത ഗ്രന്ഥകർത്താവിനെ റസൂൽ തിരുമേനി(സ)യുടെ വിയോഗത്തിനു ശേഷമുണ്ടായ ഇസ്‌ലാമിന്റെ ഏറ്റവും വലിയ പോരാളി എന്ന് വിശേഷിപ്പിക്കുകയുണ്ടായി. വർധിച്ച ഈ പ്രശസ്തിയുടെ നടുവിൽ നിൽക്കുമ്പോൾ ഹദ്റത്ത് മിർസാഗുലാം അഹ്മദ് (അ) ഇസ്രായേൽ പ്രവാചകനായ യേശു(അ) ആകാശത്ത് ഇന്നും ജീവിച്ചിരിക്കുന്നു എന്നതിന് പകരം മരിച്ചു പോയി എന്നു പ്രഖ്യാപിക്കുകയുണ്ടായി. സ്ഥിതി നാടകീയമായി മാറുകയായിരുന്നു. അതിശയോക്തിയോടുകൂടി അദ്ദേഹത്തെ വാഴ്ത്തിയ അതേ പണ്ഡിതൻമാരുടെ സമീപനം കൊടിയ നിന്ദയായി മാറി. ഭാവിയിൽ ലോകരക്ഷകനായി വരാനിരിക്കുന്ന കർത്താവായ യേശുവുമായി താരതമ്യം ചെയ്യാൻ ഇയാളാര്? ആകാശവിതാനത്തിൽ ഉന്നതമായി പരിലസിച്ചിരുന്ന അദ്ദേഹത്തിന്റെ അപദാനങ്ങൾ ഒരു രാത്രി കൊണ്ട് ഭൂമിയോളം നിലംപതിക്കുകയുണ്ടായി. യേശുവിന്റെ സാദൃശ്യം ആരെങ്കിലും വാദിച്ചാൽ അയാളെ കൊല്ലുകയും യേശുവിന്റെ ആ പ്രതിരൂപം ആകാശത്തേക്ക് തന്നെ തിരിച്ചു പോകുകയും വേണമായിരുന്നു. മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) ഉയർത്തിവിട്ട

വിവാദ കൊടുങ്കാറ്റും ബഹളവും ഇന്ത്യയുടെ മതചരിത്രത്തിൽ അതിനു മുമ്പേ ആരും ദർശിച്ചിട്ടില്ലാത്തയത്ര വമ്പിച്ചതായിരുന്നു. ആക്ഷേപങ്ങളുടേയും അഭിശംസയുടേയും പ്രക്ഷുബ്ധാവസ്ഥ പൊട്ടിപ്പുറപ്പെട്ടു. മുസ്‌ലിം ഇന്ത്യയുടെ ഉദിച്ചുയർന്ന താരകം, ഇസ്‌ലാമിന്റെ ഏറ്റവും അനുയോജ്യനായ നേതാവ് ഏറ്റവും വേട്ടയാടപ്പെടുന്ന മനുഷ്യനായി തീർന്നിരിക്കുന്നു. ഒരു സാധാരണ മുസ്‌ലിം എന്നുപോലും വിശേഷിപ്പിക്കാൻ യോഗ്യനല്ലാത്ത ഒരാളായിമാറി. ഇതൊന്നുംതന്നെ അദ്ദേഹത്തെ അശേഷം ഭയപ്പെടുത്തിയില്ല. തന്നിൽ സമർപ്പിതമായ ദിവ്യദൗത്യവുമായി മുന്നോട്ടു പോകുന്നതിൽനിന്ന് ഇതൊന്നും അദ്ദേഹത്തെ തടഞ്ഞില്ല.

അദ്ദേഹത്തോട് ശത്രുതാപരമായി പ്രതികരിക്കുന്നതിൽ ക്രിസ്ത്യാനികളും ഒട്ടും പിറകിലായിരുന്നില്ല. അദ്ദേഹത്തേയും അദ്ദേഹത്തിന്റെ ദൗത്യത്തേയും നശിപ്പിക്കാൻ അവർ ഒരവസരവും വെറുതെ കളഞ്ഞില്ല. ബ്രിട്ടീഷ് നിയമകോടതിയിൽ വ്യാജ കൊലപാതക കുറ്റം പോലും അദ്ദേഹത്തിനെതിരെ അവർ ആരോപിച്ചു. അദ്ദേഹം അക്ഷോഭ്യനായി നിലകൊണ്ടു. അൽപംപോലും പതറിയില്ല. അതുകൊണ്ട് മാത്രം തീർന്നില്ല. ബിംബവത്ക്കരിക്കപ്പെടുകയും ദൈവാവതാരമായി ആരാധിക്കപ്പെടുകയും ചെയ്യുന്ന മഹാനായ ഇന്ത്യൻ പ്രവാചകൻ കൃഷ്ണ (അ)ന്റെ അവതാരമാണ് താനെന്ന് അദ്ദേഹം വാദിച്ചു. ഹിന്ദുമത സംഘടനകളിൽ ഏറ്റവും കർക്കശവാദികളും സജീവ പ്രവർത്തകരുമായ ആര്യസമാജികൾ റസൂൽ തിരുമേനി(സ)ക്കും ഇസ്‌ലാമിനുമെതിരെ നടത്തിയ നികൃഷ്ടമായ വിമർശനങ്ങൾക്കെതിരെ അദ്ദേഹം നടത്തിയ പ്രത്യാക്രമണങ്ങൾ ആര്യസമാജികളുടെ ശത്രുതക്ക് അദ്ദേഹത്തെ പാത്രമാക്കി. അദ്ദേഹം ആര്യസമാജ നേതാക്കൻമാരെ ഒരു ആത്മീയ പരീക്ഷക്ക് ക്ഷണിക്കുകയുണ്ടായി. ആ ആത്മീയ പരീക്ഷ സ്വീകരിച്ചവരൊക്കെ അതിന്റെ വിനാശകരമായ ഫലം അനുഭവിച്ചു. ചുരുക്കത്തിൽ അവസാനകാലത്ത് ആഗതനാവുമെന്ന് പ്രവചിച്ച പരിഷ്ക്കർത്താക്കളെ കുറിച്ചുള്ള പ്രവചനങ്ങളെല്ലാം ഒരാളെ പറ്റിയുള്ളതാണെന്ന് അദ്ദേഹം വാദിച്ചു. വിവിധ മതഗ്രന്ഥങ്ങളിലെ വ്യത്യസ്തമായ നാമങ്ങൾക്കും അഭിധാനങ്ങൾക്കും യാതൊരു പ്രസക്തിയുമില്ല. പ്രസക്തമായിട്ടുള്ള സംഗതി പരിഷ്കർത്താവ് ആരായാലും അദ്ദേഹം അവസാനകാലത്ത് ദൈവത്താൽ നിയോഗിക്കപ്പെടുന്ന ഒരു സാർവത്രിക പരിഷ്കർത്താവായിരിക്കും എന്നതാണ്. മുൻവിധിയുടെ തടവുകാരായിട്ടുള്ള അവർക്ക് അദ്ദേഹവും അദ്ദേഹത്തിന്റെ വാദവും നിരർഥകങ്ങളായി തോന്നി. കൊടും പകയോടെ അദ്ദേഹത്തെ നിഷേധിച്ചവരിൽ ഭൂരിഭാഗവും ഇത്തരക്കാരായിരുന്നു. ഇതിന് മുമ്പേ ദൈവത്തിന്റെ സർവ പ്രവാചകൻമാരും തിരസ്ക്കരിക്കപ്പെട്ടത്പോലെ അദ്ദേഹവും തിരസ്ക്കരിക്കപ്പെട്ടു. എന്നാൽ, ദൈവം അവന്റെ സേവകൻമാരെ പിന്തുണക്കുന്നത് പ്രകാരം അദ്ദേഹം ദൈവ ത്താൽ പിന്തുണക്കപ്പെടുകയു ണ്ടായി.

അത്ഭുതകരമായിട്ടുള്ളത് ദൈവത്തിന്റെ എല്ലാ പ്രവാചകൻമാരോടും ദൈവം ഒരേ പോലെയാണ് പെരുമാറിയിരുന്നത് എന്നകാര്യം ജനങ്ങൾ മറന്നുപോകുന്നു എന്നതാണ്. അതുപോലെ പ്രവാചകൻമാരെല്ലാം തന്നെ ദൈവത്തോടുള്ള അവരുടെ സമ്പൂർണ സമർപ്പണത്തിൽ യാതൊരു വ്യത്യാസവും കാണിക്കാത്തവരാണ്. അപ്രകാരം വാഗ്ദാനം ചെയ്യപ്പെട്ട ആഗോള പരിഷ്ക്കർത്താവ് ദൈവത്തിൽ നിന്ന് മാത്രമുള്ളവനായിരിക്കും. അദ്ദേഹം താന്താങ്ങളുടെ വികല വിശ്വാസങ്ങളെ പിന്തുണക്കുന്നയാളായിക്കും എന്ന് പ്രതീക്ഷിക്കുന്ന മതവിഭാഗങ്ങളിൽ നിന്നുള്ളയാളായിരിക്കില്ല. ഇനിമേൽ ദൈവത്തെ പ്രതിനിധാനം ചെയ്യുന്നത് അദ്ദേഹമായിരിക്കും അവരായിരിക്കില്ല. അദ്ദേഹം എല്ലാ അർഥത്തിലും ദൈവത്തിന്റെ യഥാർഥ ദാസൻമാരിൽപ്പെട്ടയാളായിരിക്കും. സ്വയം യജമാനത്വം ചമയുന്നവർ അവന്റെ ദാസൻമാരിൽ പ്പെട്ടവരായിരിക്കില്ല.

ദൈവത്തിന്റെ ഏകത്വവും പ്രവാചകത്വം എന്ന മനുഷ്യരിൽ നിന്നുള്ള സ്ഥാപനവും എല്ലാ മതത്തിന്റേയും രണ്ട് അടിസ്ഥാനങ്ങളാണ്. നാമങ്ങളും സ്ഥാനങ്ങളും വ്യത്യസ്തമായിരിക്കാം, ഉള്ളടക്കം ഒന്നാണ്. എന്നാൽ, വാദിക്കുന്നയാൾ ദൈവത്തിൽ നിന്നുള്ളവനായിരിക്കുമോ എന്നതാണ് പ്രശ്നം. മിർസാ ഗുലാം അഹ്‌മദ്(അ) ഒരിക്കലുംതന്നെ താൻ ഭിന്ന നാമങ്ങളും ഭിന്ന സ്ഥാനങ്ങളുമുള്ള ഭിന്ന വ്യക്തികൾ ഒന്നായി തീർന്ന ഒരാളാണെന്ന് വാദിച്ചിട്ടില്ല. പക്ഷേ, മിക്ക മതപണ്ഡിതൻമാരും വ്യാജമായി അദ്ദേഹത്തെ ജനങ്ങൾക്കിടയിൽ തെറ്റിദ്ധരിപ്പിക്കുകയായിരുന്നു. വാഗ്ദാനം ചെയ്യപ്പെട്ട എല്ലാ പ്രവാചകൻമാരും തന്നിൽ കൂടിചേർന്നിരിക്കുകയാണെന്നാണ് അദ്ദേഹത്തിന്റെ വാദമെന്ന് അറിവില്ലാത്ത സാധാരണ ജനങ്ങളോട് പറഞ്ഞ് മതപുരോഹിതൻമാർ ആളുകളെ അദ്ദേഹത്തിനെതിരെ പരിഹസിക്കാനും നിന്ദിക്കാനും പ്രേരിപ്പിച്ചു. ആളുകൾ ഇത് കേട്ടപ്പോൾ അമ്പരന്നു പോയി. കൃഷ്ണനും, യേശു

> പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ ത്രിത്വത്തിന്റെ പേരിൽ യേശുവിനെ ക്രിസ്ത്യാനികൾക്കിടയിലേക്ക് അവരോഹിതനാക്കിക്കൊണ്ട് ദൈവം എങ്ങനെയാണ് ലോകം മുഴുവൻ കീഴടക്കാനുള്ള ആഹ്വാനം മുഴക്കുക?

വും മഹ്ദിയും ബുദ്ധനുമെല്ലാം എങ്ങനെയാണ് ഒരു വ്യക്തിയായി വരിക. അങ്ങനെ വാദിക്കുന്നയാൾക്ക് ഭ്രാന്തായിരിക്കണം. ചിലർ വിദ്വേഷത്തോടെ ആക്രോശിച്ചു. ദൈവത്തിന്റെ ഏകത്വത്തെ പറ്റി യാതൊരു വിട്ടു വീഴ്ചയുമില്ലാതെ വാദമുയർത്തിയപ്പോൾ ഇസ്‌ലാമിന്റെ വിശുദ്ധ സ്ഥാപകരായ റസൂൽ തിരുമേനി(സ)യോട് ആളുകൾ പെരുമാറിയ രീതിയെ അനുസ്മരിപ്പിക്കുന്നതായിരുന്നു ജനങ്ങളുടെ അദ്ദേഹത്തോടുള്ള പെരുമാറ്റം. വിഗ്രഹാരാധകരായ പുരോഹിത സമൂഹം കരുതിക്കൂട്ടി റസൂൽ തിരുമേനി(സ)യുടെ സന്ദേശം വികലമാക്കുകയായിരുന്നു. അവരുടെ ദൈവങ്ങളെയെല്ലാം വ്യാജപ്പെടുത്തി, അതെല്ലാംകൂടി അല്ലാഹു എന്ന ഒറ്റ ദൈവമാക്കിയിരിക്കുന്നു എന്നായിരുന്നു അവർ ജനങ്ങളെ വിശ്വസിപ്പിച്ചത്.

ഇവൻ ദൈവങ്ങളെയെല്ലാം ചേർത്ത് ഒരു ദൈവമാക്കിയിരിക്കുകയാണോ? ഇത് ആശ്ചര്യകരമായ ഒരു കാര്യം തന്നെ.

ഒരു നിഷ്പക്ഷഗവേഷകന് മിർസാ ഗുലാം അഹ്മദ് (അ) തന്റെ എതിരാളികളുമായി നടത്തിയ വിവാദങ്ങളിലെല്ലാം അദ്ദേഹത്തിന്റെ വിവേകജ്ഞാനം കാണാൻ പ്രയാസമുണ്ടാവില്ല. അദ്ദേഹത്തിന്റെ നിലപാട് എപ്പോഴും യുക്തിജ്ഞാനത്തിന്റെ അടിസ്ഥാനത്തിലുള്ളതായിരുന്നു. എവിടെയെങ്കിലും അത് യുക്തിക്കനുകൂലമല്ലാതിരുന്നെങ്കിൽ അദ്ദേഹത്തിന്റെ വിശ്വാസവും വിവാദങ്ങളും തെറ്റാണെന്ന് എളുപ്പത്തിൽ യുക്ത്യാധിഷ്ഠിതമായിതന്നെ തെളിയിക്കാനാകുമായിരുന്നു. അദ്ദേഹം പറഞ്ഞത് തെറ്റായിരുന്നുവെങ്കിൽ വ്യത്യസ്ത നാമവും സ്ഥാനവും, തത്ത്വശാസ്ത്രവുമായി വ്യത്യസ്തരായ പരിഷ്ക്കർത്താക്കളായിരിക്കും, ഓരോ തവണകളിലും ആവിർഭവിക്കുക. ഇത് പാണ്ടോറയുടെ പെട്ടി തുറന്നത് പോലെ അവകാശവാദങ്ങളുടേയും പ്രതിവാദങ്ങളുടേയും നിരവധി അനർഥങ്ങൾ ഉണ്ടാക്കും. ഒരിക്കൽ ആ പെട്ടി തുറന്നാൽ പിന്നീട് അത് ഒരിക്കലും അടക്കാൻ സാധ്യമല്ല. ഓരോ വാദിയും വാഗ്ദാനം ചെയ്യപ്പെട്ട പരിഷ്ക്കർത്താവിന്റെ യഥാർഥ സാക്ഷാത്ക്കാരം തന്നിലൂടെയാണ് സംഭവിക്കുകയെന്നും, ജനങ്ങളെ തങ്ങളുടെ മോക്ഷത്തിനുള്ള ഒരേയൊരു വഴി എന്ന നിലക്ക് അദ്ദേഹത്തിലേക്ക് ക്ഷണിക്കുന്നതായിരിക്കും. ഓരോ പരിഷ്കർത്താവും പ്രതിയോഗിയായ അപരൻ വെറും തട്ടിപ്പുകാരനാണെന്നും വ്യാജനാണെന്നും പ്രഖ്യാപിക്കും. ഈ രംഗം ഭ്രാന്തമായ ഒരവസ്ഥയാണെന്ന് സ്വയം സാക്ഷ്യം വഹിക്കും. സ്ഥിര ബുദ്ധിയുള്ള ഒരാൾക്കും തന്നെ ദൈവം അവന്റെ സ്വന്തം പേരിൽ സ്വന്തം ആജ്ഞക്കു കീഴിൽ മനുഷ്യവംശത്തെ പരസ്പരം പോരടിക്കുന്ന നൂറുക്കണക്കിനു വിഭാഗീയതയും വിഭാഗങ്ങളും ഉണ്ടാകുമെന്ന് വിശ്വസിക്കാൻ സാധ്യമല്ല.

പിതാവ്, പുത്രൻ, പരിശുദ്ധാത്മാവ് എന്നിങ്ങനെ ത്രിത്വത്തിന്റെ പേരിൽ യേശുവിനെ ക്രിസ്ത്യാനികൾക്കിടയിലേക്ക് അവരോഹിതനാക്കിക്കൊണ്ട് ദൈവം എങ്ങനെയാണ് ലോകം മുഴുവൻ കീഴടക്കാനുള്ള ആഹ്വാനം മുഴക്കുക? അങ്ങനെ ചെയ്യുമ്പോൾ ഇന്ത്യൻ മണ്ണിൽ ദൈവം സ്വയം തന്നെ കൃഷ്ണനായി അവതരിക്കാൻ തിടുക്കം കൂട്ടുന്നതായിരിക്കും. അതായത് ഇന്ത്യൻ ജനതയോട് ദൈവം ഒന്നോ രണ്ടോ മൂന്നോ അല്ലെന്നും മുപ്പത്തിമുക്കോടി അവതാരങ്ങളും വ്യക്തികളുമായിട്ടായിരിക്കും ദൈവം അവതരിക്കുക എന്നായിരിക്കും കൃഷ്ണാവതാരം പറയുക. മരമായും സർപ്പമായും തേളായും ആനയായും കാതടപ്പിക്കുന്ന ഇടി മുഴക്കമായും ആ ദൈവം ആരാധിക്കപ്പെടേണ്ടതുണ്ടെന്ന് ആ ദൈവാവതാരം വിളിച്ചു പറയും. രാത്രിയുടെ നിശബ്ദതയിൽ തെന്നി നീങ്ങുന്ന ചന്ദ്രനായും അവൻ ആരാധിക്കപ്പെടും. സൂര്യനായും ആകാശത്തിലെ അമേയമായ നക്ഷത്രങ്ങളായും അവൻ ആരാധിക്കപ്പെടും. ഭൂമിയിൽ അവൻ വ്യക്തമായും പശുവായും വാനരനായും കരടിയായും കഴുതപ്പുലിയായും നരിയായും കുതിരയായും കഴുതയായും മറ്റ് എണ്ണമറ്റ ജീവിരൂപങ്ങളായും കടലിലേയും കരയിലേയും വായുവിലേയും ജീവികളായും ആരാധിക്കപ്പെടും. അവൻ പ്രേതരൂപമായും മനുഷ്യഭാവനയിലുള്ള മറ്റ് പ്രേതരൂപങ്ങളായും ആരാധിക്കപ്പെടും. എന്റെയരികിലേക്ക് ഓടിവരിക ഞങ്ങളെയെല്ലാം ആരാധിക്കുക എന്ന് അവൻ പ്രഖ്യാപിക്കും. ഓ ഭഗവാൻ കൃഷ്ണാ ഹരേറാം ഹരേറാം ഞങ്ങളെല്ലാവരും അങ്ങയെ ആരാധിക്കുന്നു എന്നീ മന്ത്രോച്ചാരണങ്ങളുടെ ബഹളത്തിൽ ദൈവത്തിന്റെ കൃഷ്ണാവതാരത്തിന്റെ ശബ്ദം മുങ്ങി താഴുമ്പോൾ ബുദ്ധന്റേതായ മറ്റൊരു സ്വരരാഗം ഉയർന്നുവരുന്നതായി കേൾക്കാം. ഭഗവാൻ കൃഷ്ണൻ അവകാശപ്പെടുന്നത് പോലെയുള്ള എല്ലാ ദൈവിക രൂപങ്ങളേയും ബുദ്ധൻ നിഷേധിക്കും. ദൈവത്തിന്റെ അസ്തിത്വത്തെ തന്നെ ബുദ്ധൻ വെറുക്കും. 'ഞാൻ ബുദ്ധനാണ്' അദ്ദേഹം ശബ്ദമുയർത്തി പറയും. 'ദൈവമില്ല. എന്നെ കൂടാതെ ഇവിടെ യാതൊരു ദൈവവുമില്ല. ഞാൻ മനുഷ്യ ജ്ഞാനത്തിന്റെ പൂർത്തീകരണമാണ്. നിങ്ങൾക്ക് ഭൂമിയിൽ അറിയാനുള്ളതെല്ലാം ഈ ജ്ഞാനം മാത്രമാണ്. നമുക്ക് എല്ലാ ദൈവങ്ങളേയും ഒന്നായി നിഷേധിച്ചു കൊണ്ട് മനുഷ്യ മിത്തിന്റെ ഈ ബന്ധനത്തിൽ നിന്ന് മോചിതരാവാം. ഓരോ സഹസ്രാബ്ദത്തിൽ സംഭവിക്കുന്നത് പോലെ ദൈവത്തിൽ നിന്ന് നിങ്ങളെ രക്ഷിക്കാൻ ഞാൻ വീണ്ടും വരും. എന്നെ കൂടാതെ നിങ്ങളെ നേർവഴിയിലേക്ക് നയിക്കാൻ എന്നെ പോലെ മറ്റൊരാളില്ല' സർവ വ്യാപകമായി ചൂഴ്ന്നു നിൽക്കുന്ന നിതാന്ത നിശബ്ദതയിലേക്ക് ബുദ്ധൻ വിലയനം ചെയ്ത് അനന്തശൂന്യതയിലേക്ക് ഉൾവലിയു

മ്പോൾ തൊട്ടടുത്ത അയൽദേശമായ ഇറാനിൽ നിന്ന് ശക്തവും വ്യക്തവുമായ ഒരു ശബ്ദം ഉയർന്നു വരുന്നതായി കേൾക്കാം. ആ ശബ്ദം പ്രകാശത്തിന്റെ ദൈവമായ അഹൂറ മസ്ദയുടേതായിരിക്കും. സൊറോസ്റ്ററുടെ വായിലൂടെയായിരിക്കും അദ്ദേഹം സംസാരിക്കുക. അദ്ദേഹം ഇങ്ങനെ പ്രഖ്യാപിക്കും. മക്കളേ, നിങ്ങൾ ഇപ്പോൾ ഒരു ശബ്ദം കേട്ടിരിക്കും. ആ ശബ്ദം ഇരുട്ടിന്റെ ദൈവമായ അഹ്റ്മാന്റെതായിരിക്കും. അഹ്ർമാനാണു എന്നെ കൂടാതെയുള്ള മറ്റൊരു ദൈവം. അത് അവനായിരിക്കും. കാരണം എന്നെയും അവനെയും കൂടാതെ മറ്റൊരാളില്ല. ഓ ആദമിന്റെ സന്തതികളേ ശ്രദ്ധിച്ചു കേൾക്കുക. ദൈവം ഒന്നോ, മൂന്നോ, നാലോ, അഞ്ചോ അല്ല. ദൈവത്തിന്റെ കൂടുതലായുള്ള എണ്ണത്തിൽ വിശ്വസിക്കുക എന്നത് വിഡ്ഢിത്തമാണ്. ഞങ്ങൾ ഒന്നോ കൂടുതലോ അല്ല. ഞങ്ങൾ വെറും രണ്ടാണ്. ബാക്കിയെല്ലാം മിഥ്യയാണ്. ഇവിടെ ഞാൻ നന്മയുടെ ദൈവമാണ്. മറ്റേയാൾ തിൻമയുടെ ദൈവവും. ബുദ്ധന്റെ രൂപത്തിൽ സംസാരിച്ചത് ഈ ഇരുട്ടിന്റെ ദൈവമാണ്. എന്നാൽ, അവൻ എപ്പോഴും എന്നെ നിഷേധിക്കുകയും നിരാകരിക്കുകയും ചെയ്യുന്നു. എന്നെ ആരാധിക്കുന്നതിൽ നിന്ന് അവൻ എന്റെ ദാസൻമാരെ എപ്പോഴും പിന്തിരിപ്പിക്കുന്നു. അവൻ മനുഷ്യനെ അറിയിക്കുന്നത് ആരാധനക്ക് അർഹനായി മനുഷ്യനല്ലാതെ മറ്റാരുമില്ല എന്നാണ്. ഓരോ മനുഷ്യന്റെ അഹംബോധത്തിലാണ് അവൻ സ്ഥാനമുറപ്പിക്കുന്നത്. ആ അഹംബോധത്തിന്റെ പേരിൽ അതിലർപ്പിക്കുന്ന സകല ബഹുമതികളും അവൻ നേടിയെടുക്കുന്നു. അവൻ ഇപ്പോഴും ദൈവമാണ്. ഞാനത് അംഗീകരിക്കുന്നു. ഒരു പക്ഷേ ഇരുണ്ട രാത്രിയേക്കാൾ ഇരുണ്ടവനായിരിക്കുമവൻ. അവനെതിരെ ജാഗ്രതയോടെ ഇരിക്കുക. എന്നെമാത്രം ആരാധിക്കുക.

മേൽ പറഞ്ഞ മതവിഭാഗങ്ങളുടെ ബഹളത്തിനൊടുവിൽ ഇസ്‌ലാമിക ലോകവും മഹ്ദിയുടെ ആഗമനത്തിനായി കലാപമുണ്ടാക്കും. മുഖ്യധാരാ മുസ്‌ലിം വിഭാഗങ്ങൾക്കിടയിലെ പുരോഹിതൻമാരുടെ വിശ്വാസ പ്രകാരമാണെങ്കിൽ അദ്ദേഹം വാളും ചുഴറ്റിയായിരിക്കും ആഗതനാവുക. ലോകത്തിലെ സകല അമുസ്‌ലിം ഭരണകൂടങ്ങളേയും അദ്ദേഹം തന്നോട് യുദ്ധത്തിന് ആഹ്വാനം ചെയ്യുന്നതായിരിക്കും.

ഇത്തരത്തിലുള്ള മതഭ്രാന്തിന്റെ മൂർത്ത രൂപങ്ങൾ മൂലം മതം തന്നെ ആത്യന്തികമായ ആക്ഷേപത്തിന് കുറിമാനമാകുന്നു. മതത്തെ അതിന്റെ രക്ഷകരിൽ നിന്ന് രക്ഷിക്കാൻ പ്രാർഥിച്ചു കൊണ്ട് മനുഷ്യന്റെ വിവേക ബുദ്ധി, ബുദ്ധി ശൂന്യമായ ഈ രംഗത്ത് നിന്ന് പറന്നകലും. ദൈവത്തിൽ നിന്നുള്ള അടിയന്തിര സഹായം ലഭിച്ചില്ലെങ്കിൽ ഹിന്ദു, ക്രിസ്ത്യൻ ,ബുദ്ധ, സൊറോസ്ട്രിയൻ, ജൂത, മുസ്‌ലിം മതങ്ങളെല്ലാം ഒരുപോലെ ആഗതനാവുന്ന മതപുരുഷനെ സംബന്ധിച്ച ഈ ദുരിതം സഹിക്കേണ്ടിവരും.

സാമാന്യ ബുദ്ധിയുള്ള ഒരു മനുഷ്യനും ദൈവത്തിന്റെ ആസൂത്രണത്തെപറ്റി അത്തരം അയുക്തികവും വിവേകശൂന്യവുമായ ഒരു ധാരണയുണ്ടാകുമെന്ന് കരുതാൻ വയ്യ. മതപരമായ പ്രവചനങ്ങളും ദൃഷ്ടാന്ത കഥകളും വ്യാഖ്യാനിക്കുമ്പോൾ യുക്തി ജ്ഞാനത്തിനും സാമാന്യ ബോധത്തിനും അതിന്റേതായ പങ്കു നൽകേണ്ടതുണ്ട്. ദൈവത്തിന്റെ പേരിൽ അവൻ തിരഞ്ഞെടുക്കുന്ന മതത്തിൽനിന്ന് ഒരു പരിഷ്കർത്താവ് വന്നെങ്കിൽ മാത്രമേ മനുഷ്യ സമൂഹത്തിന്റെ ആത്യന്തികമായ ഏകോപനം നിറവേറ്റുവാൻ സാധ്യമാവൂ. അവസാന കാലത്ത് മതലോകം അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് യുക്തിപരമായ പരിഹാരം ഇതൊന്നു മാത്രമായിരിക്കും. അവസാന കാലത്തെ ജനങ്ങളാവട്ടെ അവരുടെ അതിജീവനത്തിന് ആവശ്യമായ ഈ പരിഹാരത്തെ ശക്തമായ നിലയിൽ നിരാകരിക്കുകയാണ് ചെയ്യുന്നത്. അതിന് പകരമായി തങ്ങളുടെ മതത്തിന്റെ സുവർണകാല സ്വപ്നങ്ങളിൽ അവർ കടിച്ചു തൂങ്ങി കിടക്കുന്നു. അതാകട്ടെ വെറും മരീചികയല്ലാതെ മറ്റൊന്നുമല്ല.

മനുഷ്യവംശത്തിന്റെ, അന്തിമമായ വീണ്ടെടുപ്പിൽ ഓരോ മതവും നിർവഹിക്കുന്ന പങ്ക് സംബന്ധിച്ച് അവരുടെ പരസ്പരവിരുദ്ധമായ നിലപാടുകൾ തുറന്ന് കാട്ടാനുള്ള ശ്രമമായിരുന്നു പ്രസ്തുത വിവരണം. പ്രതീക്ഷയുടെ വാതായനങ്ങൾ അവർ തുറന്നിട്ടുണ്ട്. പക്ഷേ, അവർ തന്നെ അത് അടച്ചു കളയുകയും ചെയ്യുന്നു. മുസ്‌ലിംകളുടെ കാര്യത്തിൽ ഇത് വിപരീതക്രമത്തിലാണ്. റസൂൽ തിരുമേനി(സ)യുടെ കേവല പരിസമാപ്തി പ്രഖ്യാപിച്ചുകൊണ്ട് അവർ ആദ്യം തന്നെ കതക് അടച്ചു കളയുന്നു. ഒട്ടും താമസിയാതെ അതുപോലെ തന്നെ അവർ അത് വീണ്ടും തുറക്കാനും തുടങ്ങുന്നു. യഥാർത്ഥത്തിൽ അവരുടെ നിലപാട് മാറ്റമില്ലാതെ നിൽക്കുകയാണ്. മുസ്‌ലിം രംഗവേദിയിൽ അരങ്ങേറുന്ന നാടകം മറ്റു ലോകമതങ്ങളുടെ നടനവേദികളിൽ അരങ്ങേറുന്ന നാടകങ്ങളിൽ നിന്ന് സാരാംശത്തിൽ ഒട്ടും വിഭിന്നമല്ല. പരിസമാപ്തിയെക്കുറിച്ച് അവർ യാതൊരു വിട്ടുവീഴ്ചയുമില്ലാതെ പ്രഖ്യാപിക്കുമ്പോഴും ഒട്ടും കുറയാതെ തന്നെ യേശു(അ)വിന്റെ രണ്ടാം വരവിൽ ശഠിച്ചു നിൽക്കുകയും ചെയ്യുന്നു. തീർച്ചയായും യേശു(അ) റസൂൽ തിരുമേനി(സ)ക്ക് ശേഷമാണ് വരിക എന്നാണ് അവർ പറയുന്നത്. എന്നാൽ അദ്ദേഹത്തിന്റെ വരവിനെ സംബന്ധിച്ച് അവർ കൽപിച്ചരുളിയ രീതി അദ്ദേഹത്തിന്റെ വരവ് അസാധ്യമാക്കി തീർത്തിരിക്കുകയാണ്. അങ്ങനെ എല്ലാ പ്രായോഗികമായ പരിഹാരങ്ങൾക്കും വേണ്ടിയുള്ള അവരുടെ നിലപാട് ഈ വിധം മാറ്റമില്ലാതെ തുടരുന്നു.

# യേശുവിന്റെ ഇന്ത്യൻ യാത്രകൾ

കുരിശ് സംഭവാനന്തരം ഇസ്റയേൽ ഗൃഹത്തിലെ കാണാതെ പോയ ദശ ഗോത്രങ്ങളെ തേടി കശ്മീരിലെത്തിയ യേശു അവിടെയുള്ള യഹൂദരിൽ പ്രേഷിത പ്രവർത്തനം നടത്തുകയുണ്ടായി. യേശുവിന്റെ സ്വാധീനത്തെകുറിച്ച് മത ഗ്രന്ഥങ്ങളിലും വാസ്തു ശിൽപങ്ങളിലും യാത്രാ വിവരണങ്ങളിലുമുള്ള തെളിവുകൾ സമർപ്പിക്കുകയാണ് ലേഖിക. ഇംഗ്ലണ്ടിലെ മെഡിക്കൽ രംഗത്ത് പ്രവർത്തിക്കുന്ന ലേഖിക പ്രശസ്തയായ ശസ്ത്രക്രിയാ വിദഗ്ധയാണ്. 1987 ൽ അക്കാഡമിക് എക്സലൻസിക്ക് ഇംഗ്ലണ്ടിലെ ഗോൾഡ് മെഡലിസ്റ്റാണ് ലേഖിക. ജൂയിഷ് ഡയസ്പോറ, യേശുവിന്റെ കുരിശ് സംഭവാനന്തര ജീവിതം എന്നീ വിഷയങ്ങളിൽ ആധികാരിക പഠനങ്ങൾ നടത്തിയ അവർ നിരവധി മെഡിക്കൽ ശാസ്ത്ര വിഷയങ്ങളിൽ ലേഖനങ്ങളും എഴുതിയിട്ടുണ്ട്.

പ്രൊഫ. അമതുർ റസ്സാഖ്, യു.കെ

കുരിശ് സംഭവത്തിന് ശേഷം[1] ഇസ്റയേൽ ഗൃഹത്തിലെ കാണാതെ പോയ ഗോത്രങ്ങളെ[2] തേടി യേശു കശ്മീർ വരെ സഞ്ചരിച്ചുവെന്നതിന് ശാസ്ത്രീയവും പുരാവസ്തു ശാസ്ത്രപരവും ചരിത്രപരവുമായ രേഖകളുണ്ട്. വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി (അ) രചിച്ച **'യേശു മിശിഹാ ഇന്ത്യയിൽ'** എന്ന ഐതിഹാസികമായ പുസ്തകത്തിൽ ഈ വിഷയം സമഗ്രമായി വിവരിച്ചിട്ടുണ്ട്. നവ ബാബിലോണിയൻ സാമ്രാജ്യത്തിന്റെ ചക്രവർത്തി ബുക്ത് നസർ അഥവാ നബുക്ത് നസർ ചക്രവർത്തി നാടുകടത്തിയവരായിരുന്നു നഷ്ടപ്പെട്ട യഹൂദ ദശഗോത്രങ്ങൾ. ബാബിലോണിയൻ ചക്രവർത്തി ജെറുസലേം പട്ടണം ബി. സി. 589 മുതൽ വളയുകയും ബി. സി 587 ൽ നശിപ്പിക്കുകയും ചെയ്തു. നാടുകടത്തപ്പെട്ട യഹൂദ ഗോത്രങ്ങൾ പേർഷ്യ, മീദീയ വഴി കിഴക്കൻ രാജ്യങ്ങളായ അഫ്ഘാനിസ്ഥാൻ, കശ്മീർ, ഇന്ത്യയിലെ മറ്റു പലഭാഗങ്ങൾ എന്നിവിടങ്ങളിൽ കുടിയേറി പാർക്കുകയുണ്ടായി.[3] കുരിശ് സംഭവത്തിന് ശേഷം ഈ രാജ്യങ്ങളിൽ പാർത്തു വന്നിരുന്ന യഹൂദ ഗോത്രങ്ങളിൽ പ്രേഷിത പ്രവർത്തനങ്ങൾ നടത്താനായിട്ടാണ് യേശു(അ) കുരിശു സംഭവത്തിന് ശേഷം പുറപ്പെട്ടത്. പൂർവദിക്കിലേക്കുള്ള യേശു (അ) വിന്റെ യാത്ര അവസാനം കശ്മീരിൽ അവസാനിക്കുകയാണ്. ഈ യഹൂദ ഗോത്രങ്ങൾക്കിടയിലെല്ലാം യേശു ദൈവത്തിന്റെ സന്ദേശം എത്തിക്കുകയുണ്ടായി. അവരെല്ലാം ക്രിസ്തു മതം സ്വീകരിച്ചു. തനിക്ക് ശേഷം ആഗതനാവുന്ന മഹാനായ ഒരു പ്രവാചകനെക്കുറിച്ച് യേശു(അ) തന്റെ അനുയായികൾക്ക് സുവിശേഷമറിയിക്കുകയുണ്ടായി.[4] യേശു(അ)വിന്റെ ഈ അദ്ധ്യാപനത്തോട് അനുസരണ പുലർത്തിക്കൊണ്ട് കശ്മീരിൽ യേശു(അ) വിനെ സ്വീകരിച്ച യഹൂദർ അറേബ്യയിലവതരിച്ച മഹാനായ ആ സാർവജനീന പ്രവാചകനേയും അംഗീകരിക്കുകയും അദ്ദേഹത്തിന്റെ കാലത്ത് തന്നെ ഇസ്‌ലാം മതം സ്വീകരിക്കുകയുമാണുണ്ടായത്.

ടാൽ തടാകം, കശ്മീർ



കശ്മീരിൽ അധിവാസമുറപ്പിച്ച ബനീഇസ്റായേലിന്റെ നഷ്ടപ്പെട്ട ദശഗോത്രങ്ങളിൽ യേശു(അ) നടത്തിയ സജീവ പ്രേഷിത പ്രവർത്തനങ്ങളുടെ തെളിവുകൾ അവലോകനം ചെയ്യുകയാണ് ഈ ലേഖനത്തിന്റെ ഉദ്ദേശ്യം.

## പുരാതനകാലത്തെ കശ്മീരിലെ പ്രവാചക സാന്നിദ്ധ്യം

ഇസ്‌ലാം കശ്മീരിൽ ആഗതമാവുന്നതിന് നൂറ്റാണ്ടുകൾക്ക് മുമ്പ് ഒരു പ്രവാചകൻ കശ്മീരിൽ വന്ന് പ്രബോധനം നടത്തിയതായി തെളിവുകളുണ്ട്. കശ്മീരിലെ പ്രഗല്ഭനും വളരെ ആദരണീയനും പ്രമുഖനുമായ ചരിത്രകാരൻ, റസൂൽ തിരുമേനി(സ) ക്ക് മുമ്പ് കശ്മീരിൽ ഒരു പ്രവാചകനെയും ഒരു ദിവ്യ ഗ്രന്ഥത്തെയും അനുധാവനം ചെയ്തിരുന്നതായി പറയുന്നു.[5] ആദ്ധ്യാത്മിക സന്മാർഗം ആഗ്രഹിക്കുന്നവർക്ക് അക്കാലത്ത് കശ്മീർ വഴികാട്ടിയായിരുന്നതായി ചരിത്രപുസ്തകങ്ങൾ വിവരിക്കുന്നു. കശ്മീരിലെ പ്രശസ്തമായ ഒരു സങ്കീർത്തന കാവ്യത്തിൽ പറയുന്നത് ആ പ്രദേശത്ത് ആദ്ധ്യാത്മിക വെളിച്ചം തൂവികൊണ്ടുള്ള ഒരു മത പ്രവാചകൻ അവിടെ ഉണ്ടായിരുന്നു എന്നാണ്. ആ കവിതാ ശകലം ഇങ്ങനെ വിവർത്തനം ചെയ്യാം: കശ്മീരിൽ നിന്നാണ് വചനങ്ങളും മാർഗ നിർദേശങ്ങളും വരുന്നത്. അല്ലാഹു തിരഞ്ഞെടുത്ത ഒരാളായിരുന്നു ഈ വചനങ്ങൾ ഉച്ചരിച്ചത്.[6]

ഹിന്ദുക്കളുടെ ഒരു പുരാതന മതസാഹിത്യത്തിൽ പറയുന്നത് **'ഈശായി'** എന്ന് പേരുള്ള അത്യന്തം ആദരണീയനായ ഒരു പരിഷ്ക്കർത്താവ് കശ്മീരിൽ ഉണ്ടായിരുന്നു എന്നാണ്. ഈ നാമം യേശു എന്ന നാമത്തിന് പകരം വെക്കാവുന്നതാണ്. **'യോഗിയുടെ ഗീതകം'** എന്ന പേരിലുള്ള ആ കവിതയിൽ ഇപ്രകാരം കാണാം. ***' എന്റെ സ്നേഹിതാ, ഏതൊരു രാജ്യത്തേക്കാണ് ഈശായി[7] പോയത്? ഏത് രാജ്യത്തേക്കാണ് യാക്കോബ് വന്നത്? എന്റെ സ്നേഹിതാ, എവിടെയാണ് ഗുരുവിന്റെ ഗുരു ഉള്ളത്, എവിടെയാണ് താങ്കളുടെ മനസ്സുള്ളത്? എന്റെ സ്നേഹിതാ, ഈശായി അറേബ്യയിലേക്ക് പോയി യാക്കോബ് ഈജിപ്തിലേക്കും പോയി. എന്റെ സ്നേഹിതാ, ഈശായി ഗുരുവാണ്, എന്റെ ഗുരു. ഒരു യോഗിയുടെ മനസ്സ് യോഗിയിൽ മാത്രമാണ് സ്വാസ്ഥ്യം കൊള്ളുക'*** [8]

സംസ്കൃത പാരമ്പര്യത്തിലും കന്യകക്ക് ജനിച്ച ഈ പ്രവാചകന്റെ വിവരണം കാണാം. പുരാതന സംസ്കൃത സാഹിത്യത്തിലെ ഒരു വിവരണത്തിന്റെ സാരസത്ത ഇപ്രകാരമാണ്. ഹിമാവൃതമായ മഞ്ഞു മലകളിൽ അദ്ദേഹം ഒരിക്കൽ വന്നു. അവിടെ വെളുത്ത വസ്ത്രം ധരിച്ച് വെളുത്ത നിറമുള്ള സുന്ദരനായ ഒരു രാജാവിനെ കണ്ടു. രാജാവ് പറഞ്ഞു ***'ഞാൻ ഒരു കന്യകക്ക് പിറന്ന പരിഷ്കർത്താവാണ്. ഞാൻ ഇവിടെ ജനങ്ങളെ പരിഷ്കരിക്കാൻ ആഗതനായതാണ്. ഇവിടെ ആത്മീയ സംസ്ക്കരണ ത്തിന് വന്നിരിക്കുകയാണ്.'***[9] ഈ സാഹിത്യ ഖണ്ഡം ആത്മീയ ശുദ്ധീകരണത്തെ പറ്റിയുള്ള അഗാധവും താത്ത്വികവുമായ മത സങ്കൽപ്പങ്ങളാണ് തുടർന്ന് ചർച്ചചെയ്യുന്നത്. [10]

കശ്മീരിലെ ത്രെഹ്ഗാം എന്ന സ്ഥലത്തു നിന്ന് ഏഴ് മൈൽ വടക്ക് പ്രശസ്തമായ ഒരു ജലപ്രവാഹം **'പ്രവാചകന്റെ ജലപ്രവാഹം'** എന്നാണ് അറിയപ്പെടുന്നത്. യേശു ഇവിടെ സന്ദർശിച്ചതായും ഇവിടെ വെച്ച് അദ്ദേഹം പ്രഭാഷണം നടത്തിയതായും വിശ്വസിക്കപ്പെടുന്നു.[11]

ഇത് ഇസ്റയേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകൾക്കിടയിൽ അയക്കപ്പെടും എന്ന പ്രവചനത്തിന്റെ പുലർച്ചയാണ്.[12]

ചുരുക്കത്തിൽ പുരാതന ഹിന്ദു സാഹിത്യങ്ങളിലും സംസ്കൃത പാരമ്പര്യങ്ങളിലും കന്യകാ പുത്രനെന്ന് സ്വയം വിളിക്കുന്ന വെളുത്ത നിറമുള്ള ഒരു പ്രവാചകൻ ലഡാക്കിലും തിബറ്റിലും മത പ്രബോധനം നടത്തിയതായി മനസ്സിലാക്കാൻ സാധിക്കുന്നു. അദ്ദേഹത്തിന്റെ നാമം ഈശായി എന്നാണ് ഇവിടെ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ വസ്തുതകൾ യേശു(അ) കശ്മീരിൽ മതപ്രബോധനം നടത്തിയതിന് തെളിവുകൾ നൽകുന്നു.

## കശ്മീരിന് വാസ്തുശിൽപ്പ കലയിലുണ്ടായ സ്വാധീനം

ഒരു ജനതയുടെ വിശ്വാസ ചരിത്രത്തിന്റെ പഠനത്തിൽ വാസ്തു ശിൽപ്പ കല ഒരു വിലപ്പെട്ട സ്റോതസ്സാണ്. പ്രശസ്ത വാസ്തു ശിൽപ്പകലാ പണ്ഡിതൻ നോർമൻ എൽകൂൻസിയുടെ അഭിപ്രായ പ്രകാരം ***'പദാർഥവും മനസ്സും തമ്മിലുള്ള അതിർത്തികളെ സുതാര്യമാക്കുകയാണ്'*** പാവനമായ വാസ്തു ശിൽപ്പത്തിന്റെ ഉദ്ദേശ്യം. കശ്മീരിലെയും അഫ്ഘാനിസ്താനിലേയും വാസ്തുശിൽപ്പങ്ങളിൽ യേശുവിന്റെ അധ്യാപനങ്ങളുടെ സ്വാധീനം ദൃശ്യമാണ്. മാർട്ടാന്റയിലെ ആരാധനാലയത്തിലെ വാസ്തു ശിൽപ്പ കലയിൽ ഈയൊരു ശക്തമായ സ്വാധീനം വ്യക്തമാണ്. മാർട്ടാന്റിലെ ക്ഷേത്രം കാശ്മീരി ശൈലിയിലുള്ള വാസ്തു ശിൽപ്പ കലക്ക് നല്ലൊരു മാതൃകയാണ്. എ.ഡി 699 മുതൽ 736 വരെ കശ്മീർ ഭരിച്ചിരുന്ന പ്രശസ്തനായ ലാലാതാദിത്യ എന്ന രാജാവ് നിർമിച്ചതാണ് ഈ ആരാധനാലയം.[13] കൗതുകകരമെന്ന് പറയട്ടെ ഈ ആരാധനാലയത്തിന് ജെറുസലേമിലെ ആരാധനാലയ വുമായി പ്രകടമായ സാദൃശ്യമുണ്ട്. പല പ്രഗല്ഭരായ ആർക്കിയോളജി ക്കൽ വിദഗ്ധരും പ്രശസ്തരായ സഞ്ചാരികളും ഈയൊരു സാദൃശ്യം എടുത്ത് പറഞ്ഞിട്ടുണ്ട്. വിഖ്യാത നിയമജ്ഞനും ഏഴ് വർഷത്തോളം ഇന്ത്യയുടെ വടക്ക് പടിഞ്ഞാറൻ ഭാഗങ്ങളിൽ പര്യടനം നടത്തുകയും ചെയ്ത ഗോഡ് ഫ്രൈ തോമസ് വിഗ്നെ(1801–1863) അദ്ദേഹത്തിന്റെ

മർട്ടന്റിലെ (കശ്മീർ) പുരാതന സൂര്യ ക്ഷേത്രം



ഈ യാത്രകൾക്കിടയിൽ കശ്മീർ, ലഡാക്ക്, മദ്ധ്യേഷ്യയിലെ ചില ഭാഗങ്ങൾ മുതലായ സ്ഥലങ്ങൾ സന്ദർശിക്കുകയുണ്ടായി. അദ്ദേഹം തന്റെ സഞ്ചാരക്കുറിപ്പുകൾ 'A Personal Narrative of a Vist to Ghuzni, Kabul and Afganistan ' എന്ന പേരിൽ പ്രസിദ്ധീകരിക്കുകയുണ്ടായി. അതിൽ വിഗ്നോ പറയുന്നു:

***'ആ ക്ഷേത്രത്തിന്റെ കമാനങ്ങളിൽ കണ്ട ക്രമവിന്യാസത്തിലും അതിന്റെ ചുറ്റുമുള്ള തിരശ്ശീലകളിലും രേഖപ്പെട്ടു കിടക്കുന്ന ജെറുസലേം ദേവാലയവുമായുള്ള വാസ്തു ശിൽപ്പ സാമ്യത എന്റെ ശ്രദ്ധയെ ഞെട്ടിച്ചു കളഞ്ഞു. ജെറുസലേമിലെ ആരാധനാലയത്തിന്റെ അതേ മാതൃകയിൽ കശ്മീരിലെ ഈ ക്ഷേത്രം പണികഴിപ്പിക്കാൻ നിർദേശം കൊടുത്തത് ഒരു യഹൂദ വാസ്തു ശിൽപ്പിയായിരിക്കുമോ എന്ന് ഞാൻ ഒരു നിമിഷം ഓർത്തുപോയി. അത്ഭുതകരമായ മറ്റൊരു വസ്തുത അബിസീനിയ എന്ന് വിളിക്കപ്പെടുന്ന പുരാതന എത്യോപ്യ കുശ് എന്ന പേരിലും അറിയപ്പെടുന്നു. അവിടെ പുരാതന ക്രിസ്തീയ ചർച്ചുകളും ഉണ്ട്. മി. വോൾഫ് ആണ് അതിനെ പറ്റി എനിക്ക് വിവരം നൽകിയത്. അത് കശ്മീരിലേത് പോലെയുള്ളതാണ്. ശേബാ രാജ്ഞി താമസിച്ചിരുന്ന ടൈഗ്രിയുടെ തലസ്ഥാനമാണ് അക്സും. അവിടെ തനിക്ക് സോളമനിലുണ്ടായ പുത്രൻ മെണലിക്കുമൊത്താണ് ശേബാ രാജ്ഞി താമസിച്ചിരുന്നത്. ഇസ്റായേലികൾ രാജ്ഞിയെ അവിടെ അനുധാവനം ചെയ്തിരുന്നു. മെണലിക്കാണ് കുശിൽ പിന്നീട് സിംഹാസാരോഹണം ചെയ്തത്. അവരുടെ പിൻ തലമുറയാണ് അബിസിനീയായിലെ നേഗസ് രാജപരമ്പര.***[14]

പത്തൊമ്പതാം നൂറ്റാണ്ടിലെ ഏറ്റവും പ്രഗല്ഭനായ വാസ്തു ശിൽപ്പവിദഗ്ധന്മാരിലൊരാളാണ് മി. ജെയിംസ് ഫെർഗൂസൻ. ഇന്ത്യൻ വാസ്തു ശിൽപ ശാസ്ത്രത്തിൽ വിദഗ്ധനായ അദ്ദേഹത്തിന് നിരവധി പുരസ്കാരങ്ങളും പദവികളും ലഭിച്ചിട്ടുണ്ട്. റോയൽ ഏഷ്യാറ്റിക്ക് സൊസൈറ്റിയുടെ വൈസ് പ്രസിഡന്റ് ,റോയൽ ഇൻസ്റ്റിറ്റ്യൂറ്റ് ഓഫ് ബ്രിട്ടീഷ് ആർകിടെക്സ് വൈസ് പ്രസിഡന്റ് മുതലായ പദവികൾ അദ്ദേഹം വഹിച്ചിട്ടുണ്ട്.[15] ജെറുസെലേം ദേവാലയത്തിന്റെ ആധികാരിക വക്തവായാണ് അദ്ദേഹം അറിയപ്പെടുന്നത്. 1876 ൽ അദ്ദേഹം എഴുതി: 60 അടി നീളവും 38 അടി വീതിയുമുള്ള ആരാധനാലയം ഒരു ചെറിയ കെട്ടിടമാണ്. മുഖപ്പിൽ രണ്ടു വശങ്ങളിലായി കൂട്ടിചേർത്ത ഭാഗമാണ് അതിനെ 60 അടിയാക്കി മാറ്റിയത്. നിങ്ങൾ ആത്മാർത്ഥമായി പരിഹരിക്കാനാഗ്രഹിക്കുന്ന പ്രശ്നം അവർക്ക് മുമ്പിൽ വെളിപ്പെടുകയുണ്ടായി. അതായത് സമചതുരാകൃതിയില്ലാത്തതും സമാനമായ ത്രിമാനങ്ങളുമുള്ള ഒരു ആരാധനാലയം എങ്ങനെ പണിയാം എന്നതായിരുന്നു പ്രശ്നം. യഹൂദ ദേവാലയം ഈ മന്ദിരത്തിന്റെ ഇരട്ടി വലിപ്പമുണ്ടാവും. ജെറുസലേം ദേവാലയം 100 ക്യൂബിറ്റ്(Cubit) ഉണ്ടാവും. അല്ലെങ്കിൽ 150 അടി വീതിയും നീളവും ഉയരവുമുണ്ടാകും. എന്നാൽ മർട്ടാന്റിൽ ഈ അളവുകൾ 60 അടി മാത്രമാണ്. കശ്മീരിലെ ആരാധനാലയത്തിൽ അടങ്ങിയിരിക്കുന്ന താൽപര്യജനകമായ വസ്തുത മറ്റേതൊരു കെട്ടിടത്തേക്കാളും കശ്മീലെ ആരാധനാലയം അതിന്റെ പ്ലാനിങ്ങിൽ ഒരു യഹൂദ ദേവാലയത്തിന്റെ തനി പകർപ്പാണ് എന്നതാണ്.[16] ഈ രണ്ടു ദേവാലയങ്ങളുടെയും വാസ്തു ശിൽപ്പ സാമ്യത കശ്മീരി ജനതയിൽ യേശു പ്രേഷിത പ്രവർത്തനം നടത്തി എന്നതിന് തെളിവാണ്.

ആരാധനാലയങ്ങൾ മാത്രമല്ല കശ്മീരിലെ ചരിത്രപ്രസിദ്ധങ്ങളായ ശവകുടീരങ്ങളും യഹൂദ അദ്ധ്യാപനങ്ങൾ അവിടെ പ്രചരിച്ചിരുന്നു എന്നതിന് തെളിവാണ്. കശ്മീരിലെ ശവകുടീരങ്ങൾ തികച്ചും യഹൂദ മാതൃകയിലുള്ളവയാണ്. പുരാതന കശ്മീരി ശവകുടീരങ്ങൾ പഴയ യഹൂദരുടെ കബറിടങ്ങളിൽ കാണുന്നത് പോലെ പടിഞ്ഞാറ് ഭാഗത്ത് ഒരു ജനലയോട് കൂടിയ തുറന്ന കബറിടങ്ങളാണ്. [17,18]

## ആചാരാനുഷ്ഠാനങ്ങളും യേശുവിന്റെ അദ്ധ്യാപനങ്ങളും

കശ്മീർ ജനതയുടെയും യഹൂദ ജനതയുടെയും ആചാരങ്ങളും സമ്പ്രദായങ്ങളും ശേഖരിച്ച് പരിശോധിച്ചാൽ യേശുവിന്റെ അദ്ധ്യാപനങ്ങൾ കശ്മീരി ജനതയെ സ്വാധീനിച്ചതായി കാണാം. 12 വർഷം മുഗൾ സാമ്രാജ്യ ചക്രവർ

ത്തി ഔറംഗസീബിന്റെ സ്വകാര്യ ഡോക്ടറായിരുന്ന ഫ്രാങ്കോയിസ് ബർണിയർ (1625-1688) തന്റെ വിശദമായ സഞ്ചാരങ്ങളെ ആസ്പദമാക്കി രചിച്ച Travels in the Mugal Empire എന്ന കൃതിയിൽ അദ്ദേഹം ചില നിരീക്ഷണങ്ങൾ നടത്തിയിട്ടുണ്ട്.

അദ്ദേഹം നടത്തിയ ഒരു അന്വേഷണ വിഷയം: ***'കശ്മീർ സാമ്രാജ്യത്തിൽ ദീർഘകാലം യഹൂദർ താമസിച്ചു എന്ന് പറയുന്നത് സത്യമാണോ എന്നും അവരുടെ കൈയിൽ വിശുദ്ധ ഗ്രന്ഥങ്ങളുടെ എന്തെങ്കിലും ഒരു പതിപ്പ് ഉണ്ടായിരുന്നോ, ഉണ്ടെങ്കിൽ നമ്മുടെ കൈയിലുള്ള പഴയ ബൈബിൾ വേദ പുസ്തകവും അവരുടെ പക്കലുള്ളതും തമ്മിൽ എന്തെങ്കിലും പൊരുത്തമില്ലായ്മകളുണ്ടോ എന്നതുമായിരുന്നു അദ്ദേഹം അന്വേഷിച്ച വിഷയം.'***[19] അദ്ദേഹം എഴുതുന്നു: ***'എന്തായാലും ഈ രാജ്യത്ത് യഹൂദ മതത്തിന്റെ നിരവധി അടയാളങ്ങൾ കാണപ്പെടുന്നു. പീർ പഞ്ചാൽ പർവതം കടന്ന് ഈ സാമ്രാജ്യത്തിൽ പ്രവേശിച്ചപ്പോൾ അവിടെ അധിവസിക്കുന്നവർക്ക് യഹൂദന്മാരുമായുള്ള സാമ്യതകണ്ട് ഞാൻ ഞെട്ടുകയുണ്ടായി. അവരുടെ മുഖഭാവം, ചേഷ്ടകൾ വിവരണാതീതമായ പല പ്രത്യേകതകളുമുള്ള ഒരു പുരാതന ജനതയിൽ കാണുന്ന സകല അടയാളങ്ങളും ഒരു സഞ്ചാരിക്ക് അവരിൽ കാണാൻ കഴിയും'***[20] ബർണിയർ തുടരുന്നു: ***'ഞാൻ പറയുന്നത് വെറുമൊരു വിചിത്ര ഭാവനയായി നിങ്ങൾ കരുതേണ്ട. ഞാൻ ഇവിടം സന്ദർശിക്കുന്നതിന് മുമ്പ് ഇവരുടെ യഹൂദ സാമ്യത നമ്മുടെ ജസ്യൂട്ട് പിതാക്കന്മാരും മറ്റു ചില യൂറോപ്യന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്.'***[21] കശ്മീരികളിലെ യഹൂദ സ്വാധീനത്തെ പറ്റി പറയുമ്പോൾ ഫ്രാങ്കോയിസ് ബെർണിയർ പറയുന്നു: ***'രണ്ടാമത്തെ അടയാളം 'മൂസ്സാ' എന്ന നാമത്തിന്റെ പ്രാമുഖ്യമാണ്. അതായത് മുഹമ്മദീയരായിരുന്നിട്ടും ഈ പട്ടണ വാസികളിൽ മൂസ്സ എന്ന നാമധാരികളുടെ ആധിക്യമാണത്.'***[22]

പേരുകേട്ട കശ്മീരി പണ്ഡിതനായ അബീ സയ്യിദ് ഗനീം അൽ ഹിന്ദിയുടെ എഴുത്തുകളിൽ യേശു കശ്മീരിൽ നടത്തിയ പ്രബോധന പ്രവർത്തനങ്ങൾ രേഖപ്പെടുത്തിയ തെളിവുകൾ കാണാം. അതായത് യഹൂദരുടെ സുനേദ്രം മാതൃകയിൽ പുരാതന കശ്മീരി രാജാക്കന്മാർ മതപരമായ കൗൺസിലുകൾ വിളിച്ചു കൂട്ടിയിരുന്നതായി അദ്ദേഹം എഴുതുന്നു: ***'അത്തരം മതപരമായ കൗൺസിലുകൾ ഫലസ്തീനിലെയും ഇറാഖിലേയും യഹൂദരുടെ മതകീയ ജീവിതത്തിന്റെ അവിഭാജ്യ ഘടകമാണ്. അബി സയ്യിദ് അദ്ദേഹത്തിന്റെ പുസ്തകത്തിൽ എഴുതുന്നു. യേശു ഇന്ത്യയിലെ ഒരു പട്ടണത്തിലാണ് (കശ്മീർ) ജീവിച്ചത്. അവിടെ 40 പണ്ഡിതന്മാർ രാജധാനിയിൽ രാജാവിന്റെ ചുറ്റും കൂടിയിരുന്നു.'***[23] അവരുടെ ദൗത്യം നാല് വേദഗ്രന്ഥങ്ങളായ തൗറാത്ത് (ബൈബിൾ പഴയ നിയമം), ഇഞ്ചീൽ (ബൈബിൾ പുതിയ നിയമം), സബൂർ (ദാവൂദിന്റെ ഗ്രന്ഥം), സുഹുഫ് ഇബ്റാഹീം (ഇബ്രാഹിമിന്റെ ഗ്രന്ഥം) എന്നിവ പഠിക്കുകയും മതപരമായ ശാസന പുറപ്പെടുവിക്കുകയുമായിരുന്നു. വാസ്തവത്തിൽ അബു സയ്യിദ് സുനേദ്രം എന്ന പുരാതന യഹൂദ സമൂഹത്തിലെ ഉന്നതാധികാര സമിതിയെ ക്കുറിച്ച് പരാമർശിക്കുകയായിരുന്നു. ഒരിക്കൽ സുനേദ്രം പിൽക്കാലത്ത് വരാനിരിക്കുന്ന അറേബ്യയിലെ മഹാനായ പ്രവാചകനെക്കുറിച്ചാണ് ചർച്ച ചെയ്തത്. അബൂ സയ്യിദ് ആദരണീയനായ കശ്മീരി പണ്ഡിതനാണ്. അദ്ദേഹം കശ്മീരിൽ പുരാതന യഹൂദ സമ്പ്രദായ പ്രകാരമുള്ള സുനേദ്രം അക്കാലത്ത് നടന്നു വന്നിരുന്നതായി സാക്ഷ്യപ്പെടുത്തുന്നു.



സർ ഫ്രാൻസിസ് യങ്ഹസ്ബന്റ്

കശ്മീരി ജീവിതത്തിൽ യേശുവിന്റെ അദ്ധ്യാപനങ്ങൾ ചെലുത്തിയ സ്വാധീനത്തെ പറ്റി ഫ്രാൻസിസ് യങ്ങ് ഹസ്ബന്റ് അടക്കം ചില സ്വതന്ത്ര ചരിത്രകാരന്മാർ അഭിപ്രായം പറഞ്ഞിട്ടുണ്ട്. ഫ്രാൻസിസ് യങ്ങ് ഹസ്ബന്റ് വാഗ്ദത്ത മസീഹിനെ (അ) ഉദ്ധരിക്കുന്നത് കാണുക: 1900 വർഷങ്ങൾക്ക് മുമ്പ് യൂസ് ആസഫ് എന്ന് പേരായ ഒരു സിദ്ധൻ കശ്മീരിൽ ജീവിച്ചിരുന്നു. അദ്ദേഹം യേശു പറഞ്ഞത് പോലെ വിതക്കാരന്റെ ഉപമ തുടങ്ങിയ നിരവധി ഉപമാ കഥകളിലൂടെയാണ് പ്രബോധനം നടത്തിയിരുന്ന

കശ്മീരി ജനങ്ങളുടെ കാഴ്ചയിൽ ജൂതഛായയുണ്ട്. അവർ ജൂതന്മാരാണെന്ന ഒരു സിദ്ധാന്തം ഇവിടെ നിലനിൽക്കുകയും ചെയ്യുന്നു. തീർച്ചയായും ഞാൻ പറയുന്നു കശ്മീരിൽ എല്ലായിടത്തും തന്നെ യഥാർഥ ബൈബിൾ മുദ്രകളാണ് കാണപ്പെടുന്നത്.

ത്. അദ്ദേഹത്തിന്റെ കല്ലറ ശ്രീനഗറിലുണ്ട്. സർ ഫ്രാൻസിസ് യങ്ഹസ്ബന്റ് അദ്ദേഹത്തിന്റെ **'കശ്മീർ'** എന്ന പുസ്തകത്തിൽ പറയുന്നു: ***'കശ്മീരി ജനങ്ങളുടെ കാഴ്ചയിൽ ജൂതഛായയുണ്ട്. അവർ ജൂതന്മാരാണെന്ന ഒരു സിദ്ധാന്തം ഇവിടെ നിലനിൽക്കുകയും ചെയ്യുന്നു. തീർച്ചയായും ഞാൻ പറയുന്നു കശ്മീരിൽ എല്ലായിടത്തും തന്നെ യഥാർഥ ബൈബിൾ മുദ്രകളാണ് കാണപ്പെടുന്നത്. പ്രത്യേകിച്ച് മുകൾ ഭാഗത്തുള്ള ഗ്രാമങ്ങളിൽ. ഇവിടെ ഇസ്റയേലി ചുവയുള്ള ആട്ടിടയന്മാർ ആട്ടിൻ പറ്റങ്ങളെ മേച്ച് കൊണ്ട് നടക്കുന്ന കാഴ്ച്ച എപ്പോഴും കാണാം'***[24] ***'കശ്മീരി പാരമ്പര്യമനുസരിച്ച് പുരാതനമായ കശ്മീരിന്റെ നാമം കശ്യപ എന്നോ കശ്യപമിർ എന്നോ ആണ്.'***[25]

ബൈബിൾ പഴയ നിയമം എസ്രാ 8:17ൽ പരാമർശിക്കപ്പെട്ട **'കാസിഫ്യാ'** വാസ്തവത്തിൽ കശ്മീർ ആണെന്ന്. അഭിപ്രായമുണ്ട്. ലേവ്യരിൽ മാത്രം അനുവാദമുണ്ടായിരുന്ന വിശുദ്ധ ദൗത്യത്തിന് സഹായിക്കാൻ ലേവ്യരുടെ അടുത്തേക്ക് കസിഫ്യ (കശ്മീർ) യിൽ നിന്നുമായിരുന്നു എസ്രാ പ്രവാചകനെ അയച്ചത്.'[26]

മുകളിൽ പ്രതിപാദിച്ചത് പോലെ കശ്മീരിലെ ശ്മശാനങ്ങൾ യഹൂദ സാന്നിദ്ധ്യത്തെയാണ് ഉറപ്പിക്കുന്നത്. പുരാതന കശ്മീരിലെ ശവ കുടീരങ്ങളുടെ ഘടന പൂർണമായും യഹൂദ മാതൃകയിലുള്ളതാണ്. നവ ബാബി ലോണിയൻ സാമ്രാജ്യത്തിലെ സാമ്രാട്ടായ നെബുക്ത് നസർ അഥവാ ബുക്ക്ദ് നസർ ബി സി. 589 ൽ ജെറുസെലേം പട്ടണം ഉപരോധി ക്കുകയും ബി സി. 587 ൽ ജെറു സെലേം നശിപ്പിക്കുകയും ചെയ്യുക യും യഹൂദരെ ഫലസ്തീനിൽ നിന്നും നാടുകടത്തുകയുമുണ്ടായി. ഇക്കാലത്ത് പോലും നെബുക്കദ് നസർ എന്ന നാമം കശ്മീർകാർക്കിടയിൽ ഏറ്റവും നിന്ദാകരവും അപമാനകരവുമായ പദമായി നിലകൊള്ളുന്നു.

## രത്നചുരുക്കം

കശ്മീരിൽ ഒരു പ്രവാചകന്റെ സാന്നിദ്ധ്യമുണ്ടായിരുന്നുവെന്ന് കാശ്മിരി ചരിത്ര വിജ്ഞാനികളും സംസ്കൃത പണ്ഡിതന്മാരും സ്വതന്ത്രരുമായ ചിന്തകന്മാരും ചരിത്ര സംബന്ധിയായ അവരുടെ എഴുത്തുകളിൽ ശക്തമായി പിന്തുണക്കുന്നു. ഉപമാ കഥകളിലൂടെ സംസാരിക്കുന്ന ഈ വെളുത്ത നിറമുള്ള പ്രവാചകൻ യഹൂദ മതപാരമ്പര്യങ്ങൾക്ക് സമാനമായ അദ്ധ്യാപനങ്ങൾ പഠിപ്പിക്കുകയും കന്യകയുടെ പുത്രനാണെന്ന് അവകാശപ്പെടുകയും ചെയ്യുന്നു. ഞങ്ങൾ അഭിപ്രായപ്പെടുന്നത് വാസ്തവത്തിൽ അദ്ദേഹം കുരിശ് പീഡനത്തെ അതിജീവിച്ചശേഷം. പ്രവാസികളായി കശ്മീരിൽ കഴിയുന്ന കാണാതെപോയ യഹൂദ ഗോത്രങ്ങളിൽ പ്രേഷിത പ്രവർത്തനങ്ങൾ നടത്താൻ ആഗതനായ യേശുവെന്ന പ്രവാചകനാണെന്നാണ്.[28] ഞങ്ങളുടെ ഈ വാദത്തിന് തെളിവായി യഹൂദരുമായി കശ്മീരികൾക്ക് ആചാരങ്ങളിലും മൃതദേഹ സംസ്ക്കരണ രീതിയിലും മതപരമായ ആചാരങ്ങളിലും (സുനേദ്രം) വാസ്തു ശിൽപപരമായ (മാർട്ടിണ്ട ക്ഷേത്രം) സുപ്രധാനമായ സാമ്യതകൾ സമർപ്പിക്കുകയുണ്ടായി. ഇതാണ് യേശുവിന്റെ കശ്മീലെ പ്രേഷിത പ്രവർത്തനങ്ങളുടെ തെളിവുകൾ. മേൽ പ്രസ്താവിച്ച ശ്രദ്ധേയമായ സാമ്യതകൾ യേശുവിന്റെ സാന്നിദ്ധ്യത്തിലുള്ള പ്രബോധനവും പ്രവർത്തനങ്ങളും മൂലം മാത്രം സംഭവിച്ചതാണ്.

## ഉപസംഹാരം

ചരിത്രപരമായ തെളിവുകൾ നൽകുന്ന സൂചന യേശു കിഴക്കൻ ദിക്കിലേക്ക് പ്രവാസം ചെയ്തു എന്നാണ്. പിന്നീട് അദ്ദേഹം കശ്മീരിലും പരിസര പ്രദേശങ്ങളിലും പ്രവാസികളായി കഴിഞ്ഞിരുന്ന ഇസ്റയേൽ ഗൃഹത്തിലെ കാണാതെ പോയ ആടുകൾക്കിടയിൽ സജീവമായ പ്രേഷിത പ്രവർത്തനങ്ങൾ നടത്തുകയും ആത്മീയ സംസ്ക്കരണ പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തു. യേശു തന്നിൽ ഭരമേൽപ്പിക്കപ്പെട്ട ദൈവിക ദൗത്യം ഇസ്റയേൽ ഗോത്രങ്ങൾക്കിടയിൽ എത്തിച്ചു. യേശുവിനെ സ്വീകരിച്ച ഇസ്റയേൽ ഗോത്രങ്ങൾ ആ പ്രവാചകന്റെ തന്നെ ഉപദേശ പ്രകാരമാണ് അറേബ്യയിൽ ആഗതനായ മഹാനായ പ്രവാചകനിലും വിശ്വസിച്ച് ഇസ്ലാം മതവിശാസികളായി തീരുകയും ചെയ്തത്.

***Review of Religion-Feb 2015***
*(വിവ: എ.എം)*

## REFERENCE

1. Dr. Amtul Razzaq Carmichael, "The Lost Tribes of Isreal in India – A Genetic, Perspective", The Review of Religions, March, 2012, http://www.reviewofreligions.org/ 107/the-lost-tribes-of-israel-in-india-a-enetic-perspective/. 2. "And other sheep I have, which are not of this fold: them also I must bring, and they shall hear my voice; and there shall be onefold, and one shepherd" (Jn 10:16).3. Media is a place located in the north-western portions of present-day Iran.4. "But the comforter, which is the Holy Ghost, whom Father will send in my name, he shall teach you all things, and bring all things to your remembrance, whatsoever I have said unto you" (Jn 14-26).5. Mullah Khalee, Jan Puri Tarikhe Kashmir Maharajah Gulab Singh Kee Tasneef (trans: The History of Kashmir; Writings of Maharaj Gulab Singh).6. Diwaney Haji Mohammad Jam Qudsi (trans: Memoirs of Haji Mohammad Jam Qudsi), 1056.7. Isa is the name of Jesusas in one of the local language.8. Miguel Serrani, The Serpent of Paradise: The Story of an Indian Pilgrimmage (UK: 1963), 78.9. Boshia Paran Botee Sirg KHAND 3. Adhya 2 Asjloke 21-31.10. Boshia Paran Botee Sirg KHAND 3. Adhya 2 Asjloke 21-31.11. Sheikh Abdul Qadir, Bani Israel Lay Teen Gurooh (Afzal, Dec. 10 1979). Hasmat Kashmir Kay Qalmi Nuskhay (Punjab University Libraray Lahore, Calacutta Museum and British Library). 12. "But he answered and said, I am not sent but unto the lost sheep of the house of Israel" (Matt 15:24).13. Sir Francis Edward Younghusband, "The Project Gutenberg eBook, Kashimir", Gutenburg, May 7, 2012, http://www.gutenberg.org/files/39642/39642-h/39642-h.htm#Page_114-116.14. G T Vigne, Travel in Kashmir, Ladak, Iskardo. The countries Joining the Mountain Course of the Indus, vol. 1 (London: 1844).15. James Fergusson, "James Fergusson and Indian Architecture", Tokyo University, 2001, http://www.kamit.jp/08_fergusson/ferg_eng.htm. 16. James Ferguson, History of Indian and Eastern Archetecture (London: 1876), 286.17. Muazna Muzahib, Kasmir mein Bani Israel and Hazrat Isaas ka Qiyam uzz Tarikh(Trans: The History of Prophet Jesusas and Bani Israel in Kashmir) August, 2012, 44.18. James Turner Barclay, The City of the Great King: or, Jerusalem as it was… (Philadelphia: 1858), 184. 19. F Brenier, Travels in the Moghul Empire, 1656-58 (1891), 428, 20. F Brenier, Travels in the Moghul Empire, 1656-58 (1891), 430. 21. F Brenier, Travels in the Moghul Empire, 1656-58 (1891), 430. 22. F Brenier, Travels in the Moghul Empire, 1656-58 (1891), 430. 23. Assolul Kafee, Kitabul Hajja, 334. 24. Sir Franics Edward Younghusband, "A Corner of the Village of Pahlgam, Lidar Valley", Gutenberg, May 7, 2012, http://www.gutenberg.org/files/39642/39642-h/39642-h.htm#Page_129. 25. Mohammad Azam Deeda Murree, Tarikh Kashmir Uzma, Urdu Trans. (Lahore: 1995), 28. 26. "And I sent them with commandment unto Iddo the chief at the place Casiphia, and I told them what they should say unto Iddo, and to his brethren the Nethinims, at the place Casiphia, that they should bring unto us ministers for the house of our God" (Ezr 8:17). 27. Muazna Muzahib, Kasmir Mein Bani Israel and Hazrat Isaas ka Qiyam uzz Tarik (trans.: History of Bani Israel and the Prophet Jesusas in Kashmir), August, 2012. 28. "And other sheep I have, which are not of this fold: them also I must bring, and they shall hear my voice; and there shall be onefold, and one shepherd" (Jn 10:16).



# ഉയിർത്തെഴുന്നേൽപ്പോ? അബോധാവസ്ഥയിൽ നിന്നുള്ള ഉണർച്ചയോ?

യേശു കുരിശിൽ മരിച്ചിരുന്നില്ല എന്ന സത്യം സൂക്ഷ്മമായ വൈദ്യ ശാസ്ത്ര വസ്തുതകൾ വിശകലനം ചെയ്തുകൊണ്ടുള്ള ലേഖനം.

ഡോ. ട്രിവർ എ. ലോയ്ഡ് ഡേവിസ് &
മാർഗരറ്റ് ലോയ്ഡ് ഡേവിസ്

യേശുവിന്റെ കുരിശ് മരണത്തിന്റെ വൈദ്യശാസ്ത്രപരമായ വിശകലനം വളരെ ലളിതമാണ്. ഗതശമനയിലെ ഉത്കണ്ഠാകുലമായ രാത്രിക്ക് ശേഷം യേശുവിനെ അറസ്റ്റ് ചെയ്യുകയുണ്ടായി. മോശെയുടെ ന്യായപ്രമാണങ്ങളെ നിന്ദിച്ച കുറ്റത്തിന് യേശുവെ അവർ ബന്ധനസ്ഥനാക്കി. ക്ഷുഭിതരായ യഹൂദ പരമാധികാര വൈദിക സഭക്ക് (സുനേദ്രം) മുന്നിൽ ഹാജരാക്കി. മരണ ശിക്ഷക്ക് വിധിക്കപ്പെട്ട യേശുവിനെ വെള്ളിയാഴ്ച്ച അസ്തമിക്കുന്നതിന് മുമ്പായി മരിച്ചിരിക്കണമെന്ന് സംഭവിക്കാൻ സാദ്ധ്യതയില്ലാത്ത ആവശ്യവുമായി റോമൻ ന്യായാധിപനായിരുന്ന പീലാത്തോസിന് കൈമാറുകയും ചെയ്തു. ക്രിസ്തുവോടുള്ള ഒടുങ്ങാത്ത പക നിമിത്തമാണ് ജൂത വൈദിക സഭ അദ്ദേഹത്തെ വധശിക്ഷക്ക് വിധിച്ചതെന്ന് പിലാത്തോസിന് നല്ല ബോദ്ധ്യമുണ്ടായിരുന്നു. ഹെരോദോവുമായി ഇക്കാര്യം ചർച്ച ചെയ്തതായി ലൂക്കോസിന്റെ സുവിശേഷം സൂചിപ്പിക്കുന്നുണ്ട്. യേശുവിനെ മരണ ശിക്ഷയിൽ നിന്ന് രക്ഷിക്കാൻ പിലാത്തോസ് പരമാവധി രഹസ്യമായി പ്രവർത്തിച്ചു. പുറത്ത് തടിച്ചു കൂടിയ പുരുഷാരത്തോട് അഭിപ്രായ മാരാഞ്ഞപ്പോൾ യേശുവിനെ വധിച്ചേ മതിയാവൂ എന്നവർ ആർത്തട്ടഹസിച്ചു. മറ്റെല്ലാ കുറ്റവാളികളെയും പോലെ യേശുവേയും അവർ പ്രഹരിച്ചു. ഈയ്യകഷ്ണങ്ങളും ആടിന്റെ അസ്ഥികളും കൊണ്ട് അരിക് തുന്നിപിടിപ്പിച്ച തുകൽ കൂട്ടി പിരിച്ച ചമ്മട്ടി കൊണ്ട് അതിക്രൂരമായി യേശുവെ പ്രഹരിച്ചു. എത്ര പ്രഹരങ്ങൾ ഏറ്റു വാങ്ങിയെന്ന് തിട്ടമില്ല.

പടയാളികൾ കൊല്ലത്തിലൊരിക്കൽ വാർഷിക ചടങ്ങായി ഒത്തുകൂടി മദിച്ചുല്ലസിക്കുന്ന സൈനിക ചത്വരത്തിൽ അവർ യേശുവിനെ കൊണ്ടു പോയി. അവിടെ വെച്ച് യേശുവിന്റെ തലക്ക് മുള വടികൊണ്ട് പ്രഹരിച്ചു. പുതുതായി നിയമിക്കപ്പെടുന്ന ഭടന്മാർക്ക് അധികാര സൂചകമായി ചെങ്കോലിനെ അനുകരിച്ചു കൊണ്ട് നൽകുന്ന ഒരു കരുത്തേറിയ ആയുധമാണ് ഈ മുള വടി. റോമൻ പട്ടാളക്കാരേക്കാൾ മൃഗീയത കുറവാണെങ്കിലും പിന്നീട് അവിടെ നടന്ന കാര്യങ്ങളെ കുറിച്ച് ദൃക്സാക്ഷികളുടെ അഭാവം കാരണം യാതൊരു രേഖകളും ലഭ്യമല്ല.

തീക്ഷ്ണമായ ആഘാതങ്ങൾ യേശുവിന്റെ മാനസിക നടുക്കത്തിന് ആരംഭം കുറിച്ചിരിക്കണം. അസഹ്യമായ വേദനയും നീറ്റലും നാഡി വ്യൂഹതലങ്ങളിൽ രക്തവാർച്ചയുണ്ടാക്കിയിരിക്കും. തൽഫലമായുണ്ടാകുന്ന ശാരീരിക പ്രതികരണം ഹൃദയ സ്പന്ദന മാന്ദ്യം ഉണ്ടാക്കിയിരിക്കും. ഹൃദയമിടിപ്പും നാഡി

മിടിപ്പും മന്ദഗതിലായിട്ടുണ്ടാകും.

ശരീരത്തിന്റെ പിൻഭാഗത്ത് നിന്ന് രക്ത സ്രാവമുണ്ടായിരുന്നു. ശാരീരിക ശേഷി നിലനിർത്താനുള്ള ശരീര ധർമം പ്രവർത്തനങ്ങൾക്ക് വിചാരണ മുറിയിൽ നിൽക്കവേ തലയിലേറ്റ കഠിന പ്രഹരം തടസ്സം സൃഷ്ടിച്ചിരിക്കണം.

ന്യായാധിപ മന്ദിരത്തിൽ നിന്ന് ഏകദേശം 700 വാര ദൂരെ സ്ഥിതി ചെയ്യുന്ന ഗൊൽഗോത്ത (തലയോടിടം) എന്ന സ്ഥലം മറ്റെല്ലാ കുറ്റവാളികളെയും പോലെ യേശുവും കുരിശിന് കുറുകെയുള്ള മരത്തടി (പാറ്റിബുല, Patibulam) ചുമക്കേണ്ടി വന്നു കാതൽകൊണ്ട് ഉണ്ടാക്കിയ ഈ മരത്തടിക്ക് (7X6X4.) 40 റാത്തൽ (18 കി ഗ്രാം) തൂക്കം വരും. ഇത് ചുമക്കുവാൻ യേശു തികച്ചും അശക്തനായിരുന്നു. ഗോൽഗോത്തായിൽ വെച്ച് നിലത്ത് കിടത്തി പാറ്റിബുലത്തിൽ യേശുവിന്റെ കൈക്കുഴക്ക്(Wrist) അൽപ്പം മുകളിലായി ആണിയടിക്കപ്പെട്ടു. കണങ്കൈയിലെ മദ്ധ്യ നാഡിക്ക് ക്ഷതമേൽക്കാതിരിക്കാൻ തരമില്ല. പിന്നീട് കുരിശ് പൂർണമാക്കപ്പെടാനായി പാറ്റിബുലം യേശുവോടൊപ്പം ഉയർത്തി. കുരിശിന്റെ ലംബത്തിലുള്ള ഏപ്പിൽ കൊള്ളിച്ചു. കുത്തനെ നിർത്തി യേശുവിന്റെ പൃഷ്ടഭാഗം മരത്തടിയിൽ മുമ്പോട്ട് തള്ളി നിൽക്കുന്ന കമ്പിൻ കഷ്ണത്തിൽ തങ്ങിനിന്നു. കാൽമുട്ടുകൾ പാർശ്വങ്ങളിലേക്ക് വളച്ച് കാലിന്റെ ഉള്ളിലെ അസ്ഥിക്കും (Tibia) കണങ്കാലിൽ മാംസ പേശിയുമായി ബന്ധിക്കുന്ന സ്നായുവിനുമിടക്ക് ആണിയടിച്ചിറക്കി. അപ്പോൾ അദ്ദേഹത്തിന്റെ ശിരസ്സ് അടുത്ത് നിൽക്കുന്നവരിൽ നിന്ന് (ശിരസ്സുയർത്താൻ സാധിച്ചാൽ സംസാരിക്കത്തക്ക വിധം) 18 ഇഞ്ച് ഉയരത്തിൽ സ്ഥിതി ചെയ്തിരുന്നു.

യേശുവെ കുരിശിച്ചത് ഒരു വെള്ളിയാഴ്ച്ചയാണ്. അൽപ്പസമയം കഴിഞ്ഞ് (മൂന്ന് മണി കഴിഞ്ഞ ശേഷം) സൂര്യഗ്രഹണമുണ്ടായി. ഇതിന് ശേഷം വീണ്ടും മൂന്ന് മണിക്കൂർ കഴിഞ്ഞപ്പോൾ യേശു മഹാശബ്ദത്തോടെ ശബ്ദിച്ചു. (ഈ നിലവിളി പല വിധത്തിലും വ്യാഖ്യാനിക്കപ്പെടുന്നുണ്ട്) അടുത്തു നിൽക്കുന്നവൻ അദ്ദേഹം മരിച്ചുവെന്നുറപ്പിച്ചു. മൂന്നോ നാലോ ദിവസം കുരിശിൽ നരകവേദന അനുഭവിച്ച ശേഷം തൂങ്ങി ക്കിടക്കുന്ന അവസ്ഥയിൽ ശ്വസിക്കുവാനുള്ള പ്രയാസം കാരണമായാണ് സാധാരണ ഗതിയിൽ ക്രൂശിക്കപ്പെട്ട ആൾ മരിക്കുക. അനുഭവസമ്പന്നനായ പീലാത്തോസ് ക്രിസ്തുവെ കുരിശിൽ നിന്ന് ഇറക്കുന്നതിന് മുമ്പേ അദ്ദേഹം മരിച്ചിരിക്കുന്നുവോ എന്നറിയുന്നതിന് വേണ്ടി അന്വേഷണങ്ങൾ നടത്തിയിരിക്കും. പീലാത്തോസിന്റെ ഔദ്യോഗിക വസതിയിൽ നിന്ന് തലയോട്ടിയിടം വരെയുള്ള ദൂരം കനക്കിലെടുക്കുമ്പോൾ യേശുവെ കുരിശിൽ നിന്നും താഴെ ഇറക്കുന്നതിനുള്ള അനുമതി ലഭിക്കുന്നതിന് ഒന്നിലധികം മണിക്കൂർ ആവശ്യമായി വരും. ക്രിസ്തുവിനെ കുരിശിൽ നിന്ന് താഴെ ഇറക്കിയതിനെക്കുറിച്ചുള്ള വിശദ വിവരങ്ങൾ കഥയിൽ എവിടെയും പ്രതിപാദിച്ചു കാണുന്നില്ല എന്നത് ഒരു പ്രധാന പോരായ്മയാണ്. നാല് സുവിശേഷകരിൽ യോഹാന്നാന്റെ സുവിശേഷത്തിൽ മാത്രമേ യേശുവിന്റെ പാർശ്വങ്ങളിൽ കുന്തം കൊണ്ട് കുത്തിയപ്പോൾ രക്തവും വെള്ളവും തുള്ളിച്ചു വരുന്നതായി രേഖപ്പെടുത്തിയിട്ടുള്ളൂ. അത് ശരിയായിരുന്നുവെങ്കിൽ കൊടാവ് കൊണ്ട് പ്രഹരിച്ചപ്പോൾ യേശുവിന്റെ ചർമത്തിൽ പൊന്തിവന്ന പൊക്കിളുകൾ പടയാളികളിൽ ഒരുത്തൻ നേരംപോക്കിന് വേണ്ടി കുത്തിപൊട്ടിച്ചതാവാനേ തരമുള്ളു. (യോഹാന്നാന്റെ സുവിശേഷങ്ങളിലെ വൈദ്യശാസ്ത്ര പരമായ വിശ്വാസ്യത ലാസറുടെ കുഷ്ഠരോഗ കഥകൾ പോലെ പല കാരണങ്ങൾ കൊണ്ടും സംശയിക്കേണ്ടിയിരിക്കുന്നു.)

രക്തവും വെള്ളവും സ്രവിച്ചുവെങ്കിലും ക്രിസ്തു മരിച്ചുവെന്ന വിശ്വാസക്കാരനായിരുന്നു എ. ഡി 185 - 254 ൽ ജീവിച്ചിരുന്ന ഒറിഗൺ. എങ്കിലും മൃതശരീരത്തിൽനിന്ന് ഒരിക്കലും രക്തസ്രാവം ഉണ്ടാവുകയില്ലെന്ന് അദ്ദേഹം പ്രത്യേകം എടുത്ത് പറയുന്നുണ്ട്. അതിയായ അവശതയും ക്ഷീണവും കാരണം യേശു ഹൃദയം പൊട്ടിയാണ് മരിച്ചതെന്ന് ആദ്യം പറഞ്ഞത് (1847 - ൽ) സ്ട്രോസ് ആയിരുന്നു. അത്വരെ ആരും യേശുവിന്റെ മരണകാരണം സ്ഥാപിക്കാൻ പരിശ്രമിച്ചിരുന്നില്ല. അതേ സമയം ക്രിസ്തു തന്റെ ആത്മാവ് സ്വയം കൈവെടിഞ്ഞതാണോ എന്നും അനുഭാവപൂർവം അദ്ദേഹം പഠനം നടത്തുകയുണ്ടായി. 1887 ൽ റിസ് ഡൺ ബെന്നറ്റ് ഒരു പ്രബന്ധം പ്രസിദ്ധീകരിച്ചിരുന്നു. അതിൽ അദ്ദേഹം വിലാപുറത്ത് കുന്തം കൊണ്ട് കുത്തിയതിന്റെ ഫലമായുണ്ടായ കഠിനമായ മാനസിക വ്യഥ മൂർധന്യാവസ്ഥയിലെത്തുകയും അത് മൂലമുണ്ടായ ഹൃദയ തകർച്ച കാരണം യേശുവിന് മരണം സംഭവിച്ചുവെന്നുമാണ് സമർഥിക്കുന്നത്. കെമറോണും മൺഡലും കഠിനമായ നടുക്കവും ഭീതിയും കാരണം യേശുവിന് അതിയായ വയർ സ്തംഭനം അനുഭവപ്പെട്ടുവെന്ന് വിശ്വസിച്ചിരുന്നു. കെമറോണിന്റെ കാഴ്ച്ചപാടിൽ വിധിനിർണായകമായ ഘടകം അത് തന്നെയായിരുന്നു. യോഹന്നാന്റെ മൂലസുവിശേഷത്തിൽ ധ്വനിപ്പിക്കുന്നതിനേക്കാൾ വലിയ അർഥമാണ് രക്തത്തിനും വെള്ളത്തിനും റെൺഡൽ ഷോർട്ട് വിലയിരുത്തുന്നുന്നത്. ഹൃദയത്തിനേറ്റ മുറിവ് കാരണമാണ് മരണമുണ്ടായതെന്ന സ്ട്രേറ്റഡിന്റെ കാഴ്ച്ചപാട് ദൈവ ശാസ്ത്രപരമായ കാരണങ്ങളാൽ റെൺഡൽ ഷോർട്ട് തള്ളിക്കളയുകയാണുണ്ടായത്. യേശു കുരിശിൽ വെച്ച് മരിച്ചിരുന്നില്ലെന്നും ശാരീരിക പ്രവർത്തനങ്ങൾ വളരെ മന്ദീഭവിച്ച അവസ്ഥയിൽ മരിച്ചതായി തോന്നിയതാണെന്നും അരിമത്യായിലെ യോസഫ് അസൂത്രണം ചെയ്തത് പോലെ കല്ലറയിൽ വെച്ച് ചികിത്സിച്ചതിൽ പിന്നെ സുബോധത്തിലേക്ക് വന്നുവെന്നുമാണ് പ്രിംറോസ് അഭിപ്രായ

പ്പെടുന്നത്. യേശുവിന്റെ നെഞ്ചത്തും വയറ്റത്തും പ്രഹരമേറ്റിരുന്നുവെന്ന തെറ്റിദ്ധാരണ മൂലം വയറ്റിൽ നിന്നായിരുന്നു ജലം പുറത്തേക്ക് വന്നതെന്നായിരുന്നു പ്രിംറോസ് കരുതിയിരുന്നത്. അസംഭവ്യമെന്ന് തോന്നിക്കുന്ന ഈ കാഴ്ച്ചപാടിനെ വിൽക്കിൻസൺ എതിർക്കുന്നു. യേശുവിന്റെ അകാല ചരമത്തെ വിശദീകരിക്കേണ്ട ആവശ്യകതയെ വിൽക്കിൻസൺ പ്രത്യേകം ചൂണ്ടിക്കാട്ടുന്നു. അതേ സമയം സുവിശേഷകന്മാർ യേശുവിന് സംഭവിച്ചതായി കരുതുന്ന മരണത്തെക്കുറിച്ച് വർണിക്കാനുപയോഗിച്ച ഗ്രീക്ക് ക്രിയാ പദങ്ങൾ യേശുവിന്റെ സ്വബോധത്താലുള്ള ആത്മത്യാഗമായാണ് സൂചിപ്പിക്കുന്നതെന്നും അദ്ദേഹ ത്തിന്റെ അതിശബ്ദത്തിലുള്ള നിലവിളി ആത്മപരിത്യാഗ സമയത്തുണ്ടായതാകണമെന്നുമാണ് വിൽക്കിൻസൺ അഭിപ്രായപ്പെടുന്നത്. 1986 ൽ എഡ്വേർഡും കൂട്ടുകാരും കുരിശിൽ തറക്കൽ സംബന്ധിച്ച് രോഗനിദാന ശാസ്ത്രാടിസ്ഥാനത്തിലുള്ള രംഗാവതരണ ചിത്രീകരണങ്ങളോട് കൂടിയ പ്രബന്ധത്തിൽ യേശുവിന്റെ മഹാശബ്ദത്തോടുകൂടിയുള്ള കരച്ചിൽ ആകസ്മിക വിപത്തിനെക്കുറിച്ചുള്ള മുന്നറിയിപ്പായിരുന്നു വെന്നാണ് വിലയിരുത്തുന്നത്. അത് ധമനികളിൽ രക്തം കട്ട പിടിച്ചതോ ഹൃദയത്തിന്റെ താളപ്പിഴയോ ആയിരുന്നു മരണഹേതു എന്നാണ് അവർ കരുതുന്നത്. ഗുരുതരമായ ശക്തി ക്ഷയവും കഠിനമായ നടുക്കവും കാരണമുണ്ടായ നാഡീ സങ്കോചമടക്കം ഉള്ള ബഹുവിധ കാരണങ്ങളെല്ലാം കൂടിയാണ് മരണം സംഭവിക്കാൻ കാരണമെന്ന് സൂചിപ്പിക്കുന്നുവെങ്കിലും അതുകൊണ്ട് തന്നെയാണെന്ന് അവർ തറപ്പിച്ചു പറയുന്നില്ല. സചിത്രവർണനകളിൽ ഒന്ന് നെഞ്ചിലൂടെ കുന്തമുന കടന്ന് പോകാനിടയുള്ള മാർഗം വിശദീകരിക്കുന്നതാണ്. ഒരിക്കലും നടന്നിട്ടില്ലാത്ത ഒരു സംഭവത്തെകുറിച്ച് വിശ്വസിപ്പിക്കുവാൻ മാത്രമേ നിർഭാഗ്യവശാൽ


യേശുവിന്റെ കാലത്തെ മൃതശരീര ശുശ്രൂഷയ്ക്കുള്ള കല്ലറ

ഇത് ഉപകരിക്കൂ.

### അനുമാനം (Hypothesis)

കൂടെയുണ്ടായിരുന്ന മറ്റെല്ലാ കുറ്റവാളികളും പ്രഹരിക്കപ്പെട്ടിരുന്നു. അവരാരും തന്നെ കുരിശിന്റെ പാറ്റിബുലം വഹിക്കാൻ കഴിയാത്ത വിധം പരവശരായിരുന്നില്ല. വിചാരണ മുറിയിൽ വെച്ച് ദേഹത്തും ശിരസ്സിന്മേലുമേറ്റ കനത്ത പ്രഹരങ്ങൾ യേശുവിനെ അതീവ ക്ഷീണിതനാക്കിയിരിക്കണമെന്നും അത് കാരണം മറ്റു കുറ്റവാളികളെ പോലെ പാറ്റിബുലം ചുമക്കാൻ കഴിഞ്ഞില്ലെന്നുമാണ് ഒരു പ്രബലമായ അനുമാനം. കുരിശിൽ വച്ചുണ്ടായ പെട്ടെന്നുണ്ടായ മോഹാലസ്യത്തിന് തലക്കേറ്റ പ്രഹരവും കാരണമായിട്ടുണ്ടാകാം. കുരിശിലേറ്റപ്പെട്ടപ്പോൾ യേശുവിനുണ്ടായ നടുക്കവും താഴ്ന്ന രക്തസമ്മർദവും തലച്ചോറിലേക്കുള്ള രക്തപ്രവാഹം കുറക്കുകയും തന്മൂലം പെട്ടെന്ന് മോഹാലസ്യം സംഭവിക്കുകയും ചെയ്തിരിക്കണം. ചലനമറ്റ ശരീരവും തൊലിയുടെ ചാരനിറവും മരിച്ചതായി കാണികളെ തെറ്റിദ്ധരിപ്പിച്ചിരിക്കാം. അടുത്ത് നിൽക്കുന്നവർ തീർച്ചയായും യേശു മരിച്ചതായി തെറ്റിദ്ധരിച്ചു കാണും. മോഹാലസ്യത്തിന് തൊട്ടുമുമ്പുള്ള ഉച്ചത്തിലുള്ള നിലവിളി (എന്താണ് പറയാൻ ശ്രമിച്ചതെന്ന് ആർക്കും ഒരു നിശ്ചയവുമില്ല.) ശബ്ദത്തോടുകൂടിയ ശ്വസനമല്ലാതെ മറ്റൊന്നുമായിരിക്കില്ല. കുരിശിൽ നിന്നിറക്കി താഴെക്കിടത്തിയ ശേഷം രക്തചംക്രമണം പൂർവസ്ഥിതി പ്രാപിക്കുന്നത് വരെ തലച്ചോറിലേക്കുള്ള ഓക്സിജൻ പ്രവാഹം പരമാവധി തുച്ഛവും എന്നാൽ നിർണായക പരിധിയേക്കാൾ അൽപ്പം അധികവുമായിരിക്കണം. സൂര്യഗ്രഹണ സമയത്തുണ്ടായ തണുപ്പ് രക്ത സമ്മർദം നില നിർത്താൻ ഉതകിയിരിക്കണം.

യേശുവിൽ ജീവലക്ഷണങ്ങൾ കണ്ടതിനെ തുടർന്ന് ശബത്ത് നാളായതിനാൽ ശവസംസ്ക്കാര ചടങ്ങുകൾ ഒഴിവാക്കാനുള്ള ഉദ്ദേശ്യത്തോടെ യേശുവെ ശവക്കുഴിയിൽ അടക്കം ചെയ്യുന്നതിന് പകരം കൊണ്ട് പോയി കല്ലറയിൽ വെച്ചത് ശുശ്രൂഷിച്ച് പരിചരിക്കാൻ വേണ്ടിയായിരുന്നു.

യേശുവിന്റെ പിന്നീടുള്ള പ്രത്യക്ഷപ്പെടൽ യഥാർഥ്യമായിരുന്നാലും മിഥ്യയായാലും ഉയിർത്തെഴുന്നേൽപ്പിനോ പുനരുജ്ജീവിപ്പിക്കലിനോ മതിയായ തെളിവാകുന്നില്ല. സംശയാസ്പദമായ സ്വർഗാരോഹണം ഒഴിച്ചു നിർത്തിയാൽ ആരും അദ്ദേഹത്തെ കണ്ടിട്ടില്ല. യേശുവിന്റെ സാങ്കൽപ്പിക മരണാനന്തരം ശിഷ്യന്മാരും സ്ത്രീകളും ദിവസങ്ങളോളം അതിനോട് ഒരു വിധത്തിലും വൈകാരികമായി പൊരുത്തപ്പെടാൻ കഴിയാത്ത വിധം ശക്തമായ മാനസിക സമ്മർദാവസ്ഥയിലായിരുന്നു.

അദ്ദേഹത്തിന്റെ അനുയായികൾ കടുത്ത മാനസിക സംഘട്ടനങ്ങളുടെ ഫലമായുണ്ടാകുന്ന പ്രേരണാ വിധേയത്വത്തിന് ( ഒരേ സമയത്ത് നടക്കുന്ന രണ്ട് മാനസിക സംഘട്ടനങ്ങളുടെ ഫലമായി അവയി ലൊന്ന് നിരോധിക്കപ്പെടുന്ന അവസ്ഥ) വിധേയമായിക്കഴിയുന്ന സന്ദർഭത്തിലായിരുന്നു അത്. യുദ്ധശേഷമുണ്ടാകുന്ന തളർച്ചയോടും അഭിപ്രായ ഗതിമാറ്റുവാനോ കുറ്റസമ്മതം നടത്തുവാനോ മനസ്സിന് നിരന്തര സമ്മർദമേൽപ്പിക്കുന്നതിനോടും സമാനമായ ഒരവസ്ഥ. ഇത് സംബന്ധിച്ച വിവരണങ്ങളിൽ പോൾ കോഗൺ ഈ മാനസിക പ്രക്രിയയെ അന്വേഷണം, വെളിപാട്, ആജ്ഞാപനം എന്നാണ് വിശേഷിപ്പിച്ചിരിക്കുന്നത്. ഭാവനാവിലാസങ്ങൾ വികാര തീവ്രതയിൽ നിന്ന് മുക്തമാക്കുവാൻ സഹായിക്കുന്നു. മറ്റൊരു വിധത്തിൽ പറഞ്ഞാൽ ശിഷ്യന്മാരും സ്ത്രീകളും ഒരു വിലോമ പ്രതിപ്രവർത്തനത്തിന് വിധേയമായിക്കൊണ്ട് ശാന്തിയും സ്ഥിരതയും കൈവരിച്ചു.

**ഉപസംഹാരം**

ന്യായാധിപ മന്ദിരത്തിൽ വെച്ച് ലഭിച്ച കനത്ത പ്രഹരങ്ങൾ കാരണം യേശുവിന് പെട്ടെന്ന് മോഹാലസ്യമുണ്ടാകുകയും കുരിശിൽ നിന്ന് നിർദിഷ്ട സമയത്തിന് മുമ്പ് തന്നെ ഇറക്കാനിടയാകുകയും ചെയ്തു. യേശുവിന്റെ ശിഷ്യന്മാർക്കും സ്ത്രീകൾക്കുമിടയിലുള്ള വ്യക്തി പരവും സംഘപരവുമായ പ്രേരണ വിധേയത്വം (വശഗത്വം) യേശുവിന്റെ തുടർന്നുള്ള പ്രത്യക്ഷപ്പെടലുകളെ വിശദീകരിക്കുന്നു. ഈ സങ്കൽപ്പസിദ്ധാന്തം യേശുവിനെ സംബന്ധിച്ച ചരിത്രപരമായ തെളിവുകളെ അംഗീകരിക്കുകയും നടന്ന സംഭവങ്ങളെ ആധുനിക വിജ്ഞാനത്തിന്റെ വെളിച്ചത്തിൽ വിശദീകരിക്കുകയും ചെയ്യുന്നു.

വിശ്വാസം ചിന്താശേഷിയെ നിശ്ചേതനമാക്കുകയോ അശാസ്ത്രീയ സങ്കൽപ്പങ്ങളെ വെച്ച് പുലർത്താൻ പ്രേരിപ്പിക്കുകയോ ചെയ്യുന്നില്ല. അതിന്റെ തത്ത്വസംഹിതകൾക്കുള്ളിൽ നിന്നുകൊണ്ട് തെളിയിക്കപ്പെട്ട വസ്തുതകളംഗീകരിക്കുവാൻ സാധിച്ചാൽ ക്രിസ്തുസഭക്ക് കൂടുതൽ കരുത്ത് ആർജിക്കുവാൻ സാധിക്കുന്നതാണ്. അതിന് സാധിക്കാതെ വന്നാൽ ഭൂരിഭാഗം ജനങ്ങളുടെ വിശ്വാസ സീമകൾക്കപ്പുറം അവശേഷിക്കുന്നത് അന്ധവിശ്വാസം മാത്രമായിരിക്കും.



# കുരിശ്

ക്രിസ്തുമതത്തിന്റെ പ്രതീകമാണ് കുരിശ്. ക്രിസ്തുമതത്തിന് മുമ്പ് തന്നെ റോമക്കാരും പേർഷ്യക്കാരും കുറ്റവാളികളെ കൊല്ലാനു പയോഗിച്ച കൊലമരമായിരുന്നു കുരിശ്. കുരിശ് എന്ന മലയാള പദം ക്രൂസ് (Cruz) എന്ന പോർട്ടുഗീസ് പദത്തിൽ നിന്ന് വന്നതാണ്. ലത്തീൻ ഭാഷയിൽ Crux എന്നാണ് പ്രയോഗം. യേശുവിനെ ക്രൂശിച്ച കുരിശ് രണ്ട് വിധത്തിലാകാനാണ് സാധ്യത എന്നു പറയപ്പെടുന്നു അന്തോണിയുടെ കുരിശ് അഥവാ ക്രുക്സ് കമ്മിസാ (Crux commissa) ആണ് ഒന്ന്. ഇതിന് 'T' ആകൃതിയാണുള്ളത്. മറ്റൊന്ന് ലത്തീൻ കുരിശാണ്. (Crux Immissa) അതിന്റെ ആകൃതി † ആണ്. മത്തായി 27:37, മാർക്കോസ് 15:26, ലൂക്കോസ് 23:28, യോഹന്നാൻ 19:19, 22 എന്നീ വചനങ്ങൾ സൂചിപ്പിക്കുന്നത് യേശുവിനെ കുരിശിച്ചത് ക്രുക്സ് ഇമ്മിസയിലാണെന്നാണ്. 7 1/2 അടി മുതൽ 9 അടി വരെയായിരുന്നു കുരിശിന്റെ നീളം. കുരിശിന് കുത്തനെയുള്ള (Verticle Piece) ഒരു മരക്കഷണവും കുറുകെയുള്ള ഒരു മരക്കഷണവും ആണുള്ളത്. കുറുകെയുള്ള ഈ മരക്കഷണത്തെയാണ് പാറ്റിബുലം (Pattibulum) എന്ന് പറയുന്നത്. കുരിശ് ശിക്ഷക്ക് ശിക്ഷിക്കപ്പെട്ടയാൾ തന്നെയാണ് ക്രൂശിക്കുന്ന സ്ഥലത്ത് പാറ്റിബുലം ചുമന്ന് കൊണ്ട് വരേണ്ടത്. ക്രൂശിക്കുന്നതിന് മുമ്പായി ചമ്മട്ടിയടി (Flagellum) ഉണ്ടാകാറുണ്ട്. ഇയ്യഗോളങ്ങളും എല്ലിൻ കഷണങ്ങളും തുകൽ വാറിൽ പൊതിഞ്ഞ ഒരു ആയുധമാണ് ചമ്മട്ടി. വധസ്ഥലത്തെത്തിയാൽ പ്രതിയെ വിവസ്ത്രനാക്കുകയും പാറ്റിബുലത്തിൽ കൈകൾ രണ്ടും കെട്ടി കുത്തനെ നാട്ടിയ മരത്തടിയുടെ കൊതയിൽ പാറ്റിബുലം ഉറപ്പിക്കും. അതിന് ശേഷം ആണിയടിച്ചുകൊണ്ടാണ് ക്രൂശീകരണം നടത്തുക.

– എ. എം

വിവാഹ മോചനവും ലിംഗ സമത്വവും ഇന്ത്യൻ വ്യക്തിനിയമത്തിൽ 12

# ഖുലാ

ദാമ്പത്യത്തിലേർപ്പെട്ട ഇരു കക്ഷികൾക്കും വിവാഹജീവിതം സന്തോഷവും സംതൃപ്തിയും പ്രദാനം ചെയ്യുന്നില്ലെങ്കിൽ വിവാഹ ബന്ധം വേർപിരിയാനുള്ള അവകാശം ഭർത്താവിനെ പോലെ തന്നെ ഭാര്യക്കും ഇസ്‌ലാം അനുവദിക്കുന്നു. ഖുലാ എന്ന് അറിയപ്പെടുന്ന ഇസ്‌ലാമിലെ സ്ത്രീ പക്ഷ നിയമത്തെ പറ്റി ലേഖകൻ വിവരിക്കുന്നു.

ഡോ. കൗസർ എടപ്പകത്ത്

സ്വച്ഛമായ ശരീഅത്ത് നിയമവും അത്പോലെ ഇന്ത്യൻ വ്യക്തി നിയമവും ഭാര്യയുടെ ഭാഗത്ത് നിന്നുള്ള കോടതി മുഖാന്തിരമുള്ളതും കോടതി ബാഹ്യവുമായ വിവാഹ മോചനം അനുവദിക്കുന്നുണ്ട്. മറ്റു മതസമൂഹങ്ങളിലെ വ്യക്തി നിയമങ്ങളിൽ നിന്നും ഭിന്നമായി കോടതിയുടെ ഇടപെടലില്ലാതെ പരസ്പര സമ്മതത്തോടുകൂടിയുള്ള ഏതൊരു വിവാഹ മോചനവും ശരീഅത്ത് നിയമം അംഗീകരിക്കുന്നുണ്ട്.

മുസ്‌ലിം നിയമ പ്രകാരം ഭാര്യയുടെ ഭാഗത്ത് നിന്നുള്ള അപേക്ഷ പ്രകാരം, കോടതി ബാഹ്യമായ വിവാഹ മോചനം തലാഖ് തഫവിസ് അഥവാ ഖുലാ രൂപത്തിലുള്ളതാണ്. ചില പ്രത്യേക സാഹചര്യത്തിൽ ഭാര്യക്ക് വിവാഹ ബന്ധം വേർപ്പെടുത്താനുള്ള അവകാശം വിവാഹാവസരത്തിൽ തന്നെയുള്ള ഒരു കരാറിൽ നിക്ഷിപ്തമാക്കാവുന്നതാണ്. ഇതിനെയാണ് തലാഖെ തവഫിസ് (Delegated Divorce) നിയുക്തോപാധികളോടുകൂടിയ വിവാഹ മോചനം) എന്ന് പറയുന്നത്. വിവാഹക്കരാറിൽ അത്തരത്തിലുള്ള ഒരു ഉപാധി ഉൾപ്പെടുത്താതെ തന്നെ ഒരു മുസ്‌ലിം ഭാര്യക്ക് തന്റെ ജീവനാംശം വേണ്ടെന്ന് വെച്ച് കൊണ്ടോ ഭർത്താവിൽ നിന്നു ലഭിക്കാനുള്ള മറ്റ് സ്വത്തുക്കൾ ത്യജിച്ചുകൊണ്ടോ വിവാഹബന്ധത്തിൽ നിന്നും മോചനം നേടാവുന്നതാണ്. ഇത്തരം വിവാഹമോചനത്തെ ഖുലാ എന്ന് വിളിക്കാം. പരസ്പര സമ്മതത്തോടെയുള്ള വിവാഹ മോചനത്തെ മുബാറത്ത് എന്നാണ് പറയുക. ഈ വിവാഹ മോചനത്തിൽ ഇരു കൂട്ടർക്കും വിടുതിയും മോചനവും ലഭിക്കുന്നു. ഇസ്‌ലാമിക നിയമത്തിലെ ഫസ്ഖ് നിയമ പ്രകാരമുള്ള വിവാഹ മോചനം 1939 ലെ ആക്റ്റ് അനുസരിച്ച് ഇന്ത്യയിൽ കോടതി മുഖേന അപഭ്രംശിതമായ സാഹചര്യത്തിൽ (Fault Ground) കോടതി മുഖേന അനുവദിക്കുന്നതാണ്.

മേൽപറഞ്ഞ വിവാഹമോചന സമ്പ്രദായങ്ങൾക്ക് പുറമേ 1937 ലെ മുസ്‌ലിം (ശരീഅത്ത് ) പ്രയുക്ത നിയമ പ്രകാരം (Muslim personal law (*Shariat*) Application Act, 1937) മൂന്ന് തരത്തിലുള്ള ആചാര പരമായ വിവാഹ മോചനം പരാമർശിക്കുന്നുണ്ട്. ഇലാ, സിഹ്റ്, ലിയാൻ എന്നിവയാണവ. ഭാര്യയുടെ ഭാഗത്ത് നിന്നുള്ള കോടതി ബാഹ്യമായ വിവാഹ മോചനമാണിത്.

## ഖുലാ

മുസ്‌ലിം നിയമം പുരുഷന് ലഭിക്കുന്ന തലാഖിനുള്ള അവകാശം പോലെ തന്നെ വിവാഹബന്ധം വിച്ഛേദിക്കാനുള്ള അവകാശം ഭാര്യക്കും ഖുല മുഖേന നൽകുന്നു. വിവാഹബന്ധം പുനസ്ഥാപിക്കാൻ കഴിയാത്ത വിധം പരാജയമായിരിക്കുന്നുവെന്ന് ബോദ്ധ്യപ്പെടുന്ന ഭർത്താവ് അന്തിമമായി തലാഖ് പ്രഖ്യാപനത്തിൽ അഭയം തേടുന്നു. അപ്രകാരം വിവാഹബന്ധം പരിപൂർണമായും പരാജയപ്പെട്ടു എന്ന് ബോദ്ധ്യമാവുന്ന ഭാര്യക്കും ഖുല എന്ന അവകാശം ഉപയോഗിച്ച് ഭർത്താവിനേയും ഉപേക്ഷിക്കാവുന്നതാണ്. പുരുഷന് തലാഖിനുള്ള അവകാശം പോലെ തന്നെ ഖുല മുതാത്തിസ് എന്നും ഖുല മുത്തന്തിസ് എന്നും രണ്ട് വിധമുണ്ട്. ഖുല; തലാഖിന് സമാന്തരമാണ്. വസ്തുതയെന്താണെന്ന് വെച്ചാൽ ബഹുഭൂരിപക്ഷം മുസ്‌ലിംകളും അതിനേക്കാൾ കൂടുതലായി അമുസ്‌ലിംകളും മുസ്‌ലിം നിയമത്തിന്റെ പുരോഗമനപരമായ ഈ ഘടകത്തെപറ്റി അറിയില്ല.

ഇസ്‌ലാമിന് മുമ്പ് വിവാഹ മോചനം ആവശ്യപ്പെടാൻ പ്രായോഗികമായി ഭാര്യക്ക് യാതൊരു അവകാശവുമില്ലായിരുന്നു. മുഹമ്മദ് നബി(സ)ക്ക് വെളിപ്പെട്ട ഖുർആനിക നിയമങ്ങളാണ് ഭാര്യക്ക് ഭർത്താവിൽ നിന്ന് വിവാഹ മോചനം ലഭിക്കാൻ മഹർ സ്വത്ത് പൂർണമായോ ഭാഗികമായോ തിരികെ നൽകിക്കൊണ്ട് ഭർത്താവിൽ നിന്നും വിവാഹ മോചനം ലഭിക്കാനുള്ള അവകാശം നൽകിയത്.

വിശുദ്ധ ഖുർആന്റെ ഒരു വചനം ആധാരമാക്കിയാണ് ഖുലാ സ്ത്രീകൾക്ക് അവകാശമാക്കിയിരിക്കുന്നത്. ഖുർആൻ പറയുന്നു:

***നിങ്ങൾ അവർ(ഭാര്യമാർ)ക്ക് നൽകിയിട്ടുള്ളതിൽ നിന്ന് യാതൊന്നും തിരികെ വാങ്ങുന്നത് നിങ്ങൾക്ക് അനുവദനീയമല്ല. രണ്ടുപേരും അല്ലാഹുവിന്റെ നിയമാതിർത്തികളെ നിലനിർത്തുകയില്ലെന്ന് ഭയപ്പെടുന്നുവെന്നങ്കിലല്ലാതെ. എന്നാൽ അല്ലാഹുവിന്റെ നിയമ പരിധികളെ പാലിക്കുവാൻ അവർക്ക് കഴിയാതെ വരുമെന്ന് നിങ്ങൾ ഭയപ്പെടുന്നുവെങ്കിൽ അപ്പോൾ എന്തുനൽകികൊണ്ട് അവൾ (വിവാഹ) മോചനം നേടുന്നുവോ അതിലവർക്ക് ഇരുവർക്കും കുറ്റമില്ല. അല്ലാഹുവിന്റെ നിയമപരിധികളാണവ. അതുകൊണ്ട് ഇവയെ നിങ്ങൾ ലംഘിക്കരുത്. ആരെങ്കിലും അല്ലാഹുവിന്റെ നിയമ പരിധികളെ അതിലംഘിക്കുന്നുവെങ്കിൽ അറിയുക അവർ തന്നെയാണ് അധർമികൾ (2:229).*** വിശുദ്ധ ഖുർആൻ 2: 229 വചനം വ്യാഖ്യാനിച്ചു കൊണ്ട് മൗലാനാ മുഹമ്മദലി പറയുന്നു:

ഈ വചനം വിവാഹ മോചനം ഭാര്യക്കും ആവശ്യപ്പെടാനുള്ള അവകാശം നൽകുന്നു. ഭാര്യ മഹർ മുഴുവനുമായോ ഭാഗികമായോ വേണ്ടെന്ന് വെക്കുകയാണെങ്കിൽ വിവാഹ മോചനം ഭാര്യക്കും ആവശ്യപ്പെടാനുള്ള അവകാശം ഇസ്‌ലാമിന്റെ സവിശേതഷതകളിലൊന്നാണ്.[1]

തുല്യതയനുസരിച്ച് ഒരു സ്ത്രീക്ക് അവർക്കെതിരായതിനനുസരിച്ചും അവകാശമുണ്ടായിരിക്കണം.[2]

അതിലുപരിയായി ഇസ്‌ലാമിലെ വിവാഹം എന്നത് (ഖുർആൻ 4:22 പ്രകാരം) ഇരുകക്ഷികൾക്കും തുല്യ പ്രാധാന്യമുള്ളതും അതിൽ ഏതെങ്കിലും ഒരു കക്ഷി ദുർബലപ്പെടുന്നതുമായ പാവനമായ ഒരു കരാറാണ്. ഖുല എന്നത് അവളിൽ മാത്രം അധികാരം നിക്ഷിപ്തമായ ഒരു അവകാശമാണ്. യാതൊരു കാരണവും ബോധിപ്പിക്കാതെ അവൾക്ക് ആ അവകാശം വിനിയോഗിക്കാവുന്നതാണ്. പ്രഖ്യാതമായ ഒരു ഹദീസിൽ (പ്രവാചകന്റെ വചനം) പറയുന്നു: ഒരിക്കൽ ഒരു സ്ത്രീ പ്രവാചകന്റെ അടുക്കൽ വരികയും അവൾ തന്റെ ഭർത്താവിൽ നിന്നും വിവാഹ മോചനം (ഖുല) വേണമെന്ന ആവശ്യം ഉന്നയിക്കുകയുമുണ്ടായി. പ്രവാചകൻ അവരുടെ ആവശ്യം പുന:പരിശോധിക്കാൻ ഉപദേശിക്കുകയുണ്ടായി. അപ്പോൾ അവർ പ്രവാചകനോട് ചോദിച്ചു: ഇത് അങ്ങയുടെ ശുപാർശയോ അല്ലെങ്കിൽ കൽപ്പനയോ?. പ്രവാചകൻ പ്രതിവചിച്ചു. ഇത് എന്റെ ഒരു ശുപാർശ മാത്രമാണ്. പ്രവാചകന്റെ ശുപാർശ പാലിക്കാൻ നിർവാഹമില്ലെന്ന് അവർ പറയുകയും അവർക്ക് ഖുല അനുവദിക്കപ്പെടുകയുമാണുണ്ടായത്. സ്ത്രീകൾക്ക് പ്രവാചകന്റെ കാലത്ത് വേണ്ടുവോളം സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിരുന്നു എന്ന് ഈ സംഭവം തെളിയിക്കുന്നു.[3]

സാബിത്തിബ്നു ഖൈസിന്റെ ഭാര്യയായ ജമീലയുമായുണ്ടായ സംഭവം വളരെ പ്രശസ്തമാണ്. അവരുടെ ഭർത്താവ് അവരെ അഗാധമായി സ്നേഹിച്ചിരുന്നുവെങ്കിലും അവർ തന്റെ ർത്താവിനെ വളരെയധികം വെറുത്തിരുന്നു. തന്റെ ഒരു തോട്ടം ഭർത്താവായ സാബിത്ത് ബിനൂ ഖൈസിന്ന് നൽകിക്കൊണ്ട് ഞാൻ അദ്ദേഹത്തിൽ നിന്നും വിവാഹ മോചനം നേടാൻ ഉദ്ദേശിക്കുന്നു എന്ന് ജമീല പ്രവാചകനെ അറിയിച്ചു. സാബിത്തിബ്നു ഖൈസ് വളരെ വിരൂപനായിരുന്നു. ഞാൻ ദൈവത്തെ ഭയപ്പെടുന്നില്ലായിരുന്നുവെങ്കിൽ അദ്ദേഹം എന്നെ സമീപിക്കുമ്പോൾ ഞാൻ അദ്ദേഹത്തിന്റെ മുഖത്ത് അടിക്കുമായിരുന്നു എന്നും അവർ പറഞ്ഞു. ദൈവത്തെ ഭയപ്പെട്ടുകൊണ്ടുള്ള ജീവിതപരിധിയിൽ പോലും ഭാര്യക്ക് ഭർത്താവിൽ നിന്നും വിവാഹ മോചനം നേടാനുള്ള അവകാശത്തെ പ്രവാചകൻ അംഗീകരിച്ചിരുന്നു. ദാമ്പത്യ ജീവിതം പുരുഷന് മാത്രല്ല സ്ത്രീക്കും സന്തുഷ്ടിയും സന്തോഷവും പകർന്നു നൽകുന്നില്ലെങ്കിൽ ദാമ്പത്യബന്ധത്തിലേർപ്പെട്ട ഇരു കക്ഷികൾക്കും വിവാഹ ബന്ധത്തിൽനിന്നും മോചനം നേടാൻ ഒരു പോലെ സ്വാതന്ത്ര്യമുണ്ടെന്ന് ജമീലയുടെ ഈ സംഭവം വ്യക്തമാക്കുന്നു.

## നടപടി ക്രമങ്ങളും ഉപാധികളും

ഖുല മുഖേനയുള്ള വിവാഹമോചനം എന്നത് വിവാഹ ബന്ധത്തിൽ നിന്നും വിമോചിതയാവാൻ ഭാര്യ കൊടുക്കുന്ന അപേക്ഷയോ അല്ലെങ്കിൽ അപേക്ഷ കൊടുക്കാനുള്ള സമ്മതമോ ആണ്. ഈ വിഷയത്തിൽ ഭർത്താവും ഭാര്യയും തമ്മിലുള്ള പരസ്പരം വില പേശലിൽ അവരുടെ മഹർ (വിവാഹാവാസരത്തിൽ കൊടുക്കുന്ന വിവാഹ മൂല്യം) മറ്റു അവകാശങ്ങൾ മറ്റു കരാറുകൾ എല്ലാം തന്നെ ഭർത്താവിന്റെ താൽപര്യത്തിന് അനുകൂലമായിട്ടായിരിക്കും നിർണയിക്കപ്പെടുക.

ഖുല കോടതിക്ക് പുറത്ത് വെച്ച് ജഡ്ജിയുടെ (ഖാസി) ഇടപെടൽ കൂടാതെ വാമൊഴിയായോ വരമൊഴിയായോ (ഖുലാനാമ) കൊടുക്കാം. ഖുല നൽകുന്ന പ്രശ്നത്തിൽ ഖാസിയുടെ ഇടപെടൽ ആവശ്യമില്ല. ഭർത്താവ് വല്ല തടസ്സവും

സൃഷ്ടിക്കുകയാണെങ്കിൽ ഖുല ആവശ്യമായ ഭാര്യക്ക് ജഡ്ജിയുടെ ഇടപെടൽ തേടാവുന്നതാണ്. ഭാര്യ ഖുലയിൽ ഉറച്ച് നിൽക്കുകയാണെങ്കിൽ ജഡ്ജിക്ക് ഇക്കാര്യത്തിൽ തന്റെ വിവേചനാധികാരം ഉപയോഗി ക്കാനുള്ള അവസരമില്ല.[4] അപേക്ഷയിലോ ഇടപെട്ട് വിധി പറയാൻ ജഡ്ജിക്ക് സാദ്ധ്യമല്ല. ഭാര്യയുടെ വിവാഹ മോചനത്തിനുള്ള അപേക്ഷക്ക് ന്യായമായ കാരണമുണ്ടോ കാരണമില്ലയോ എന്നും അന്വേഷിക്കാൻ സാദ്ധ്യമല്ല. കോടതിക്ക് അന്വേഷിക്കാനുള്ളത് ഭാര്യയുടെ ആവശ്യം ഗൗരവതരത്തിലാണോ അവർ ഉന്നയിച്ചിരിക്കുന്നത് അതല്ല ഭർത്താവിനെതിരെയുള്ള ഒരു വിരട്ടലായാണോ എന്ന് മാത്രമാണ്.[5] ഖുലയിൽ അന്തിമ വാക്ക് ഭാര്യയുടേതാണ്. യാതൊരു കാരണ വശാലും ഭാര്യയുടെ ഖുല അപേക്ഷയോട് ഭർത്താവിന് നിഷേധാത്മകമായ നിലപാട് സ്വീകരിക്കാനോ വിവാഹബന്ധം തുടർന്ന് കൊണ്ടു പോകാൻ ഭാര്യയെ നിർബന്ധിക്കുകയോ ചെയ്യാൻ പാടുള്ളതല്ല.

ഭാര്യ ഖുലാ ആവശ്യം ഉന്നയിക്കുകയാണെങ്കിൽ അത് ഭർത്താവ് നിരുപാധികം അംഗീകരിക്കേണ്ടതാണ്. അത് തലാഖിനെ പോലെ പരിഗണിക്കപ്പെടണം. ഭർത്താവ് അത് അംഗീകരിക്കുകയാണെങ്കിൽ നഷ്ട പരിഹാരമായി മഹറിനുള്ള ഭാര്യയുടെ അവകാശ വാദം പൂർണമായോ ഭാഗികമായോ ഭർത്താവിന് നിരാകരിക്കാം. ഭാര്യ ഭർത്താവിന്റെ ഈ ആവശ്യം അംഗീകരിക്കേണ്ടതുണ്ട്. ഭർത്താവ് ഭാര്യയെ തലാഖ് ചൊല്ലുകയാണെങ്കിൽ ഭാര്യക്ക് കൊടുത്ത് തീർക്കാത്ത മഹർ ആവശ്യപ്പെടാവുന്നതാണ്. എങ്കിൽ മാത്രമേ വിവാഹ മോചനം സാധുവാകൂ. ഖുലയുടെ കാര്യത്തിൽ ഭർത്താവിനോട് ഭാര്യക്ക് ആവശ്യപ്പെടാം. എന്നാൽ ഭർത്താവിന് അയാളുടെ ഈ ബാദ്ധ്യത വിടുതൽ ചെയ്യണമെന്ന് ആവശ്യപ്പെടാവുന്നതാണ്. ഭർത്താവ് പ്രത്യേകമായി ആവശ്യം ഉന്നയിക്കുന്നില്ലെങ്കിൽ മഹർ വിടുതൽ ചെയ്യേണ്ട ആവശ്യമുണ്ടാവുന്നുമില്ല.[6] ഭാര്യയുടെ ഭാഗത്ത് നിന്നും ഭർത്താവ് ആവശ്യപ്പെട്ട ധനം കൊടുക്കുന്നതിൽ പരാജയം സംഭവിച്ചെങ്കിൽ ഭർത്താവിന് അവരുടെ മേൽ കേസ് കൊടുക്കാവുന്നതാണ്. പക്ഷേ വിവാഹ മോചനം അസാധുവാകുന്നതല്ല. ഖുലാ പ്രാബല്യത്തിലായതിന് ശേഷം അത് റദ്ദാക്കാൻ ഭർത്താവിന് യാതൊരു അധികാരവുമില്ല. എന്നാൽ ഭാര്യ ഖുലാ നിർദേശം മുന്നോട്ടു വെക്കുകയും അത് പ്രാബല്യത്തിൽ വരാതിരിക്കുകയും, ഭർത്താവിന് അദ്ദേഹത്തിന്റെ നഷ്ട പരിഹാരം കൊടുക്കാതിരിക്കുകയും ചെയ്താൽ ഭാര്യക്ക് അവളുടെ നിർദേശത്തിൽ നിന്നും പിൻവാങ്ങുകയും ഭർത്താവിനെ സ്വീകരിക്കുകയും ചെയ്യാവുന്നതാണ്.[7] ഖുല തിരിച്ചെടുക്കാൻ സാദ്ധ്യമല്ലാത്ത ഒറ്റ തവണ നിർവഹിക്കാൻ പറ്റുന്ന ഒരു വിവാഹ മോചനമാണ്. ഭാര്യക്ക് ഇദ്ദയുടെ നിയമങ്ങളും ബാധകമാണ്.[8]

ശരീഅത്ത് പ്രകാരം തലാഖ് പ്രാബല്യത്തിലാവാൻ നാല് ഉപാധികളാവശ്യമാണ്. ആ നാല് ഉപാധികളും ഖുല പ്രാബല്യത്തിലാവണമെങ്കിലും വേണ്ടതുണ്ട്. ഭർത്താവ് പ്രായപൂർത്തിയാവണം (ബാലിഗ്), സ്ഥിരബുദ്ധി ഉള്ള ആളായിരിക്കണം (അഖിൽ), അയാളുടെ കർമങ്ങൾക്ക് അയാൾ തന്നെ ഉത്തരവാദിയാവുന്ന ആളായിരിക്കണം, അതായത് മറ്റൊരാളുടെ പ്രേരണയാലോ ഭീഷണിയാലോ ആകാൻ പാടില്ല. സ്വതന്ത്രമായ ഉദ്ദേശവും അഭിപ്രായവും ഉണ്ടായിരിക്കണം (മുഖ്താർ). തലാഖിലെന്ന പോലെ ഖുലയിലും ശരീഅത്ത് ചില പ്രത്യേക രീതികളും ഉപാധികളും നിഷ്ക്കർശിക്കുന്നുണ്ട്. ഇതിന് ആവശ്യമായ ഉപാധികൾ വ്യക്തവും നിരുപാധികവുമാണ്. വാക്കുകൾ അറബി ഭാഷയിൽ ഉച്ചരിക്കപ്പെട്ടിരിക്കണം (ആ ഭാഷ ഉച്ചരിക്കാനുള്ള കഴിവ് ഉണ്ടായിരിക്കുമ്പോൾ). തലാഖിലെന്ന പോലെ ഖുലയിലും കളങ്കിതരല്ലാത്ത രണ്ട് സാക്ഷികൾ വേണം.[9] ശിയ നിയമ പ്രകാരം മതപരമായ രീതിയിൽ തന്നെയായിരിക്കണം ഖുല ഉച്ചരിക്കേണ്ടത്. തലാഖിലെന്ന പോലെ ഖുലയിലും സഹീ ആവശ്യമാണ്. സുന്നി നിയമമനുസരിച്ച് സഹീയുടെ ആവശ്യമില്ല. ഖുലയും തലാഖും തമ്മിലുള്ള പ്രധാന വ്യത്യാസമായി സുന്നികൾ കാണുന്നത് തലാഖിൽ ഭർത്താവിന്ന് തന്റെ ഭാര്യയെ ഉപേക്ഷിച്ചുവെന്ന കാര്യം ഏത് വിധേനയെങ്കിലും അറിയിച്ചാൽ മതി. അതായത് സൂചനയായോ പ്രകടമായ രീതിയിലോ അറിയിച്ചാൽ മതി. എന്നാൽ ഖുല ചെയ്തു കൊണ്ടുള്ള വിവാഹ മോചനത്തിൽ ഭർത്താവിന്റെ വിടുതൽ സമ്മതം വ്യക്തമായ ഭാഷയിൽ അറിയിച്ചിരിക്കൽ ആവശ്യമാണ്. [10]

(തുടരും)

*(വിവ: എ.എം)*


1. Maulana Muhammed Ali, Holy Quran 98 (Lahore, 1973).

2. Quran II: 228,

3. Asghar Ali Engineer, “Rights of Woman and Reforms of Personal Law”, *Main Stream* 29, May 16, 1992.

4. Tahir Mahmood, *The Muslim Law of India 98*-9 (Butterworths, New Delhi, 3rd edn., 2002).

5. K.N.Ahmed, *Muslim Law of Divorce* 229-31(Kitab Bhavan, New Delhi, 1978).

6. *Supra* note 4 at p.98.

7. AFM Abdu Rahiman, *Institutes of Mussalman Law* 161 (Calcutta, 1907).

8. A.A.A Fyzee, *Outlines of Muhammedan Law* 186 (Oxford UniversityPress, New Delhi, 4th edn., 1974).

9. Syed Ameer Ali, *Mohammedan Law*, 507, Vol. II (Himalaya Books, New Delhi, 5th edn., 1985)

10. *Id.* at 512.

# ഹദ്റത്ത് അഹ്മദി(അ)ന്റെ താക്കീതുകളും മുസ്‌ലിം ലോകത്തിന്റെ ദയനീയസ്ഥിതിയും

ജിഹാദിന്റെ ആധുനിക രൂപമായ ഭീകരപ്രവർത്തനവും തീവ്രവാദവും മൂലം മുസ്‌ലിം രാജ്യങ്ങളിൽ പലതും ഗതി കിട്ടാതെ ഉഴലുകയാണ്. ലോക മുസ്‌ലിം സമൂഹം തന്നെ ഇത് മൂലം പലവിധേനയും പീഡിപ്പിക്കപ്പെടുന്നു. മതത്തിന്റെ പേരിൽ സായുധ ജിഹാദ് നടത്തരുതെന്ന് പറഞ്ഞതിന്റെ പേരിലാണ് ഹദ്റത്ത് അഹ്മദി(അ)നെ മുസ്‌ലിം പണ്ഡിതന്മാർ കാഫിറാക്കിയത്. ആ പണ്ഡിതന്മാർ നയിക്കുന്ന മുസ്‌ലിം സമുദായത്തിന്റെ ഗതി ഇന്നെന്താണ്?

**അബ്ദുറഹ്മാൻ കൊടിയത്തൂർ**

തിരുനബി(സ)യുടെ പ്രവചനമനുസരിച്ച് ആഗതനാവുന്ന വാഗ്ദത്ത മസീഹിന്റെ നിയോഗ ദൗത്യമായി മിക്ക ഹദീസുകളിലും വിവരിക്കപ്പെട്ടിട്ടുള്ള ഒരു പ്രധാന കാര്യം യളഹുൽ ഹർബ് (അദ്ദേഹം യുദ്ധം നിർത്തും) എന്നുള്ളതാണ്. അതായത് അദ്ദേഹത്തിന്റെ കാലഘട്ടം മതത്തിന്റെ പേരിലുള്ള യുദ്ധത്തിന്റെ കാലഘട്ടമായിരിക്കില്ല. അങ്ങനെയുള്ള യുദ്ധം ആ കാലഘട്ടത്തിൽ തികച്ചും അനാവശ്യവും, സമൂഹത്തിന്റെ നാശത്തിന് കാരണവുമായിരിക്കുന്നതാണ്. വാഗ്ദത്ത മസീഹായി നിയോഗിതരായ ഹ: അഹ്മദ്(അ) ന്റെ കാലഘട്ടത്തിൽ, ഒരു വലിയ വിഭാഗം രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് വേണ്ടി മതത്തിന്റെ പേരിൽ യുദ്ധം ചെയ്യുകയും അതിനെ ജിഹാദായി കാണുകയും ചെയ്യുകയായിരുന്നു. ഈ പ്രവണത ഭാവിയിൽ മുസ്‌ലിംകൾക്ക് മാത്രമല്ല മുഴുവൻ മനുഷ്യസമൂഹത്തിൽ നിന്നും മഹാവിപത്തായി തീരും എന്ന് അല്ലാഹുവിന് അറിയാമായിരുന്നു. അതുകൊണ്ടായിരുന്നു ഈ കാലഘട്ടത്തിൽ ദൈവദൂതന്റെ നിയോഗ ലക്ഷ്യമായി ഈ തെറ്റായ യുദ്ധ സങ്കൽപ്പത്തിൽ നിന്ന് മുസ്‌ലിം ലോകത്തേയും മുഴു മാനവസമൂഹത്തേയും മോചിപ്പിക്കേണ്ട ദൗത്യം നിശ്ചയിക്കുന്നത്.

വാഗ്ദത്ത മസീഹ് മതത്തിന്റെ പേരിലുള്ള യുദ്ധം ഈ കാലഘട്ടത്തിൽ തീർത്തും നിഷിദ്ധമാണെന്ന സത്യം ലോകത്തിന്റെ മുന്നിൽ അസന്ദിഗ്ദമായി പ്രഖ്യാപിക്കുകയുണ്ടായി. തിരുനബി(സ)യും അനുയായികളും പ്രതിരോധ യുദ്ധം നയിച്ച സാഹചര്യങ്ങൾ എന്തായിരുന്നുവെന്നും ജിഹാദിന്റെ യഥാർഥ വിവക്ഷകളെന്തെല്ലാമാണെന്നും വിശുദ്ധ ഖുർആന്റെയും തിരുചര്യയുടെയും വെളിച്ചത്തിൽ ആ മഹാത്മാവ് വ്യക്തമാക്കുകയുണ്ടായി. രാഷ്ട്രീയ ലക്ഷ്യങ്ങൾക്ക് വേണ്ടിയുള്ള പോരാട്ടങ്ങളെ ജിഹാദായി വ്യാഖ്യാനിച്ചുകൊണ്ടിരുന്ന പണ്ഡിത വർഗം വാഗ്ദത്ത മസീഹിന്റെ സ്വർഗീയ ശബ്ദത്തെ അവഗണിക്കുകയും മിർസാ ഗുലാം ജിഹാദ് ദുർബലപ്പെടുത്തിയിരിക്കുന്നുവെന്ന് ആക്രോശിച്ചുകൊണ്ടിരിക്കുകയും ആ മഹാത്മാവിനെതിരിൽ കുഫ്ർ ഫത്വ പുറപ്പെടുവിക്കുകയുമാണ് ചെയ്തത്. തന്റെ ഉപദേശം അവഗണിച്ചു കൊണ്ട് യുദ്ധത്തിന് പുറപ്പെടുന്നവർക്ക് സംഭവിക്കാനിരിക്കുന്ന ഭയാനകമായ നാശത്തെ സംബന്ധിച്ച് അദ്ദേഹം നമുക്ക് മുന്നറിയിപ്പ് നൽകുകയുണ്ടായി. ജിഹാദി ബന്ധം സംബന്ധിച്ചും വാഗ്ദത്ത മസീഹിന്റെ അധ്യാപനങ്ങളെ സംബന്ധിച്ചും അദ്ദേഹത്തിന്റെ വാക്കുകളെ അവഗണിച്ച മുസ്‌ലിം ലോകത്തിന് സംഭവിച്ച തിരിച്ചടികൾ സമകാലീന ചരിത്രത്തിലെ ദുരന്തങ്ങളാണ്.

ജിഹാദിനെ സംബന്ധിച്ച തികച്ചും തെറ്റായ വിശ്വാസങ്ങളാണ് ഇന്ന് മുസ്‌ലിം ബഹുജനങ്ങളിൽ പടർന്നു പിടിക്കുന്നത്. യുദ്ധോത്സുകനായ മഹ്ദിയുടേയും ആകാശത്തിൽ നിന്നുള്ള ഈസാ

നബി (അ) യുടെ വരവിനേയും സംബന്ധിച്ച് പ്രത്യാശയിൽ കഴിയുകയായിരുന്ന മുസ്‌ലിംകൾ കാഫിറുകളെയെല്ലാം വധിക്കുന്ന ജിഹാദ് നിർവഹിച്ച് തങ്ങൾക്ക് ഭൂമിയിൽ ഭരണാധികാരം നേടിത്തരുന്ന മഹ്ദിയും മസീഹുമായി അവതരിക്കുമെന്ന് വിശ്വസിക്കുന്നു. ഇസ്‌ലാം വാളുകൊണ്ട് പ്രചരിച്ച മതമാണെന്ന ക്രൈസ്തവ മിഷണറിമാരുടെയും മറ്റു മിഷണറിമാരുടെയും വാദങ്ങൾക്ക് മുസ്‌ലിംകളുടെ തന്നെ തെറ്റായ ധാരണകൾ സാധൂകരണം നൽകുന്നു. അതുകൊണ്ട് തന്നെ ഈ രണ്ടു വിഭാഗത്തിന്റെയും മുമ്പിൽ ഇസ്‌ലാമിക ജിഹാദിന്റെ യാഥാർഥ്യം വ്യക്തമാക്കിക്കൊടുക്കേണ്ടത് വാഗ്ദത്ത മസീഹിന്റെ കർത്തവ്യമായി തീരുന്നു. തന്റെ നിരവധി ഗ്രന്ഥങ്ങളിൽ ഇസ്‌ലാമിനെതിരായ ക്രിസ്ത്യാനികളുടെ ആക്ഷേപങ്ങൾക്ക് വാഗ്ദത്ത മസീഹ് മറുപടി നൽകുകയുണ്ടായി. ഈ കാലഘട്ടത്തിൽ ഇസ്‌ലാമിനെതിരെ ശത്രുക്കൾ വാളിന് പകരം തൂലികയാണ് ആയുധമാക്കുന്നത് എന്നത് കൊണ്ട് നാമും ഇതേ ആയുധം കൊണ്ടാണ് പോരാടേണ്ടത് എന്ന് ഹ: അഹ്മദ് (അ) മുസ്‌ലിംകളെ ഉദ്ബോധിപ്പിക്കുകയുണ്ടായി. ഖുർആനിൽ നിന്നും സുന്നത്തിൽ നിന്നും അദ്ദേഹം ജിഹാദിന്റെ യഥാർഥ രൂപങ്ങൾ വിവരിക്കുന്നത് ഇപ്രകാരമാണ്.

ഒന്നാമതായി ജിഹാദെ അക്ബർ അഥവാ ഏറ്റവും വലിയ ജിഹാദ്. ആത്മ ശുദ്ധീകരണത്തിനു വേണ്ടിയുള്ള കഠിനമായ പരിശ്രമത്തിനാണ് ജിഹാദെ അക്ബർ എന്ന് പറയുന്നത്. ഒരു യുദ്ധം കഴിഞ്ഞ ശേഷം നമസ്ക്കാരത്തിന് തയ്യാറെടുത്ത് കൊണ്ടിരിക്കെ നബിതിരുമേനി (സ) അരുളുകയുണ്ടായി. നാം ജിഹാദെ അസ്ഗറിൽ നിന്നും (ചെറിയ പ്രതിരോധ യുദ്ധം) ജിഹാദെ അക്ബറിലേക്ക് (വലിയ പ്രതിരോധയുദ്ധം) പ്രവേശിക്കുകയാണ്. തിരുനബി (സ) യുടെ വാക്കുകളിൽ നിന്നും ഏറ്റവും വലിയ ജിഹാദ് ആത്മ സംസ്ക്കരണത്തിന് വേണ്ടിയുള്ള പരിശ്രമങ്ങളാണെന്ന് മനസ്സിലാവുന്നു. വിശുദ്ധ ഖുർആനിൽ ഒരിടത്ത് പറയുന്നു. ***ഈ ഖുർആൻ കൊണ്ട് നിങ്ങൾ വലുതായ ജിഹാദ് ചെയ്യുക. (ജിഹാദെ കബീർ)*** എന്ന്. രണ്ടാം സ്ഥാനത്തുള്ള ജിഹാദ് വിശുദ്ധ ഖുർആൻ അദ്ധ്യാപനങ്ങളുടെ പ്രബോധനമാണ് എന്ന കാര്യം പ്രസ്തുത വചനത്തിൽ നിന്ന് മനസ്സിലാവുന്നു. പ്രതിരോധ യുദ്ധം മൂന്നാം സ്ഥാനത്ത് വരുന്ന ജിഹാദെ അസ്ഗർ (ചെറിയ ജിഹാദ്) മാത്രമാണെന്ന് ഇസ്‌ലാമിക പ്രമാണങ്ങൾ സാക്ഷ്യം വഹിക്കുന്നു. വിശ്വസിച്ചു എന്ന ഒറ്റകാരണത്താൽ കൊടിയ പീഡനങ്ങൾക്ക് വിധേയമായ വിശ്വാസികൾക്ക് അവസാന മാർഗമെന്ന നിലയിലാണ് അല്ലാഹു യുദ്ധത്തിന് അനുമതി നൽകിയതെന്നകാര്യം ഹ: അഹ്മദ് (അ) ശക്തിയുക്തം പ്രബോധിക്കുകയുണ്ടായി. നബി (സ) തിരുമേനിയും അനുയായികളും മക്കയിൽ 13 വർഷം കൊടിയ പീഡനങ്ങൾ സഹിക്കേണ്ടി വന്നപ്പോഴും ശത്രുക്കൾക്കെതിരിൽ വാൾ എടുക്കുകയുണ്ടായില്ല. അവസാനം മദീനയിലേക്ക് ഹിജ്റ ചെയ്യുകയും അവിടെ ഒരു ഇസ്‌ലാമിക സാമൂഹിക സംവിധാനം നിലവിൽ വരികയുമുണ്ടായി. മദീനയെ ആക്രമിക്കാൻ ശത്രുക്കളൊരുങ്ങി പുറപ്പെട്ടപ്പോഴാണ് തിരുനബി (സ) യും അനുചരരും വാളെടുക്കുവാൻ നിർബന്ധിതരായത്. ഈ യാഥാർഥ്യങ്ങൾ വാഗ്ദത്ത മസീഹ് (അ) തന്റെ ഗ്രന്ഥങ്ങളിൽ വിവരിച്ചിട്ടുണ്ട്. അമുസ്‌ലിം ഭരണകൂടത്തോട് കൂറ് പുലർത്തേണ്ടതില്ലെന്നും അത്തരം രാജ്യങ്ങൾ ദാറുൽ ഹർബ് ആണെന്നും അത്തരം ഭരണകൂടങ്ങളോട് ജിഹാദ് നടത്തൽ മുസ്‌ലിംകളുടെ കടമയാണെന്നും മൗലവിമാർ സമാന്യജനങ്ങളെ പഠിപ്പിക്കുകയുണ്ടായി. ഇന്ത്യയിൽ നിലനിന്നിരുന്ന ബ്രിട്ടീഷ് ഗവൺമെന്റിനെതിരിലും ചില മൗലവിമാർ ഇത്തരം ഫത്‌വകൾ പുറപ്പെടുവിച്ചിട്ടുണ്ടായിരുന്നു. എന്നാൽ വാഗ്ദത്ത മസീഹ് (അ) ഇത്തരം പ്രവർത്തനങ്ങൾ ഇസ്‌ലാമിന്റെ അദ്ധ്യാപനങ്ങൾക്ക് വിരുദ്ധമാണെന്ന കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. വിശ്വാസ സ്വാതന്ത്ര്യം അനുവദിക്കുന്ന ഭരണകൂടത്തെ അനുസരിക്കണമെന്നത് ഖുർആന്റെ വ്യക്തമായ പാഠമാണെന്ന് അവിടുന്ന് ഉദ്ബോധിപ്പിക്കുകയുണ്ടായി. ബാങ്ക് വിളിക്കുന്നതുൾപ്പെടെയുള്ള മുസ്‌ലിംകളുടെ സർവസ്വാതന്ത്ര്യങ്ങളും നിഷേധിച്ച സിക്കുകാരുടെ മർദകഭരണത്തിൽ നിന്നുള്ള മോചനം കൂടിയായിരുന്നു ബ്രിട്ടീഷ് ഭരണം വന്നത് മുഖേന ലഭിച്ചിരുന്നത്. ജനങ്ങൾക്ക് സ്വാതന്ത്ര്യവും മനസ്സമാധാനവും ഉറപ്പ് വരുത്തുന്ന ഭരണകൂടത്തെ അനുസരിക്കണമെന്ന ഇസ്‌ലാമിക പാഠത്തെ ഉയർത്തിപിടിച്ചതിന്റെ പേരിൽ വാഗ്ദത്ത മസീഹിനെയും അദ്ദേഹത്തിന്റെ ജമാഅത്തിനെയും അധിക്ഷേപിച്ചു കൊണ്ടിരിക്കുന്ന എതിരാളികൾ ഇക്കാര്യത്തിൽ മനുഷ്യകുലം അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന ഭയാനകമായ സ്ഥിതിഗതികളെക്കുറിച്ച് മനസ്സിലാക്കാത്തവരാണ്. ലോകത്തിലെ ഒട്ട് മിക്ക രാജ്യങ്ങളിലും ഇന്ന് ഭരണകൂടത്തിനെതിരായ പോരാട്ടങ്ങൾ നടത്തിക്കൊണ്ടിരിക്കുന്ന റിബലുകൾ സമാധാനം നഷ്ടപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഏഷ്യയിലേയും ആഫ്രിക്കയിലേയുമെന്നല്ല യുറോപ്പിലെയും അമേരിക്കയിലെയുമെല്ലാം ജനങ്ങളുടെ ജീവിതം ആശങ്കകൾ നിറഞ്ഞതായിരിക്കുന്നു. ഒരു വശത്ത് കലാപകാരികളുടെ ആക്രമണങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുമ്പോൾ തന്നെ മറുഭാഗത്ത് ഭരണകൂടങ്ങളുടെ ഭീകരവേട്ടക്ക് ഇരയായി തീരുന്നതും നിരപരാധികളായ സാധാരണക്കാരാണ്. ലക്ഷക്കണക്കിന് സിവിലിയന്മാർ കൊല്ലപ്പെടുകയും അതിലുമെത്രയോപേർ അഭയാർഥികളായി ലോകത്തിന്റെ വിവിധ

ഭാഗങ്ങളിൽ നരക ജീവിതം നയിച്ചു കൊണ്ടിരിക്കുകയുമാണ്. പല രാജ്യങ്ങളിലും നിയമാനുസൃതമായ ഭരണകൂടം തന്നെയില്ലാത്ത സ്ഥിതി വിശേഷമാണ് നിലനിൽക്കുന്നത്. വിവിധ രാജ്യങ്ങളിൽ സായുധ പ്രവർത്തനം നടത്തുന്ന റിബൽ ഗ്രൂപ്പുകൾ അവർ ഏത് മതത്തിൽ വിശ്വസിക്കുന്നവരാണെങ്കിലും തങ്ങളുടെ സങ്കൽപ്പമനുസരിച്ചുള്ള വിശുദ്ധയുദ്ധം തന്നെയാണ് നടത്തികൊണ്ടിരിക്കുന്നത്. ഇത്തരം അരാജകത്വത്തിന്റെ ഇരകളായി തീർന്നിരിക്കുന്നവരിൽ ബഹു ഭൂരിപക്ഷവും മുസ്‌ലിംകൾ തന്നെ യാണെന്ന് കാണുവാൻ കഴിയും. മാനവ സമൂഹം അഭിമുഖീകരി ക്കാൻ പോവുന്ന ഈ മഹാ വിപ ത്തിനെ സംബന്ധിച്ച് അറിയാമായി രുന്ന സർവജ്ഞനായ അല്ലാഹു ഈ കാലഘട്ടത്തിൽ വാഗ്ദത്ത മസീഹ് മുഖേന മാനവ സമൂഹ ത്തിന് പൊതുവേയും മുസ്‌ലിം ഉമ്മത്തിന് പ്രത്യേകിച്ചും ശാശ്വത സമാധാനത്തിന്റെ സന്ദേശമാണ് നൽകിയിട്ടുള്ളത്. ഹ:അഹ്മദ് (അ)ന്റെ ഹൃദയ സ്പൃക്കായ ഉപദേശങ്ങളും താക്കീതുകളും അവഗണിച്ചു കൊണ്ട് ജിഹാദിന്റെ പേരിൽ നടത്തിക്കൊണ്ടിരിക്കുന്ന തെറ്റായ ചെയ്തികളുടെ ദുരന്ത പര്യവസായിയാണ് നാം ഇന്ന് കണ്ട്കൊണ്ടിരിക്കുന്നത്.

ഈ അടുത്ത കാലത്ത് അറബ് വസന്തമെന്നും മുല്ലപ്പൂ വിപ്ലവമെന്നുമൊക്കെ അറിയപ്പെട്ട പ്രക്ഷോഭങ്ങൾ അരങ്ങേറിയപ്പോൾ നമ്മുടെ നാട്ടിലെ ജമാഅത്തെ ഇസ്‌ലാമിക്കാരും സോളിഡാരിറ്റി ക്കാരുമെല്ലാം വിജയമായി കൊട്ടി ഘോഷിച്ചു എന്ന് മാത്രമല്ല ലോകം തന്നെ തങ്ങളുടെ വരുതിയിൽ വരു വാൻ പോകുന്നു എന്ന വിധത്തി ലായിരുന്നു പ്രചാരണം നടത്തിയി രുന്നത്. എന്നാൽ പ്രസ്തുത വിപ്ലവം മുസ്‌ലിം രാജ്യത്തിന് വിശിഷ്യാ അറബികൾക്ക് നാശമല്ലാ തെ യാതൊന്നും സമ്മാനിക്കാൻ പോകുന്നില്ല എന്ന കാര്യം തന്റെ അന്തർദൃഷ്ടി മുഖേന മനസ്സിലാ ക്കിയ അഹ്മദിയ്യാ ജമാഅത്തിന്റെ ഇപ്പോഴത്തെ ഇമാം ഹദ്റത്ത് മിർസാ മസ്‌റൂർ അഹ്മദ് സാഹിബ് തന്റെ ഖുത്ബാ പ്രഭാഷണത്തിൽ മുന്നറിയിപ്പ് നൽകിയിരുന്ന കാര്യം ഓർത്തു പോകുകയാണ്. (പ്രസ്തു ത ഖുത്ബ മലയാളത്തിലും വിവർ ത്തനം ചെയ്ത് വിതരണം ചെയ്യുക യുണ്ടായി.) ഈജിപ്തിലും ടുണീ ഷ്യയിലും മുല്ലപ്പൂ വിപ്ലവക്കാർക്ക് കൈവന്ന ഭരണം നഷ്ടപ്പെടുകയും വീണ്ടും കൂട്ടക്കൊലകളും അരാജ കത്വവും അരങ്ങുവാഴുകയും ചെയ്തിരിക്കുകയാണ്. ലിബിയ യിലാകട്ടെ അവിടെ ഖദ്ദാഫിക്ക് ശേഷം ഒരു ഭരണ സംവിധാനമി ല്ലാത്ത അവസ്ഥയാണ്. സിറിയയിൽ ഭീതിജനകമായ മനുഷ്യഹത്യയാണ് നടന്നു കൊണ്ടിരിക്കുന്നത്. അവിടെ രണ്ട് ലക്ഷം പേർ കൊല്ലപ്പെടുകയും 13000 പേർ കസ്റ്റഡി മരണത്തിന് വിധേയമാവുകയും ചെയ്തിട്ടുണ്ട്. അഭയാർഥികളായവർ 40 ലക്ഷ മാണ്. (മാധ്യമം 2015 മാർച്ച് 18, മാതൃഭൂമി മാർച്ച് 16) ഇസ്‌ലാമിക് സ്റ്റേറ്റ് എന്ന ഭീകര സംഘടന മുല്ലപ്പൂ വിപ്ലവത്തിന്റെ ഉപോൽപ്പന്ന മാണ് എന്നതാണ് യാഥാർത്ഥ്യം. മുജാഹിദ് വാരികയായ വിചിന്തനം പറയുന്നത് കാണുക: ഇഖ്‌വാനുൽ മുസ്‌ലിമൂന്റെ വിദ്വേഷ പ്രത്യയ ശാസ്ത്രത്തിൽ നിന്നാണ് ഇക്കൂട്ടർ ഊർജം സ്വീകരിച്ചത്. ഉസാമാ ബിൻ ലാദന്റെ ഉസ്താദുമാർ ശുദ്ധ ഇഖ്‌വാനികളായിരുന്നു. അബൂ ബക്കർ ബാഗ്ദാദി ഇഖ്‌വാൻ പ്രവർത്തകനും ആശയക്കാരനുമാ ണെന്ന് വെളിപ്പെടുത്തിയത് ഇഖ്‌വാ ന്റെ ബുദ്ധിജീവിയായ യൂസുഫുൽ ഖർളാവിയാണ്. ചോർന്ന് കിട്ടിയ വിവരണങ്ങളിൽ ബാഗ്ദാദി സിയോ ണിസ്റ്റ് ഏജന്റാണ്. എല്ലാം കൂട്ടി ചേർത്ത് വായിക്കുമ്പോൾ സാമ്രാ ജ്യത്വത്തിന്റെ കയ്യിലെ കളിപ്പാവ യാണ് ഈ രാക്ഷസൻ. ഐ എസ്സി ന്റെ പദപ്രയോഗങ്ങളും അതിന്റെ ഘടനയും പേര് തന്നെയും ഖുതുബിയൻ ചിന്താധാരയുടെ സ്വാധീനം വെളിപ്പെടുത്തുന്നതാണ്. ഇസ്‌ലാമിക്ക് സ്റ്റേറ്റ്, ഹാക്കിമി യത്ത്, ജാഹിലിയത്ത്, ഖിലാഫത്ത് അൽ ജമാഅത്തുൽ മുസ്‌ലിമൂൻ തുടങ്ങിയ ആവർത്തിച്ചുള്ള പ്രയോ ഗങ്ങളും അവരുടെ ബുക്കുകളും ലഘുലേഖകളും ഇടക്കിടെ പുറത്ത് വിടുന്ന വീഡിയോ ക്ലിപ്പുകളും ഈജിപ്ത്, ജോർദാൻ, സിറിയ, ഫലസ്തീൻ തുടങ്ങിയ രാജ്യങ്ങ ളിലെ ഇഖ്‌വാൻ ബന്ധം വെളിപ്പെടു ത്തുന്നു. സയ്യിദ് ഖുത്തുബിന്റെ വിദ്യാർഥിയാണ് സവാഹിരി. സവാഹിരിയുടെ ഏറ്റവും പുതിയ വീഡിയോ ക്ലിപ്പിങ്ങ് ഉസാമാ ബിൻ ലാദന്റെ ഇഖ്‌വാൻ ബന്ധത്തെ ക്കുറിച്ച് പറയുന്നു. (വിചിന്തനം. പേ, 1) സഊദി അറേബ്യയുടെ മുൻ ആഭ്യന്തര മന്ത്രിയെ ഉദ്ധരിച്ചു കൊണ്ട് മുജാഹിദ് ജിഹ്വ തുടരുന്നത് കാണുക: ഇഖ്‌വാൻ ഇന്ന് അമേരി ക്കയുടെ സുഹൃത്താണ്. സാമ്രാജ്യ ത്വം തുലയട്ടെ, സാമ്രാജ്യത്വം അറബിക്കടലിൽ എന്നൊക്കെ ഇഖ്‌വാൻ ആശയക്കാർ ബഹളം വെക്കുന്നുണ്ടെങ്കിലും ഈജിപ്തി ലെ ഇഖ്‌വാനെ എല്ലാ അർഥത്തിലും അമേരിക്ക ഏറ്റെടുത്തു കഴിഞ്ഞു. ഇഖ്‌വാൻ അമേരിക്കയുടെ അതിഥി കളായി വൈറ്റ്ഹൗസിൽ കറങ്ങുക യാണ്. അറബ് ഇസ്‌ലാമിക ലോക ത്തെ തകർത്ത് വാതിലുകളും മതിലുകളും ഇല്ലാത്ത പൂരപ്പറമ്പാ ക്കി മാറ്റിക്കൊടുത്തതിനുള്ള സമ്മാനമാണ് ഇഖ്‌വാൻ നേതാക്കളി പ്പോൾ സ്വീകരിക്കുന്നത് (വിചിന്ത നം, പേ. 2)

അഹ്മദിയ്യാ മുസ്‌ലിം ജമാ അത്തിനേയും തൽസ്ഥാപകരേയും പാശ്ചാത്യ സേവകരെന്ന് അധിക്ഷേ പിച്ചുകൊണ്ടിരുന്നവരെത്തിച്ചേർ ന്നിരിക്കുന്ന സ്ഥിതിയാണിത്.

www.alislam.org

# മുസ്‌ലിം ഐക്യം

മുസ്‌ലിം ഐക്യ സങ്കൽപത്തിൽ നിന്ന് അഹ്‌മദികളെ മാറ്റി നിർത്തികൊണ്ടുള്ള സർ മുഹമ്മദ് ഇഖ്‌ബാലിന്റെ വാദത്തിന് പണ്ഡിറ്റ് ജവഹർലാൽ നെഹ്‌റു എഴുതിയ മറുപടി.



പണ്ഡിറ്റ് ജവഹർലാൽ നെഹ്‌റു

കുറച്ച് മുമ്പ് ഇസ്‌ലാമിന്റെ ഐക്യദാർഢ്യത്തെക്കുറിച്ചുള്ള സർ മുഹമ്മദ് ഇഖ്ബാലിന്റെ ലേഖനം ഞാൻ വളരെ കൗതുക പൂർവം വായിക്കുകയുണ്ടായി. എനിക്ക് മനസ്സിലാക്കാൻ പ്രയാസം തോന്നാറുള്ള ഒരു ലോകത്തേക്ക് ഉൾക്കാഴ്ച്ച നൽകുന്നു എന്നതിനാൽ സർ മുഹമ്മദിന്റെ എഴുത്തുകൾ എന്നെ എപ്പോഴും ആകർഷിച്ചു പോന്നിട്ടുണ്ട്. മതത്തേയും മതപരമായ വീക്ഷണത്തെയും കുറിച്ച് ഞാൻ തികച്ചും പുറത്തുള്ള അന്ധകാരത്തിലാണ് ജീവിക്കുന്നത്. പക്ഷേ ഈ കുറവ് എനിക്കുണ്ടെന്നിരുന്നാലും മതത്തിന്റെ ചരിത്രപരവും സാംസ്കാരികവും മാത്രമല്ല ധാർമികവുമായ വശങ്ങളിൽ ഞാൻ വേണ്ടുവോളം താൽപര്യമുള്ളവൻ തന്നെയാണ്.

സർ മുഹമ്മദ് ഇഖ്ബാൽ തന്റെ ലേഖനത്തിൽ അഹ്‌മദികൾക്കും യാഥാസ്ഥിതിക മുസ്‌ലിംകൾക്കും ഇടയിൽ സൃഷ്ടിക്കപ്പെട്ട പ്രശ്നത്തെ വിവരിക്കുകയും മാതൃ സമുദായത്തിന്റെ അവിഛിന്നതയെ ബാധിക്കുന്നതും അതി പ്രധാനവും ആയ ഒരു പ്രശ്നമായി ഇതിനെ പരിഗണിക്കുകയും ചെയ്തിരിക്കുന്നു. അഹ്‌മദികൾ ഇസ്‌ലാമിന്റെ അടിസ്ഥാനപരമായ ഒരു ആശയത്തെ -പ്രവാചകത്വ സമാപ്തിയെ- കൈവെടിഞ്ഞിരിക്കുന്നുവെന്നും പുരാതന യഹൂദ മതത്തിലേക്കും ഇസ്‌ലാമിന് മുമ്പുള്ള മജൂസി സംസ്കാരത്തിലേക്കും തിരിച്ചു പോയിരിക്കുന്നുവെന്നുമത്രെ അദ്ദേഹത്തിന്റെ പക്ഷം. അതിനാൽ ഈ കലഹിക്കുന്ന വിഭാഗത്തെ അതിന്റെ വിനാശ പ്രചാരവേല തുടരാൻ വിടരുതെന്നും ഒരു പരിതസ്ഥിതിയിലും അവരെ മുസ്‌ലിംകളുടെ കപട വേഷം ധരിക്കാൻ അനുവദിക്കരുതെന്നുമത്രെ അദ്ദേഹം അഭിപ്രായപ്പെടുന്നത്. അഹ്‌മദിയ്യാ നേതാക്കന്മാർ സർ മുഹമ്മദിന്റെ വാദഗതികളെ അംഗീകരിച്ചിട്ടില്ല. അവർ അദ്ദേഹത്തിന്റെ പ്രസ്താവനകളെ ചുറുചുറുക്കോടെ ഖണ്ഡിക്കുകയും ചെയ്തിരിക്കുന്നു.

സർ മുഹമ്മദിന്റെ ലേഖനം ഒട്ടനവധി പ്രശ്നങ്ങൾ ഉയർത്തുകയും പല ഭാഗത്തേക്കും സമഗ്രമായി ചിന്തിക്കാൻ പ്രേരിപ്പിക്കുകയും ചെയ്യുന്നുണ്ട്. അദ്ദേഹം തന്റെ ചില തത്ത്വങ്ങളെ ഇനിയുള്ള എഴുത്തുകളിൽ വിശദീകരിക്കുമെന്ന് ഞാൻ ആശിക്കുന്നു. അവ പൂർണമായും ചർച്ച ചെയ്യപ്പെടേണ്ട വിഷയങ്ങളാണ്. തൽക്കാലം ഞാൻ അദ്ദേഹത്തിന്റെ വാദത്തിലെ മറ്റൊരു വശത്തെപ്പറ്റി മാത്രമേ പരിശോധിക്കുന്നുള്ളു. ഇസ്‌ലാമിക വീക്ഷണമനുസരിച്ചുള്ള ന്യായവാദങ്ങളുടെ സ്വീകാര്യതയെക്കുറിച്ച് ഒരഭിപ്രായം പറയാൻ ഞാൻ ആളല്ല. അതു മുസ്‌ലിം പണ്ഡിതന്മാരുടെ കാര്യമാണ്. സർ മുഹമ്മദ് എന്റെ പക്കൽ ഇസ്‌ലാമിന്റെ ആദരണീയനായ ഒരാധികാരിക വക്താവത്രെ. യാഥാസ്ഥിതിക വീക്ഷണഗതിയെ അദ്ദേഹം ശരിക്കും പ്രതിനിധീകരിക്കുന്നുണ്ടെന്ന് ഞാൻ കരുതുന്നു.

അങ്ങനെയാണെങ്കിൽ കമാൽ അത്താ തുർക്കിന്റെ കീഴിലുള്ള തുർക്കി ഇസ്‌ലാമികം എന്ന വാക്കിന്റെ ഒരർഥത്തിലും ഇന്ന് ഇസ്‌ലാമിക രാഷ്ട്രമായി നില കൊള്ളുന്നില്ലെന്ന് ഞാൻ മനസ്സിലാക്കുന്നു. പൗരാണികമായ സത്യ തത്ത്വങ്ങൾക്ക് പുതിയ ഉടയാടകളണിയിക്കാൻ പണിപ്പെട്ട മത പരിഷ്ക്കർത്താക്കളുടെ ശക്തിമത്തായ സ്വാധീനത്തിനടിപ്പെട്ടവരാണ് ഈജിപ്തുകാർ. എന്നാൽ ഈ പരിഷ്ക്കരണ പ്രവണതയെ സർ മുഹമ്മദ് ഇഖ്ബാൽ അംഗീകരിക്കില്ലെന്ന് കരുതേണ്ടിയിരിക്കുന്നു. സിറിയയിലെയും ഫലസ്തീനിലേയും അറബികൾ ഏറെക്കുറെ ഈജിപ്ഷ്യൻ ചിന്താഗതിയെ അനുകൂലിക്കുകയും ഭാഗികമായി തുർക്കിയുടെ മാതൃകയാൽ പ്രഭാവിതരായിരിക്കുന്നവരുമത്രെ. ഇറാൻ വ്യക്തമായും ഇസ്‌ലാമിന് മുമ്പുള്ള മജൂസികളുടെ പ്രഭാവ കാലത്ത് നിന്നാണ് സാംസ്ക്കാരികമായ ഉത്തേജനം തേടുന്നത്. (ഷായുടെ കാലത്ത്) ഈ രാജ്യങ്ങളിലെല്ലാം അതെ പശ്ചിമേഷ്യയിലെയും മദ്ധ്യേഷ്യയിലുമുള്ള ഈ ഒരോ രാജ്യത്തിലും ദേശീയ ചിന്താഗതി പലപ്പോഴും സ്വച്ഛവും യാഥാസ്ഥിതികവുമായ വീക്ഷണങ്ങളെ ബലികഴിച്ചുകൊണ്ടുതന്നെ, വളർന്നുവരികയാണ്. ഇസ്‌ലാം വർഗപരമായ ഒരാശയത്തെ നിരാകരിക്കുന്നുവെന്നും മതപരമായ അടിസ്ഥാനത്തിൽ മാത്രമാണ് കാലുറപ്പിക്കുന്നതെന്നും സർ മുഹമ്മദ് പറഞ്ഞുതരുന്നു. എന്നാൽ പശ്ചിമേഷ്യയി

ലെ ഇസ്ലാമിക രാജ്യങ്ങളിലെല്ലാം ഇന്ന് വർഗപരിഗണനകളും ഭൂമിശാസ്ത്രപരമായ വിഭാവനകളുമാണ് സർവശക്തിത്വം നേടിയിരിക്കുന്നതെന്ന് കാണുന്നു. തുർക്കി ഇറാനിയൻ വംശത്തിലഭിമാനം കൊള്ളുന്നു. ഇറാനി അവന്റെ പൗരാണികമായ ദേശീയ പാരമ്പര്യങ്ങളിലും ഈജിപ്തുകാരനും സിറിയക്കാരനും (അതു പോലെ ഫലസ്തീൻ കാരനും ട്രാൻസ് ജോർദ്ദാൻ കാരനും ഇറാഖ് കാരനും) മുസ്ലിംകളും ക്രിസ്ത്യാനികളുമായ അറബികളെ പങ്കാളികളായിരിക്കുന്ന അറബ് ഐക്യത്തെ സ്വപ്നം കാണുന്നവരാണ്.
ഇതെല്ലാം വ്യക്തമാക്കിത്തരുന്നത് സർ മുഹമ്മദ് ഊന്നി പറയുന്ന ആ ഇസ്ലാമിക ഐക്യദർശത്തിൽ നിന്ന് രാഷ്ട്രങ്ങൾ വളരെ അകലത്തോളം വഴുതിപ്പോയിരിക്കുന്നുവെന്നാണ്. അപ്പോൾ ഈ ഐക്യം എവിടെയാണ് സ്ഥിതി ചെയ്യുന്നത്? മദ്ധ്യേഷ്യയിൽ ആ ഐക്യമില്ല. സോവ്യറ്റ് വിഭാഗത്തിലാണെങ്കിൽ യാഥാസ്ഥിതികത്വത്തിൽ നിന്നുള്ള ഈ വിട്ടൊഴിയൽ വളരെ വിപുലമാണ്. ചൈനീസ് വിഭാഗത്തിൽ ദേശീയവും (തുറാനിയൻ) സോവ്യറ്റ് ആയ ചിന്താഗതികൾക്കാണ് പ്രാബല്യം. അഫ്ഘാനിസ്താനും അറേബ്യയും ഏഷ്യയിൽ സ്ഥിതി ചെയ്യുന്ന രാജ്യങ്ങളാണ്. ഈജിപ്ത് കൂടാതെ വടക്കെ ആഫ്രിക്കയിൽ ഒട്ടനവധി മുസ്ലിം രാജ്യങ്ങൾ ഉണ്ട്. മതപരമായ ഐക്യത്തിന്റെ ഈ യാഥാസ്ഥിതിക വീക്ഷണങ്ങൾ എത്ര കണ്ട് അവിടങ്ങളിൽ ബലത്തിലിരിക്കുന്നു എന്ന് എനിക്കറിഞ്ഞു കൂടാ. എന്നാൽ അവിടങ്ങളിലും ദേശീയ ചിന്താഗതികൾ തുളച്ചു കടന്നിട്ടുണ്ടെന്നാണ് റിപ്പോർട്ടുകൾ മനസ്സിലാക്കി തരുന്നത്. ദേശീയ വാദവും ഇസ്ലാമിന്റെ ഐക്യവും ഒന്നിച്ചു പോകുന്നതല്ല.

സർ മുഹമ്മദിന്റെ വീക്ഷണമനുസരിച്ച് ഇസ്ലാമിക ലോകത്തിലെ ഈ സ്ഥിതിവിശേഷം പരിതാപകരം തന്നെയാണ്. അഹ്മദികളെ സംബന്ധിച്ച് പ്രശ്നം അതെത്ര ഗുരുതരമാണെന്ന് അദ്ദേഹം കരുതിയാലും ഇന്നത്തെ ലോക സംഭവവികാസങ്ങളുടെ മുന്നിൽ താരതമ്യേന അപ്രധാന്യതയിലേക്ക് താഴ്ന്നു പോകുന്നു. ഖാദിയാനി ഭീഷണിയെ നേരിടാനായിട്ടു തന്നെ പഞ്ചാബിലൊരു യഥാർഥ നേതാവ് രംഗത്ത് വരേണ്ടതിന്റെ ആവശ്യകതയെ കുറിച്ച് അദ്ദേഹം ഊന്നിപ്പറയുന്നു. ഇന്ത്യൻ മുസ്ലിംകളുടെ നേതാവ് ആഗാ ഖാനാണ് പോലും!. സർ മുഹമ്മദ് ഇഖ്ബാലിന്റെ നിർവചന പ്രകാരമുള്ള ഇസ്ലാമിക ഐക്യത്തിന് വേണ്ടി നിലകൊള്ളുന്ന ആളാണോ ആഗാ ഖാൻ ?.

ഈ പ്രശ്നങ്ങളെല്ലാം ഒരു മുസ്ലിമിനു പോലും പ്രാധാന്യമുള്ളതത്രെ. എന്തെന്നാൽ ഇന്ത്യൻ മുസ്ലിംകളുടെ സാമൂഹികവും സാമ്പത്തികവുമായ പുനസംഘടന സംവിധാനവും നമ്മിൽ പലരും പുലർത്തുന്ന ആധുനികമായ ആശയഗതികളുടെ വിചാരധാരയുടെയും നേർക്കുള്ള അവരുടെ പ്രതികരണങ്ങളും ഈ പ്രശ്നങ്ങളുടെ സമുചിതമായ മറുപടികളെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. ഇസ്ലാം ഒരു ആഗോള സമൂഹമായിരിക്കുന്നതിൽ ആ ഐക്യ മനോഭാവം നിലനിർത്തണമെങ്കിൽ അതിന്റെ നയവും സാർവ ലൗകികമായിരിക്കേണ്ടതുണ്ട്. ഒരോ രാജ്യവും സമൂഹവും അഭിമുഖീകരിക്കുന്ന ദേശീയവും സാമൂഹികവും സാമ്പത്തികവുമായ പ്രശ്നങ്ങളെ നേരിടുന്നതിന് അനുവർത്തിക്കേണ്ടുന്ന നയങ്ങളെക്കുറിച്ച് സർ മുഹമ്മദ് ഇഖ്ബാൽ എന്തെങ്കിലും ഒരു സൂചന നൽകേണ്ടിയിരിക്കുന്നു.

അദ്ദേഹം തന്റെ ലേഖനത്തിൽ നൽകുന്ന ഒരേയൊരു സൂചന നിഷേധപരമായിട്ടുള്ളതാണ്. അതായത് മത പരിഷ്ക്കർത്താക്കളെയെല്ലാം അടിച്ചമർത്തണമെന്ന്. ഇക്കാര്യത്തിൽ താൻ യാഥാസ്ഥിതിക ഹിന്ദുക്കളുമായി തികച്ചും യോജിക്കുന്നുവെന്ന് അദ്ദേഹം നമ്മോട് പറയുന്നു. മത പരിഷ്ക്കരണം എല്ലാ സാമൂഹിക പരിഷ്ക്കരണങ്ങളെയും ഉൾക്കൊള്ളുന്നുവെന്നാണത്രെ വെപ്പ്. പഞ്ചാബിൽ ഇസ്ലാമിനെ ബാധിക്കുന്നു എന്നതിനാൽ ഉൾനാടൻ മുസ്ലിംകളും നഗര മുസ്ലിംകളും തമ്മിലുള്ള ഭിന്നതകൾ അവസാനിപ്പിക്കണമെന്നുള്ള പ്രാന്തീയമായ ഒരു നിർദേശവും അദ്ദേഹം നൽകുന്നുണ്ട്. മുസ്ലിംകളിൽ ചിലർ കൃഷിക്കാരും ചിലർ പാട്ടവും പുറപ്പാടും ആശ്രയിച്ചു ജീവിക്കുന്നവരും ജന്മിമാരുമാണ്. ചിലർ നഗര വാസികളായ ഉദ്യോഗസ്ഥന്മാരും മേധാവികളും ബേങ്കർമാരും കലാകാരന്മാരും വ്യവസായ പ്രമുഖന്മാരും തൊഴിലാളികളുമത്രെ. ചിലർക്ക് ജീവിതത്തിലെ നല്ലവസ്തുക്കളെല്ലാം സമൃദ്ധമായി ലഭിക്കുന്നു. ബാക്കിയുള്ളവർക്ക് പട്ടിണിയും കഷ്ടപാടും. ഒരു പക്ഷേ ഈ വസ്തുത ഇനിയും നിലനിൽക്കും. ഇതൊന്നും ഇസ്ലാമിക ഐക്യത്തിന് ഹാനികരവുമല്ല.

ഇസ്ലാമിക ഐക്യത്തെയും അവിച്ഛിന്നതയേയും ശക്തിപ്പെടുത്താനെന്നോണം അടുത്ത് സ്ഥാപിതമായ സർ മുഹമ്മദ് ഇഖ്ബാൽ അംഗമായിരിക്കുന്ന പീർമാരുടെയും മുസ്ലിം നേതാക്കന്മാരുടേയും കൗൺസിലിന്റെ ലക്ഷ്യം ഇതായിരിക്കാം!. ബ്രിട്ടീഷ് പ്രഭു സഭയിലെ ക്രിസ്ത്യൻ മെംബർമാർ ഇസ്ലാമിന്റെ അഭിവൃദ്ധിയിലും ഐക്യത്തിലും ഇത്രമാത്രം താൽപര്യാലുക്കളായിരിക്കുന്നുവെന്ന സംഗതി പുറത്തുള്ള ഒരുത്തന് തുലോം രസകരമായി തോന്നുന്നു.! എന്നാൽ ഈ കൗൺസിൽ രൂപീകരണത്തെ തുടർന്ന് ലണ്ടനിൽ നടന്ന ക്ലാരിഡ്സിലെ ലഞ്ചിൽ ആംഗ്ലോ മുസ്ലിം ഐക്യത്തെ ആഗാഖാൻ വിശദീകരിക്കുകയുണ്ടായത്രേ! ഈ രണ്ടു ഐക്യങ്ങളും ഒന്നിനൊന്നു ലയിച്ച് ഒടുവിൽ വിപുലവും സർവാംഗീകൃതവുമായ ഐക്യമായി തീരുമായിരിക്കാം. ഇതൊക്കെ വളരെ കുഴഞ്ഞു മറിഞ്ഞ കാര്യമായി കാണപ്പെടുന്നു. സർ മുഹമ്മദ് ഇതൊക്കെ വിശദീകരിച്ചു തന്നെങ്കിൽ എന്നു ഞാൻ ആശിക്കുകയാണ്.

# ഇഖ്ബാലും അഹ്മദിയ്യാ ജമാഅത്തും



ഡോ. സർ അല്ലാമാ മുഹമ്മദ് ഇഖ്ബാലിന്റേത് ഒരു അഹ്മദി കുടുംബമാണ്. അദ്ദേഹത്തിന്റെ പിതാവ് ശേഖ് നൂർ സാഹിബ് വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ് (അ)ന്റെ സമകാലികനും അദ്ദേഹത്തെ വിശ്വസിച്ച ആളുമായിരുന്നു. അല്ലാമാ ഇഖ്ബാലിന്റെ പുത്രനും പാകിസ്താൻ സുപ്രീം കോടതി ജഡ്ജിയും അഹ്മദിയ്യാ ജമാഅത്തിന്റെ എതിരാളിയുമായ ജാവേദ് ഇഖ്ബാൽ എഴുതിയ അല്ലാമാ മുഹമ്മദ് ഇഖ്ബാലിന്റെ ജീവചരിത്ര ഗ്രന്ഥമാണ് *'സിന്ദ:റൂദ്'*. ഈ ഗ്രന്ഥത്തിലെ ഒരദ്ധ്യായം *'ഇഖ്ബാലും അഹ്മദിയ്യാ ജമാഅത്തും'* എന്നാണ്. ഇതിൽ ചില അടിസ്ഥാന രഹിതമായ വ്യാജവസ്തുതകൾ പരാമർശിച്ചിട്ടുണ്ട്. അതിനുള്ള മറുപടിയായി പ്രസിദ്ധീകരിച്ച ശേയ്ഖ് അബ്ദുൾ മജീദ് സാഹിബിന്റെ *'ഇഖ്ബാൽ ഔർ അഹ്മദിയ്യാ ജമാഅത്ത്'* എന്ന ഗ്രന്ഥത്തിന്റെ ആദ്യഭാഗങ്ങളാണ് ഇവിടെ തർജമ ചെയ്ത് പ്രസിദ്ധീകരിക്കുന്നത്.

ശേയ്ഖ് അബ്ദുൾ മജീദ്

അല്ലാമാ ഇഖ്ബാലിന്റെ പിതാവിന്റെ പേര് ശേഖ് നൂർ മുഹമ്മദ് എന്നായിരുന്നു. അദ്ദേഹത്തിന്റെ ജനനം 1837 ലാണ്. അദ്ദേഹം വഫാത്താവുന്നത് 1930 ആഗസ്റ്റ് പതിനേഴിനായിരുന്നു. വീട്ടുകാരും ആ മഹല്ലിലുള്ളവരുമെല്ലാം അദ്ദേഹത്തെ മിയാൻജി എന്നാണ് വിളിച്ചിരുന്നത്. സൂര്യ വർഷക്കണക്കനുസരിച്ച് മരിക്കുമ്പോൾ അദ്ദേഹത്തിന് 93 വയസ്സായിരുന്നു. മിയാൻജി ആദ്യകാല അഹ്മദികളിൽ പെട്ടയാളാണ്.

അല്ലാമാ ഇഖ്ബാലിന്റെ മാതാവിന്റെ പേർ ഇമാം ബീവി എന്നായിരുന്നു. മഹല്ലിലുള്ളവർ അവരെ **'ബേജി'** എന്നായിരുന്നു വിളിച്ചിരുന്നത്. സാഹചര്യങ്ങൾ വെച്ച് നോക്കുമ്പോൾ ശേഖ് നൂർ മുഹമ്മദ് സാഹിബ് ഇവരെ വിവാഹം കഴിച്ചത് 1857ന് മുമ്പേയാകാനാണ് സാദ്ധ്യത. ഇമാം ബീവി സാഹിബയും അഹ്മദിയ്യാ ജമാഅത്ത് സ്ഥാപകൻ ഹദ്റത്ത് മിർസാ ഗുലാം അഹ്മദി(അ)ൽ വിശ്വാസം കൊണ്ടിരുന്നു.

അല്ലാമാ ഇഖ്ബാലിന്റെ മൂത്ത സഹോദരൻ ശേഖ് അത്താ മുഹമ്മദ് ജനിച്ചത് 1859 ലാണ്. ഇഖ്ബാൽ പറഞ്ഞതനുസരിച്ച് നല്ല പൊക്കമുള്ള ആളായിരുന്നു ശേഖ് അത്താ. സഹോദരന്മാർ തമ്മിൽ മാതൃകാപരമായ സ്നേഹബന്ധമായിരുന്നു പുലർത്തിയിരുന്നത്. അദ്ദേഹവും ആദ്യകാല അഹ്മദികളിൽ പ്പെട്ട ആളാണ്.4

ശേഖ്നൂർ മുഹമ്മദ് സാഹിബിന്റെ മകൻ അല്ലാമാ ഇഖ്ബാൽ 1877 നവം: 9ന് സിയാൽ കോട്ടിൽ ജനിച്ചു. അദ്ദേഹം അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചതിനെ സംബന്ധിച്ച് രണ്ടഭിപ്രായമുണ്ട്. ഒരു വിഭാഗം പറയുന്നത് അദ്ദേഹം 1897 ൽ ഖാദിയാനിൽ വന്ന് ബൈഅത്ത് ചെയ്തു എന്നാണ്. എന്നാൽ മറുവിഭാഗം ഇത് അംഗീകരിക്കുന്നില്ല.

അല്ലാമാ ഇഖ്ബാലിന്റെ മൂത്ത സഹോദര പുത്രൻ **'മള്ലൂമെ ഇഖ്ബാൽ'** എന്ന ഗ്രന്ഥത്തിന്റെ രചയിതാവ് ശേഖ് ഇഅ്ജാസ് അഹ്മദ് 1899 ന്റെ ആരംഭത്തിലാണ് ജനിച്ചത്. അദ്ദേഹത്തിന് ഇഅ്ജാസ് അഹ്മദ് എന്ന് പേരിട്ടത് അല്ലാമാ ഇഖ്ബാലാണ്. ഇഅ്ജാസ് അഹ്മദ് 1931 നോടടുത്താണ് ബൈഅത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചത്.

### ഇഖ്ബാലിന്റെ താൽപര്യം

1889 ലാണ് അഹ്മദിയ്യാ ജമാഅത്ത് നിലവിൽ വരുന്നത്. ലുധിയാന എന്ന സ്ഥലത്താണ് ഒന്നാമത്തെ ബൈഅത്ത് നടന്നത്. 1892 ഫെബ്രുവരി മാസത്തിൽ അഹ്മദിയ്യാ ജമാഅത്തിന്റെ സ്ഥാപകർ വാഗ്ദത്ത മസീഹ് ഹദ്റത്ത് മിർസാ ഗുലാം അഹ്ദ് (അ) വീണ്ടും സിയാൽ കോട്ടിൽ വന്നു. തങ്ങളുടെ പിതാവ് ബൈഅത്ത് ചെയ്ത് അഹ്മദിയ്യാ ജമാഅത്തിൽ പ്രവേശിച്ചത് കൊണ്ട് ശേഖ് അത്താ മുഹമ്മദും അല്ലാമാ ഇഖ്ബാലും തങ്ങൾ അഹ്മദിയ്യാ ജമാത്തിൽ പെട്ടവർ തന്നെയാണെന്ന് വിശ്വസിച്ചിരുന്നു. ഹദ്റത്ത് വാഗ്ദത്ത മസീഹു(അ)മായി മുമ്പേ തന്നെ ബന്ധം സ്ഥാപിച്ചിരുന്നു. ഡോ. ബിഷാറത്ത് അഹ്മദ് സാഹിബ് പറയുന്നു: *'ഹദ്റത്ത് സാഹിബ് (ഹദ്റത്ത് മിർസാ ഗുലാം അഹ്മദ്(അ)) സാഹിബ് സിയാൽ കോട്ടിൽ സമാഗതനായപ്പോൾ ജനത്തിരക്ക് കൊണ്ട് പള്ളിയുടെ ഗെയിറ്റിന് മുകളിൽ കയറി നിന്ന ഇഖ്ബാൽ എന്നെ നോക്കിക്കൊണ്ട് പറഞ്ഞു:*

***'ദേഖോ ശമാപർ കിസ് തറഹ്***
***പർവാനെ ഗിർ രഹേ ഹൈ'***

*'നോക്കു, ജ്വലിക്കുന്ന മെഴുകുതിരിയുടെ മേൽ പതംഗങ്ങൾ എങ്ങനെയാണ് വീഴുന്നതെന്ന്.'*

# യാക്കോബ് (ജെയിംസ്): യേശുവിന്റെ അർധ സഹോദരൻ

ഇസ്രയേലിൽ നിന്ന് പ്രസിദ്ധീകരിക്കുന്ന The Jerusalem Post എന്ന പത്രത്തിൽ വന്ന റിപ്പോർട്ടാണ് താഴെകൊടുക്കുന്നത്. യേശുവിന്റെ സഹോദരനാണ് ജേക്കബ് അഥവാ ജെയിംസ്. ഇത് കൂടാതെ യേശുവിന്റെ മാതാവിന് മറ്റു സന്താനങ്ങളുണ്ടായിരുന്നുവെന്നും റിപ്പോർട്ട് അവകാശപ്പെടുന്നു.

യേശുവിന് ഒരു സഹോദരൻ ഉണ്ടായിരുന്നു എന്നുള്ളതിന് പുതിയ പുരാവസ്തുതെളിവുകൾ അവകാശപെട്ടു കൊണ്ട് ബൈബിൾ പണ്ഡിതനായ ബെൻ വിതറിങ്ങ് മുന്നോട്ട് വന്നിരിക്കുന്നു.

വിതറിങ്ങ്, ആസ്ബറി തിയോളജിക്കൽ സെമിനാരിയിലെ ബൈബിൾ പുതിയ നിയമം പ്രൊഫസറും നിയുക്ത പുരോഹിതനുമാണ്. യേശു മറിയയുടെ ഏക പുത്രനാണ് എന്ന ദീർഘകാലമായി നിലനിൽക്കുന്ന അവകാശ വാദമാണ്, വിതറിങ്ങ് പൊളിച്ചെഴുതിയിരിക്കുന്നത്. ജെയിംസ് യേശുവിന്റെ സഹോദരനാണെന്ന് സി എൻ എന്നിനോട് അദ്ദേഹം വെളിപ്പെടുത്തുകയുണ്ടായി.

'ജോസഫിന്റെ മകൻ യാക്കോബ് (ജെയിംസ്)' എന്ന് അറാമിക്ക് ഭാഷയിൽ രേഖപ്പെടുത്തിയ അസ്ഥികൾ അടക്കം ചെയ്ത 2000 വർഷത്തെ പഴക്കമുള്ള ഒരു പെട്ടി ലഭിച്ചതിനെ തുടർന്നാണ് ഈ അവകാശവാദം വിതറിങ്ങ് പുറപ്പെടുവിച്ചിട്ടുള്ളത്. അതീവ പ്രാധാന്യമുള്ള ഈ കണ്ടെത്തൽ മറിയക്ക് യേശു മാത്രമല്ല മറ്റു സഹോദരന്മാരും സഹോദരിമാരും ഉണ്ടായിരുന്നു എന്ന ബൈബിളിന്റെ പരാമർശത്തിന് ശക്തി പകരുകയാണ്.

ബൈബിൾ വചനത്തിൽ പറയുന്നു: ഇവൻ ആ മരപ്പണിക്കാരനല്ലേ? മറിയമിന്റെ മകൻ! യാക്കോബ്, യോനെ യൂദാ, ശിമയോൺ എന്നിവരുടെ സഹോദരൻ ഇവന്റെ സഹോദരിമാരും നമ്മോടൊപ്പമില്ലേ? (മാർക്കോസ്: 6:3). കൂടുതൽ തെളിവുകൾ പോൾ ഗലാത്തിയക്കാർക്കെഴുതിയ കത്തുകളിൽ കാണാം. 'പിന്നെ മൂന്ന് സംവത്സരങ്ങൾക്ക് ശേഷം, കേപ്പായെ കാണാൻ ഞാൻ ജെറുശലേമിൽ ചെന്നു. അവിടെ അയാളുടെ കൂടെ പതിനഞ്ചു ദിവസം താമസിച്ചു. കർത്താവിന്റെ സഹോദരനായ യാക്കോബിനെയല്ലാതെ മറ്റൊരു അപ്പോസ്തലനേയും ഞാൻ കണ്ടില്ല. (പൗലോസ് ഗലാത്തി: 1 : 18)

യേശുവിന്റെ സഹോദരൻ, സഹോദരി എന്നീ വിശേഷണങ്ങൾ അക്ഷരാർഥത്തിലുള്ളതല്ലെന്നും ആലങ്കാരികമാണെന്നും നൂറ്റാണ്ടുകളോളമായി മത പണ്ഡിതന്മാർ വാദപ്രതിവാദം നടത്തിവരികയായിരുന്നു. മറിയം യേശുവിനെ അത്ഭുതകരമായി ഗർഭം ധരിച്ച് പ്രസവിച്ചതിന് ശേഷമാണ് മറ്റു സന്താനങ്ങൾ ജനിച്ചതെന്നാണ് വിതറിങ്ങിന്റെ അഭിപ്രായം. മറിയം ശാശ്വതമായി ഒരു കന്യകയായിരുന്നുവെന്ന് ഒരിടത്തും പുതിയ നിയമം പറയുന്നില്ല. 'യേശുവിന്റെ അമ്മയായ മറിയം യോസേഫിന് പ്രതിശ്രുത വധുവായിരിക്കെ അവർ സഹവസിക്കും മുമ്പ് പരിശുദ്ധാത്മവിനാൽ ഗർഭിണിയായി കാണപ്പെട്ടു' എന്ന് മാത്രമാണ് ബൈബിൾ പുതിയ നിയമത്തിൽ ഉള്ളത്. അത് തീർച്ചയായും പിന്നീട് മറ്റു സന്താനങ്ങൾ യേശുവിന് ഉണ്ടായിരുന്നതായി സൂചിപ്പിക്കുന്നു. യേശുവിന്റെ സഹോദരന്മാരും സഹോദരികളുമെന്നത് തീർച്ചയായും അക്ഷരാർഥത്തിലുള്ള സഹോദരന്മാരും സഹോദരികളും തന്നെയാണ്. ഇത് ശരിയാണെങ്കിൽ, ജേക്കബ് യേശുവിന്റെ അർധ സഹോദരനാണ്

(The Jerusalem Post, 16.03.2015)


Statement about ownership and other particulars about newspaper

**Sathyadoothan**

(Form IV-See Rule-8)

1. Place of publication : Ernakulam
2. Periodicity of its publication : Monthly
3. Printer's Name : B.B. Ahmad Kabeer
   Nationality : Indian
   Address : Blayil, Karama Road Elamakkara, Pin 682026
4. Publisher's Name : B.B. Ahmad Kabeer
   Nationality : Indian
   Address : Blayil, Karama Road Elamakkara, Pin 682026
5. Editor's Name : A.M. Muhammad Salim
   Nationality : Indian
   Address : Darussalam, Near Zeena Plastic, pavangad, Calicut
6. Names and addresses of individuals who own the newspaper and partners or shareholders holding More than one per cent of the total capital.

I, B.B. Ahmad Kabeer, hereby declare that the particulars given above are true to the best of my knowledge and belief.

Dated: 01.04.2015 sd/- Publisher




# അഹ്മദിയ്യാ സമാധാന പുരസ്ക്കാരം സിന്ദുതായ് സപ്കളിന് സമ്മാനിച്ചു

സിയ ഷാ

അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് അന്തർദേശീയ തലത്തിൽ നൽകി വരുന്ന ഇന്റർനാഷണൽ പീസ് പ്രൈസ് 'അനാഥകളുടെ മാതാവ്' എന്ന പേരിലറിയപ്പെടുന്ന സിന്ദുതായ് സപ്കളിന് ഖലീഫത്തുൽ മസീഹ് ഹദ്റത്ത് മിർസാ മസ്റൂർ അഹ്മദ് (അയ്യദഹു...) ലണ്ടനിൽ നടന്ന പീസ് സിമ്പോസിയത്തിൽ വെച്ച് നൽകി.

## സിന്ദു തായ് സപ്കൾ

അങ്ങേയറ്റത്തെ നിസ്സാഹയാവസ്ഥയിൽ അവിശ്വസനീയമായ പ്രതികൂല പരിതസ്ഥിതികൾ തരണം ചെയ്ത് തെരുവോരങ്ങളിൽ അനാഥരായി വളർന്ന ഗതിയറ്റ മനുഷ്യ മക്കൾക്ക് മാതാവായി മാറിയ ശ്രീമതി സിന്ദുതായ് സപ്കൾ ആണ് ഈ വർഷത്തെ അന്തർദേശീയ അഹ്മദിയ്യാ സമാധാന പുരസ്ക്കാരത്തിന് അർഹയായത്. അനാഥകളുടെ മാതാവ് എന്നറിയപ്പെടുന്ന ഈ മഹത് വനിതയുടെ ത്യാഗോജ്ജ്വലവും ഇതിഹാസതുല്യമായ ജീവിത കഥ വിസ്മയകരമാണ്.



സിന്ദു തായ് സപ്കൾ

മഹാരാഷ്ട്രയിലെ വാർദാ ജില്ലയിലെ പ്രിംപ്രി മെഗാ ഗ്രാമത്തിൽ അഭിമാൻജിയുടെ മകളായിട്ടാണ് 1948 നവംബർ 14ന് ശ്രീമതി സിന്ദുതായ് നവഗോൺ ജനിച്ചത്. കാലി വളർത്തൽ തൊഴിലായി സ്വീകരിച്ച ഒരു ദരിദ്ര കുടുംബമായിരുന്നു അവരുടേത്. കുടുബത്തിൽ ആർക്കും വേണ്ടാത്ത ഒരു പെൺകുഞ്ഞായിരുന്നു അവർ. കീറത്തുണിക്കഷണം എന്ന് അർഥം വരുന്ന ചിന്തി എന്നായിരുന്നു പരിഹാസപൂർവം ആ പെൺകുഞ്ഞിനെ വീട്ടിൽ വിളിച്ചിരുന്നത്. സിന്ദുതായുടെ മാതാവ് അവളെ സ്കൂളിൽ പോവാൻ അനുവദിച്ചിരുന്നില്ല. സ്നേഹനിധിയായ അവളുടെ ദരിദ്ര പിതാവ് അഭിമാൻജി കൊച്ചു സിന്ദുവിന് വിദ്യാഭ്യാസം നൽകാൻ

തീരുമാനിച്ചു. കാലിമേക്കാനെന്ന വ്യാജേന പള്ളിക്കൂടത്തിലേക്കയച്ചു. അവിടെ വൃക്ഷത്തിന്റെ ഇലയിലാണ് സിന്ദുതായ് എഴുതി പഠിച്ചത്. കാരണം സ്ലേറ്റ് വാങ്ങാൻ അവർക്ക് പണമില്ലായിരുന്നു. നാലാം തരം പഠിച്ചു കഴിഞ്ഞപ്പോൾ പഠനം നിർത്തേണ്ടി വന്നു.

പത്താം വയസ്സിൽ ശ്രീഹരി സപ്കർ എന്ന 30 വയസ്സുകാരനുമായി സിന്ദുവിന്റെ വിവാഹം നടന്നു. 20-ാം വയസ്സിൽ മൂന്ന് കുട്ടികളുടെ മാതാവായിരുന്ന അവർ പ്രദേശത്തെ ശക്തനായ ഒരു ഗ്രാമ പ്രമുഖനെതിരെയുള്ള സമരത്തിൽ വിജയിക്കുകയുണ്ടായി. ഉണങ്ങിയ വിറകിന് പകരം ഇന്ധനമായുപയോഗിക്കുന്ന ഉണക്ക ചാണകം വളരെ ദരിദ്രരായ ഗ്രാമവാസികൾക്ക് പ്രതിഫലമൊന്നും നൽകാതെ ശേഖരിച്ച് ഈ ഗ്രാമ പ്രമുഖൻ വിറ്റു ലാഭമുണ്ടാക്കിയിരുന്നു. ഇതിനെ ചോദ്യം ചെയ്ത് സിന്ദുതായ് സമരം നയിക്കുകയുണ്ടായി. അവസാനം പ്രശ്നം ജില്ലാ കലക്റ്ററുടെ മുമ്പിലെത്തി. സിന്ദുതായ്ക്ക് അനുകൂലമായി കലക്ടർ വിധി പറഞ്ഞു. അന്ന് മുതൽ അവരുടെ കഷ്ടകാലം ആരംഭിച്ചു. അപമാനിതനായ ആ ശക്തനായ ഗ്രാമവാസി സിന്ദുവിന്റെ ഭർത്താവ് ശ്രീഹരി സപ്കളിൽ സ്വാധീനം ചെലുത്തി അവരെ തെരുവിൽ ഉപേക്ഷിക്കുകയുണ്ടായി. ഒൻപത് മാസം പൂർണ ഗർഭിണിയായ സിന്ദുതായ് പെരുവഴിയിലായി. അവർ ആ രാത്രി കാലിത്തൊഴുത്തിൽ വെച്ച് തന്റെ കുഞ്ഞിന് ജന്മം നൽകി. കുറച്ച് കിലോ മീറ്ററുകൾ അകലെ താമസിക്കുന്ന മാതാവിന്റെ വീട്ടിൽ അഭയത്തിനായി സമീപിച്ചെങ്കിലും അവിടെയും അവർ നിരാകരിക്കപ്പെട്ടു. ആത്മഹത്യ ചെയ്യാൻ ആലോചിച്ചു. അവസാനം ഭക്ഷണത്തിന് വേണ്ടി യാചന ആരംഭിച്ചു. ഈ ഭിക്ഷാടന ജീവിതത്തിൽ അവർ നിരവധി ഉപേക്ഷിക്കപ്പെട്ട അനാഥ ബാല്യങ്ങളെ കണ്ടുമുട്ടി. അവർക്കെല്ലാം വേണ്ടി അവർ ഭിക്ഷ ഇരന്നു. ഒടുവിൽ അവരെയെല്ലാം അവർ ദത്തെടുത്തു. അവരുടെയെല്ലാം അമ്മയാകാൻ അവർ തീരുമാനിക്കുകയായിരുന്നു. തുടർന്ന് വിചിത്രമായ ഒരു തീരുമാനം അവർ എടുക്കുകയുണ്ടായി. അതായത് സ്വന്തം കുട്ടികളെ പൂനയിലെ ഒരു ട്രസ്റ്റിൽ ഏൽപ്പിക്കുകയാണ് അവർ ചെയ്തത്. തന്റെ സ്വന്തം ഔരസ സന്താനങ്ങളോട് ദത്തെടുത്ത കുട്ടികളേക്കാൾ കൂടുതൽ വിഭാഗീയമായ സ്നേഹവികാരം ഉണ്ടാകുന്നത് ഒഴിവാക്കാനാണ് ട്രസ്റ്റിന് സ്വന്തം മക്കളെ ഏൽപ്പിച്ചതെന്നാണ് അവരുടെ വിശദീകരണം.

പിന്നീട് അവർ തന്റെ ജീവിതം പൂർണമായും അനാഥകളുടെ ജീവിതത്തിന് വേണ്ടി സമർപ്പിക്കുകയായിരുന്നു. അവരെ എല്ലാവരും സ്നേഹപൂർവം മായി (മാതാവേ) എന്ന് വിളിച്ചു. 1050 അനാഥ കുട്ടികളെ അവർ ദത്തെടുക്കുകയുണ്ടായി. ഇന്ന് അവർ 207 ആൺ മരുമക്കളും 36 പെൺ മരുമക്കളും ആയിരത്തിലധികം പേരമക്കളുമുള്ള ഒരു കുടുംബനാഥയാണ്. അനാഥകളുടെ ഈ ബൃഹദ് കുടുംബത്തിൽ ഇന്ന് പലരും നിയമജ്ഞന്മാരും ഡോക്ടർമാരും പിഎച്ച്ഡിക്കാരുമടക്കം പലരും ഉന്നത വിദ്യാഭ്യാസം നേടിയവരാണ്. എന്നിട്ടും ഈ എൺപതാമത്തെ വയസ്സിലും സിന്ദുതായ് ഇവരുടെ അടുത്ത നേരത്തെ ഭക്ഷണത്തിനായി പട പൊരുതുകയാണ്. അവരുടെ സ്വന്തം ഔരസ സന്താനങ്ങൾ സ്വതന്ത്രമായ അനാഥാലയങ്ങൾ നടത്തുന്നു. സിന്ദുതായ്ക്ക് അവരുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് 273 അവാർഡുകൾ ലഭിച്ചിട്ടുണ്ട്. ഈ അവാർഡ് തുകയത്രയും അവർ തന്റെ മക്കൾക്ക് അനാഥാലയം പണിയാനാണ് വിനിയോഗിച്ചത്.

ഈ വാർധക്യത്തിൽ എൺപതാം വയസ്സിൽ പണ്ട് അവരെ പെരുവഴിയിൽ ഉപേക്ഷിച്ച അവരുടെ ഭർത്താവ് പശ്ചാത്താപ വിവശനായി തന്റെ ഭാര്യയുടെ അടുത്ത് മടങ്ങിയെത്തി. അവർ തന്റെ ഭർത്താവിനെ ആദരപൂർവം സ്വീകരിക്കുകയുണ്ടായി. ഒരു മകനായി കൊണ്ടായിരുന്നു അദ്ദേഹത്തെ സ്വീകരിച്ചത്. അവർ ഇപ്പോൾ ഒരു മാതാവ് മാത്രമാണ്. നിങ്ങൾ അവരുടെ ആശ്രമം സന്ദർശിക്കുകയാണെങ്കിൽ സിന്ദുതായ് അവരുടെ ഏറ്റവും പ്രായമേറിയ ഈ മകനെ കാണിച്ചുതരും. അവർ അത്യധികമായുള്ള സദ്പ്രവർത്തനങ്ങളുടെ ഊർജ സ്രോതസ്സാണ്. ഒരു നിഷേധാത്മക വികാരവും അവരിൽ ഇന്നില്ല. ആരോടും പകയോ വിദ്വേഷമോ ഇല്ല. ആരെയും കുറ്റപ്പെടുത്തുകയുമില്ല. 2010 ൽ അവരെ പറ്റി ഒരു മറാത്തി ഫിലിം പുറത്തിറങ്ങുകയുണ്ടായി. സിന്ദുതായ് സപ്കൾ എന്നാണ് ആ ചലചിത്രത്തിന്റെ പേർ. 54-ാമത് ലണ്ടൻ ഫിലിം ഫെസ്റ്റിവലിൽ ഈ ചിത്രം അവാർഡ് നേടുകയുണ്ടായി.

നുഅ്മാൻ (റ)വിൽ നിന്ന് നിവേദനം: ജനങ്ങൾ സമ്പാദിച്ച ഐഹികാഢംബരങ്ങളെക്കുറിച്ച് നബി (സ) ഒരിക്കൽ സംസാരിക്കുകയുണ്ടായി. റസൂൽ തിരുമേനി (സ) ദിവസം മുഴുവൻ വിശപ്പു സഹിക്കുന്ന ആളായിട്ടാണ് എനിക്ക് കാണാൻ കഴിഞ്ഞിരുന്നത്. വളരെ മോശപ്പെട്ട കാരക്ക പോലും വയർ നിറക്കാൻ അവിടുത്തേക്ക് ലഭിച്ചിട്ടില്ല.

കുറിപ്പുകൾ

# തകിടംമറിയുന്ന മാതൃസങ്കൽപ്പം

## വാടക പ്രസവം ഉയർത്തുന്ന നിയമപരവും ധാർമികവുമായ പ്രശ്നങ്ങൾ

**മുസാഫിർ**

സ്വർഗം പോലും മാതാവിന്റെ കാൽകീഴിലാണെന്ന് പറയുകയും മനുഷ്യബന്ധങ്ങളിൽ വെച്ച് ഏറ്റവും ദിവ്യവും പാവനവുമെന്ന് കരുതപ്പെടുകയും ചെയ്യുന്ന മാതൃസങ്കൽപ്പം തകിടം മറിയുകയാണോ? മനുഷ്യന് സുഖവും പ്രയോജനവും നൽകുന്നതെല്ലാം നീതീകരിക്കപ്പെടേണ്ടതാണ് (Pragmatism) എന്ന നൈതിക ബോധം ആദർശമായി സ്വീകരിച്ച ആധുനിക മെഡിക്കൽ സയൻസും ഭരണാധികാരികളും പ്രകൃതിയുടെ ഈ സ്വച്ഛവിശുദ്ധമായ പ്രജനന രീതി ജനിറ്റിക്ക് എഞ്ചിനീയറിങ്ങിലൂടെ മാറ്റിമറിക്കാൻ ശ്രമിക്കുകയാണ്. സറഗസി (Surrogacy) എന്നറിയപ്പെടുന്ന വാടക പ്രസവ സമ്പ്രദായം അത്തരത്തിലുള്ള ആശങ്കകളാണ് ഉയർത്തുന്നത്.

ശാരീരിക വൈകല്യങ്ങൾ കൊണ്ടോ ഗർഭിണിയാകാനുള്ള മനസ്സില്ലായ്മ കൊണ്ടോ ഗർഭം ചുമക്കാനായി അന്യസ്ത്രീകളുടെ ഗർഭപാത്രം തുക നിശ്ചയിച്ചോ അല്ലാതെയോ വാടകക്കെടുക്കുന്ന ആധുനിക മെഡിക്കൽ സമ്പ്രദായമാണ് സറഗസി (Surrogacy) അഥവാ വാടക പ്രസവം. മനുഷ്യശിശുവിനെ വെറുമൊരു ചരക്കും ഗർഭം ചുമക്കുന്ന സ്ത്രീയെ ഒരു നിർമാണോപകരണവുമാക്കിത്തീർക്കുന്ന ഈ ശിശുനിർമാണ വ്യവസായം (സറഗസി) ഇന്ത്യയിൽ വൻ ബിസിനസ്സായി അതിശീഘ്രം വളർന്നുകൊണ്ടിരിക്കുകയാണ്. താരതമ്യേന ചെലവ് കുറഞ്ഞ മെഡിക്കൽ സൗകര്യം, സഹായാധിഷ്ഠിത പ്രത്യുൽപാദന ടെക്നോളജി (Assisted Reproductive Technologies (ART) സംബന്ധിച്ചുള്ള വൈദഗ്ധ്യം, കുറഞ്ഞ നിരക്കിൽ വാടക പ്രസവത്തിന് സന്നദ്ധരായ സ്ത്രീകളുടെ ലഭ്യത എന്നീ ഘടകങ്ങളാണ് അന്തർ ദേശീയ തലത്തിൽ ഇന്ത്യയെ വാടക പ്രസവത്തിന്റെ കളിത്തൊട്ടിലാക്കി മാറ്റിയിരിക്കുന്നത്. 1994 ലാണ് ഇന്ത്യയിൽ ആദ്യമായി വാടക പ്രസവം നടക്കുന്നത്. ഇന്ത്യയിൽ ഗുജറാത്ത് സംസ്ഥാനത്തിൽ പാൽ ഉൽപന്നങ്ങൾക്ക് പേരു കേട്ട (അമുൽ ഉൽപന്നങ്ങൾ) ആനന്ദ് ജില്ലയാണ് വാടക പ്രസവം നടത്തിക്കൊടുക്കുന്ന ഇന്ത്യയിലെ പ്രമുഖ കേന്ദ്രം. കേന്ദ്രഗവൺമെന്റ് ഇത് സംബന്ധിച്ചിറക്കിയ പത്രക്കുറിപ്പിൽ പറയുന്നത് ഇന്ത്യക്ക് 2500 കോടി രൂപ നേടിത്തരുന്ന വ്യവസായമാണ് സറഗസി, ഇന്ത്യയിൽ വെച്ച് അത് ചെയ്യുമ്പോൾ മറ്റു രാജ്യങ്ങളിലുള്ളതിനേക്കാൾ പത്തിലൊന്ന് ചെലവ് മാത്രമേ വരൂ എന്നുമാണ്. വാടക പ്രസവം നടത്തിക്കൊടുക്കുന്ന 3000ത്തിലധികം ക്ലിനിക്കുകൾ ഇന്ത്യയിലുണ്ട്. ലക്കും ലഗാനുമില്ലാതെ കുതിച്ചുയരുന്ന ഈ ശിശുനിർമാണ വ്യവസായത്തിന് ഗവൺമെന്റ് അംഗീകാരം നൽകിയിരിക്കുന്നു. ഇപ്പോൾ സമഗ്രമായ നിയമവും നിയന്ത്രണവും കൊണ്ടുവരാൻ പോകുകയാണ്.

### വാടക പ്രസവവും മതങ്ങളും

സറഗസി പുരാതനമായി അംഗീകരിക്കപ്പെട്ട ഒരു സമ്പ്രദായമാണ് എന്നാണ് ഇതിനെ അനുകൂലി



ക്കുന്നവർ വാദിക്കുന്നത്. പുരാതന മെസപ്പെട്ടോമിയയിലെ ബാബിലോണിയൻ നിയമസംഹിതയായ ഹമ്മുറാബിയുടെ നിയമ പുസ്തകത്തിൽ ഭാര്യ വന്ധ്യയാണെങ്കിൽ മറ്റൊരു സ്ത്രീയെ സറഗേറ്റ് ചെയ്ത് സന്താനലാഭമുണ്ടാക്കാമെന്ന വ്യവസ്ഥയുണ്ട്. പുരാതന ഹിന്ദു നിയമ വ്യവസ്ഥയിലെ 'നിയോഗം' എന്ന ആചാരത്തിൽ സന്താന ലബ്ധിക്കായി ഭർത്താവല്ലാത്ത മറ്റൊരു പുരുഷനെ ഭാര്യക്ക് പ്രാപിക്കാമെന്ന് പറയുന്നു. സ്വാമി ദയാനന്ദസരസ്വതി ഈ സമ്പ്രദായത്തെ അംഗീകരിച്ചിട്ടുണ്ട്. വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ) ഈ സമ്പ്രദായത്തെ നിശിതമായി വിമർശിച്ചെഴുതിയിട്ടുണ്ട്. അപ്രകാരം ബൈബിൾ പഴയ നിയമത്തിൽ അബ്രഹാമിന്റെ ഭാര്യ സാറാക്ക് സന്താനങ്ങളില്ലാതായപ്പോൾ സാറായുടെ സമ്മതത്തോടുകൂടി അവരുടെ ദാസിയായ ഹാഗറിനെ പ്രാപിച്ചുവെന്നാണ് ബൈബിൾ കഥ. പുണ്യവാളനായ അബ്രഹാമിന്റെ ധാർമികതയെ ചോദ്യം ചെയ്യുന്ന രീതിയിലുള്ള ഈ ബൈബിൾ കഥ പാശ്ചാത്യലോകത്തെ ക്രൈസ്തവരുടെ പിന്തുണക്കായി സറഗസി ബിസിനസ്സിലേർപ്പെട്ട ഇതിന്റെ വക്താക്കൾ ഉദ്ധരിക്കാറുണ്ട്.

### വാടക പ്രസവത്തിന്റെ രീതി

ഗർഭപാത്രം വാടകക്ക് കൊടുക്കുന്ന സ്ത്രീയെ സറഗേറ്റ് മാതാവ് (Surrogate Mother) അഥവാ അപരമാതാവ് എന്നും അണ്ഡം ദാനം ചെയ്ത മാതാപിതാക്കളെ ജനിതക മാതാപിതാക്കളെന്നുമാണ് (Genitic Parents) ആധുനിക മെഡിക്കൽ സയൻസ് വിളിക്കുന്നത്. സറഗസി രണ്ട് വിധമുണ്ട്. ദമ്പതികളുടെ ബീജവും അണ്ഡവും കൃത്രിമമായി സങ്കലനം ചെയ്ത് ഗർഭ ധാരണത്തിനായി അപര സ്ത്രീയുടെ വാടകക്കെടുത്ത ഗർഭ പാത്രത്തിൽ നിക്ഷേപിക്കുന്നു. ഈ സമ്പ്രദായത്തിൽ കുഞ്ഞിന്റെ ജനിതക ഘടനയിൽ മാറ്റങ്ങളൊന്നും ഉണ്ടാവുന്നില്ല. അതായത് വാടകക്ക് ഗർഭം ചുമക്കുന്ന മാതാവിന്റെ ജനിതക പാരമ്പര്യമൊന്നും കുഞ്ഞിലേക്ക് സംക്രമിക്കുന്നില്ല. ഇതിന് ഗർഭധാരണ ആവശ്യാർഥം മാത്രമുള്ള സറഗസി (Gestational Surrogacy) എന്നാണ് പറയുന്നത്. മറ്റൊരു രീതി കുഞ്ഞിനെ ആവശ്യമുള്ള പുരുഷൻ, സറഗേറ്റ് മാതാവ് ആയ സ്ത്രീയുടെ തന്നെ അണ്ഡം എടുത്ത് കൃത്രിമ ബീജ സങ്കലനം നടത്തി (IVF) യോ അല്ലാതെയോ വിവാഹേതരമായ ലൈംഗിക ബന്ധത്തിൽ ഏർപ്പെടുകയോ ചെയ്ത് സ്ത്രീയുടെ ഗർഭ പാത്രത്തിൽ നിക്ഷേപിച്ച് ഗർഭധാരണം നടത്തുന്നു. ഇതിനെ പരമ്പരാഗത സറഗസി (Traditional Surrogacy ) എന്നും പറയുന്നു.

വാടക ഗർഭപാത്രത്തിന്റെ (Gestational Surrogacy) സൗകര്യം ഉപയോഗപ്പെടുത്തുന്ന ദമ്പതിമാർ അവർ ഇരുവരുടെയും അണ്ഡവും ബീജവും എടുത്ത് ശരീരത്തിന് പുറത്ത് വെച്ച് കൃത്രിമമായി ബീജ സങ്കലനം (In Vitro Fertilisation IVF) നടത്തി ആ സിക്താണ്ഡം (Fertilised Egg) അപര മാതാവിന്റെ വാടക ഗർഭ പാത്രത്തിൽ നിക്ഷേപിച്ച് വളർത്തിയെടുത്ത് പ്രസവിക്കുകയാണ് ചെയ്യുന്നത്. വിവാഹം കഴിക്കാത്ത ഒറ്റയാനായ പുരുഷന്മാരും, ആൺ ഇണയില്ലാത്ത സ്വവർഗ പ്രണയിനികൾ (Lesbians), സ്വവർഗപ്രണയികൾ (Gay), ഉഭയവർഗ പ്രണയികൾ (Bisexuls), അപര ലിംഗർ (Transgender), എന്നിങ്ങനെ ഇക്കാലത്ത് LGBT സമൂഹം അഥവാ ലൈംഗിക ന്യൂനപക്ഷങ്ങൾ എന്ന പേരിലറിയപ്പെടുന്ന ഇക്കൂട്ടരും കുഞ്ഞുങ്ങളെ കിട്ടാൻ ആഗ്രഹിക്കുന്നവരാണ്. അവരും ആഗ്രഹ സാഫല്യത്തിനായി വാടക ഗർഭപാത്രങ്ങളെയാണ് ആശ്രയിക്കുന്നത്. സ്വവർഗാനുരാഗികളായ പുരുഷന്മാർ അണ്ഡത്തിന് സറഗേറ്റ് മാതാവിനെ അതായത് വാടകക്ക് ഗർഭപാത്രം തരുന്ന സ്ത്രീയെ തന്നെയാണ് സാധാരണ ഗതിയിൽ ആശ്രയിക്കുക. ബീജം അയാളുടെ സ്വന്തം വകയായിരിക്കും. IVF പ്രക്രിയയിലൂടെ ബീജ സങ്കലനം നടത്തി ഗർഭപാത്രത്തിൽ നിക്ഷേപിച്ച് കുഞ്ഞിനെ ഉത്പാദിപ്പിക്കുന്നു. ഗർഭധാരണം പോലെയുള്ള ഭാരപ്പെട്ട ഉത്തരവാദിത്വങ്ങൾക്ക് തയ്യാറല്ലാത്ത സ്വവർഗ പ്രണയികളായ സ്ത്രീകളും വിവാഹം കഴിക്കാതെ പുരുഷ വിദ്വേഷികളായി കഴിയുന്ന ഏകാംഗനകളായ സ്ത്രീകളും ബീജ ബാങ്കിൽ നിന്നോ ഇഷ്ടപ്പെട്ട മറ്റ് പുരുഷന്മാരിൽ നിന്നോ ബീജം മാത്രം സ്വീകരിച്ചും അവരുടെ സ്വന്തം അണ്ഡവുമായി സങ്കലനം നടത്തി പരഗർഭത്തിലൂടെ ജനിതക പരമായി പാതി സ്വന്തമായ കുഞ്ഞുങ്ങളെ സ്വന്തമാക്കുന്നുണ്ട്. പെർമിസീവ് സൊസൈറ്റിയിൽ ആനന്ദത്തിലും അനുഭൂതികളുടെ ലോകത്തും ജീവിക്കുന്ന പാശ്ചാത്യ മോഡേൺ വനിതകൾ ഒമ്പത് മാസം ഗർഭം ചുമന്ന് കൊണ്ടുള്ള പരമ്പരാഗത രീതിയിലുള്ള സന്താനോൽപ്പാദനം ഒരു ഭാരമായിക്കരുതുന്നവരാണ്. നമ്മുടെ നാട്ടിലും ഗർഭിണിയാവൽ രോഗാവസ്ഥ പോലെ ആശുപത്രിയും ഡോക്ടറുമായി കഴിയേണ്ടി വരുന്ന ആതുരാവസ്ഥയായി വരികയാണല്ലോ. അപ്പോൾ വാടക പ്രസവം ഭാവിയിൽ ആദായകരമായ ഒരു ബിസിനസ്സ് ആയി മാറാൻ സാദ്ധ്യതയേറെയാണ്.

### ഇന്ത്യയിൽ നിയമം വരുന്നു

ഇന്ത്യയിൽ വാടക പ്രസവം നിർബാധം നടന്നു വരികയാണ്. ഈ രംഗത്ത് നിയമപരമായ യാതൊരു നിയന്ത്രണമോ മാർഗരേഖയോ ഉണ്ടായിരുന്നില്ല. ഈ ഒരവസ്ഥയിൽ കേന്ദ്ര ആരോഗ്യ കുടുംബ ക്ഷേമ മന്ത്രാലയത്തിന് കീഴിൽ പ്രവർത്തിക്കുന്ന ഇന്ത്യൻ മെഡിക്കൽ കൗൺസിൽ 2005 ൽ ഇത് സംബന്ധിച്ച് ഒരു മാർഗരേഖ പുറത്തിറക്കിയിട്ടുണ്ട്. തുടർന്ന് ഇന്ത്യൻ ലോ കമ്മീഷൻ അതിന്റെ 228-ാം റിപ്പോർട്ട് സുപ്രീം കോടതിയിൽ സമർപ്പിക്കുകയുണ്ടായി. ഇന്ത്യാ ഗവൺമെന്റിനെ നിയമ

പരിഷ്ക്കരണങ്ങൾക്കും നിയമ നിർമാണങ്ങൾക്കുമായി ഗവേഷണം നടത്തുകയും സഹായിക്കുകയും ഉപദേശിക്കുകയും ചെയ്യുന്ന സ്ഥാപനമാണ് ലോ കമ്മീഷൻ. അവരുടെ റിപ്പോർട്ടിൽ ഒരു സ്ത്രീക്കോ അവിവാഹിതക്കോ കുഞ്ഞിനെ ഉദ്പാദിപ്പിക്കാൻ വേണ്ടി ഗർഭപാത്രം വാടകക്ക് നൽകുന്നതിൽ യാതൊരു തെറ്റുമില്ല. പ്രസവത്തിന് ശേഷം കുഞ്ഞിന്റെ അവകാശം ഇത് സംബന്ധിച്ച് ഉണ്ടാക്കിയ കരാറനുസരിച്ചായിരിക്കും നിർണയിക്കപ്പെടുക. അതായത് അണ്ഡം നൽകിയ സ്ത്രീയായിരിക്കും നിയമപരമായി മാതാവ്. പ്രസവിച്ച സ്ത്രീയായിരിക്കില്ല. കുഞ്ഞിന് നൽകുന്ന ബർത്ത് സർട്ടിഫിക്കറ്റിൽ പ്രസവിച്ച മാതാവിന്റെ പേരുണ്ടായിരിക്കില്ല. പ്രസവിച്ച സ്ത്രീയുടെ മാതൃത്വം അംഗീകരിക്കപ്പെടുകയുമില്ല. ദത്തെടുക്കൽ പ്രഖ്യാപനം നടത്താതെ തന്നെ കുഞ്ഞിന് അണ്ഡവും ബീജവും നൽകിയ ദമ്പതിമാർക്ക് നിയമപരമായി രക്ഷിതാക്കൾ എന്ന പദവി ലഭിക്കും. വാടക പ്രസവത്തിൽ കുഞ്ഞിന്റെ ലിംഗ നിർണയം നടത്താനോ ലിംഗം തിരഞ്ഞെടുക്കാനോ പാടില്ല എന്നിങ്ങനെ പോകുന്നു റിപ്പോർട്ടിലെ നിർദേശങ്ങൾ.

ഇന്ത്യയിൽ ഇന്ത്യൻ മാതാവ് പ്രസവിക്കുന്ന കുഞ്ഞിന്റെ പൗരത്വ പ്രശ്നം സങ്കീർണമാണ്. വിദേശത്ത് താമസിക്കുന്ന ഇന്ത്യക്കാരോ ഇന്ത്യൻ വംശജരോ ആയിട്ടുള്ളവർക്ക് മാത്രമേ ഇന്ത്യൻ സ്ത്രീ ഗർഭപാത്രം വാടക്ക് കൊടുക്കാൻ പാടുള്ളൂ എന്ന് നിഷ്ക്കർശിക്കുന്ന ഉപാധികളും നിയമത്തിൽ ഉണ്ടാകുമെന്ന് കേൾക്കുന്നു. ഇത് സംബന്ധിച്ച നിയമം Assisted Reproductive Technologies (Regulation) Bill 2013 എന്ന പേരിൽ ഇന്ത്യൻ പാർലമെന്റിന്റെ മേശപുറത്തിരിക്കുകയാണ്. നിയമപരവും ധാർമികവും മതപരവുമായി അത്യന്തം സങ്കീർണമായ ഈ നിയമം വിവാദങ്ങൾ സൃഷ്ടിക്കുമെന്ന കാര്യത്തിൽ സംശയമില്ല.

## രണ്ട് മാതാക്കളുള്ള കുഞ്ഞ് ജനിക്കുന്നു

മേൽ പ്രസ്താവിച്ച പ്രശ്നങ്ങളെല്ലാം ഒരു സ്ത്രീയുടെ അണ്ഡവും ഭർത്താവോ അല്ലാത്തതോ ആയ പുരുഷന്റെ ബീജവും കൃത്രിമമമായി ബീജസങ്കലനം നടത്തിയുള്ള വാടക പ്രസവ സമ്പ്രദായത്തെ സംബന്ധിച്ചായിരുന്നു വല്ലോ. ഈ വാടക പ്രസവ സമ്പ്രദായത്തിൽ ഒരു ജനിതക പിതാവും ഒരു ജനിതക മാതാവുമായിരിക്കും ഉണ്ടാവുക. എന്നാൽ ഇതിൽ നിന്നും വ്യത്യസ്തമായി ജനിതക പരമായി രണ്ട് മാതാക്കളുണ്ടാവുന്ന ഒരു പുതിയ ബീജ സങ്കലന രീതി കണ്ടുപിടിക്കപ്പെട്ടിരിക്കുന്നു. കോശദ്രവ്യമാറ്റ വിദ്യ (Cytoplasmic Transfer) എന്ന പേരിലറിയപ്പെടുന്ന ഈ ആധുനിക ബീജ സങ്കലന വിദ്യ ചികിത്സക്ക് ഉപയോഗിക്കാനാണ് ആവിഷ്കൃതമായിരിക്കുന്നത്. ഈ രീതി അത്യന്തം സങ്കീർണം എന്ന് മാത്രമല്ല അത്യധികം വിവാദാത്മകവുമാണ്.

സാധാരണ ബീജസങ്കലന പ്രക്രിയ എങ്ങനെ നടക്കുന്നു എന്ന് ചുരുങ്ങിയ തോതിൽ നമുക്കൊന്ന് പരിശോധിക്കാം. അണ്ഡകോശമായാലും സാധാരണ കോശമായാലും ഒരു കോശത്തിൽ ന്യൂക്ലിയസ്സ് (Nucleus), മൈറ്റോകോൺട്രിയ (Mitocontrio), ലൈസോസോം (Lysosome), റൈബോസോം (Ribosome) തുടങ്ങി 14 ഓളം ഘടകങ്ങളുമുണ്ട്. ഓരോന്നിനും ഓരോ ധർമമാണുള്ളത്. കോശത്തിലുള്ള ഈ പദാർഥങ്ങളെയെല്ലാം മൊത്തത്തിൽ കോശദ്രവ്യം (Cytoplasm) എന്നാണ് പറയുക. കോശദ്രവ്യത്തിലെ കേന്ദ്രഭാഗമായ ന്യൂക്ലിയസ്സിലെ ക്രോമോസോമിലാണ് ജനിതക ഘടനയെ മുഖ്യമായി നിയന്ത്രിക്കുന്ന ഡി എൻ എ എന്ന ഘടകം ഉള്ളത്. ബീജസങ്കലനം നടക്കുമ്പോൾ പുംബീജം ന്യൂക്ലിയസ്സിലെ ഈ ഡി എൻ എ യുമായാണ് കൂടിച്ചേരുന്നത്. അത് പിന്നീട് വിശദീകരിക്കാം. ന്യൂക്ലിയസ്സിലെ ഈ ഡി എൻ എ യാണ് മനുഷ്യ ശരീരത്തിന്റെ മിക്കവാറും എല്ലാ സ്വഭാവ പ്രത്യേകതയും നിർണയിക്കുന്നത്. കോശദ്രവ്യത്തിലെ മറ്റൊരു പ്രധാന അംഗമാണ് മൈറ്റോകോൺഡ്രിയ. മൈറ്റോകോൺഡ്രിയയിലും കുറഞ്ഞ തോതിൽ ഡി എൻ എ ഉണ്ട്. കോശത്തിന്റെ ജൈവ രാസിക പ്രവർത്തനത്തെ നിയന്ത്രിക്കുന്നതും കോശത്തിലെ പ്രവർത്തനങ്ങൾക്ക് ഊർജം പ്രദാനം ചെയ്യുന്നതും മൈറ്റോകോൺഡ്രിയ ആണ്. കോശത്തിലെ ഊർജ സ്രോതസ്സ് എന്ന നിലക്ക് കോശത്തിലെ പവർ ഹൗസ് എന്നും ഇതിനെ വിളിക്കുന്നു. മൈറ്റോകോൺഡ്രിയയിൽ ഉണ്ടാകുന്ന തകരാറുകൾ ഭ്രൂണത്തിന്റെ വളർച്ചയെ ഗുരുതരമായി ബാധിക്കും. വളർച്ചയിൽ തന്നെ കുട്ടികൾ മരിച്ചു പോകും. ഓട്ടിസം മുതലായ പലതരം ജന്മജാത രോഗങ്ങളുമായിട്ടായിരിക്കും ശിശു ജനിക്കുക. ബധിരത, പ്രമേഹം, ഹൃദയരോഗങ്ങൾ പോലെയുള്ള രോഗങ്ങളുമുണ്ടാകും. സ്ത്രീകൾക്ക് പ്രായമാകുമ്പോഴും മൈറ്റോ കോൺഡ്രിയയിൽ തകരാറുകൾ വരാനുള്ള സാധ്യതയുമുണ്ട്. അതുകൊണ്ടാണ് പ്രായമേറിയ സ്ത്രീകൾ പ്രസവിക്കുമ്പോൾ ജന്മജാത വൈകല്യങ്ങളുള്ള കുട്ടികൾ ജനിക്കാൻ കൂടുതൽ സാധ്യതയുണ്ട് എന്ന് പറയുന്നത്. അത്തരത്തിൽ മൈറ്റോകോൺഡ്രിയയിൽ തകരാറുള്ള സ്ത്രീകൾക്ക് ജനിക്കുന്ന കുട്ടികളുടെ രോഗം എങ്ങനെ പരിഹരിക്കാം എന്ന പ്രശ്നത്തിൽ നിന്നാണ് കോശദ്രവ്യ മാറ്റം (Cytoplasmic transfer) എന്ന ചികിത്സാ രീതി ആവിഷ്കൃതമായിട്ടുള്ളത്. ഈ ചികിത്സയിൽ ഒരുകുട്ടിക്ക് ജനിതക പരമായി രണ്ട് മാതാക്കന്മാരുണ്ടാകുന്നു എന്നതാണ് വിവാദപരമായ കാര്യം. അക്കാര്യം കൂടി വിശദീകരിക്കാം. സാധാരണ ലൈംഗിക ബീജ സങ്കലനം നടക്കുമ്പോൾ എന്താണ് സംഭവിക്കുന്നതെന്ന്

നോക്കാം. പിതാവിൽ നിന്നും വരുന്ന ബീജം മാതാവിന്റെ അണ്ഡത്തിൽ പ്രവേശിച്ച് അണ്ഡത്തിലെ ന്യൂക്ലിയസ്സിലുള്ള ക്രോമോസോമിലെ ഡിഎൻഎ യുമായി സംയോജിച്ച് ഒന്നായി തീർന്നാണ് ഭ്രൂണം രൂപപ്പെടുക. ഈ സംയോജന പ്രക്രിയയിൽ അണ്ഡകോശത്തിലെ ന്യൂക്ലിയസ്സ് ഒഴികെ കോശദ്രവ്യത്തിലെ മറ്റുയാതൊരു ഘടകവും പങ്കെടുക്കുകയോ അവക്ക് മാറ്റം സംഭവിക്കുകയോ ചെയ്യുന്നില്ല. അതായത് ഗർഭ പാത്രത്തിൽ ശിശുവായി വളരുന്ന ഭ്രൂണകോശത്തിന്റെ മുഖ്യ ജനിതക പ്രത്യേകതകൾ വഹിക്കുന്ന ന്യൂക്ലിയസ്സ് ഒഴികെ മറ്റു ഘടകങ്ങളെല്ലാം മാതാവിന്റേത് മാത്രമാണ്. നേരത്തെ പറഞ്ഞത് പോലെ മാതാവിന്റെ അണ്ഡത്തിലെ മൈറ്റോകോൺഡ്രിയയുടെ തനി പകർപ്പ് മാറ്റമില്ലാതെ കുഞ്ഞിലേക്ക് കൈമാറപ്പെടുന്നു. മൈറ്റോകോൺഡ്രിയക്ക് വല്ല തകരാറുമുണ്ടെങ്കിൽ ജനിക്കുന്ന ശിശുവിന് ജന്മജാത വൈകല്യങ്ങളുണ്ടാവുന്നു. ആയതിനാൽ മൈറ്റോകോൺഡ്രിയ തകരാറിലായ വിവാഹിതയായ സ്ത്രീയുടെ ഭ്രൂണകോശത്തിൽ ബീജ സങ്കലന വേളയിൽ പുംബീജവുമായി കൂടി ചേർന്ന് ഉണ്ടായ ന്യൂക്ലിയസ് മാത്രം വേർപെടുത്തി മറ്റൊരു സ്ത്രീയുടെ ആരോഗ്യമുള്ള അണ്ഡകോശത്തിലേക്ക് പറിച്ചു നടപ്പെടുന്നു. തകരാറിലായ മൈറ്റോ കോൺഡ്രിയക്ക് പകരം ആരോഗ്യമുള്ള മൈറ്റോ കോൺഡ്രിയ ആയതിനാൽ ഭ്രൂണത്തെ രോഗം ബാധിക്കില്ല. അങ്ങനെ ജനിതക പരമായി രണ്ട് മാതാക്കളും ഒരു പിതാവുമുള്ള കുഞ്ഞ് ജനിക്കുന്നു!!. രോഗ ചികിത്സയെ മുൻനിർത്തി ബ്രിട്ടീഷ് പാർലമെന്റ് കഴിഞ്ഞ ഫെബ്രുവരി മാസം ലോകത്ത് ആദ്യമായി സൈറ്റോപ്ലാസം ട്രാൻസ്ഫറിന് നിയമപരമായി അംഗീകാരം നൽകിയിരിക്കുകയാണ്. ഈ നിയമം വരുന്നതോടെ ബ്രിട്ടണിൽ മൈറ്റോകോൺഡ്രിയൽ തകരാർ മൂലമുണ്ടാകുന്ന രോഗങ്ങൾ ഇല്ലാതാവുമെന്നാണ് അവകാശവാദം! ഇതോടൊപ്പം ഒരു കുഞ്ഞിന് ഇരട്ട മാതാക്കളുണ്ടാവുന്ന പ്രതിഭാസത്തിനും അത് തുറന്ന് വിടുന്ന അറ്റമില്ലാത്ത വിവാദങ്ങൾക്കുമാണ് അവർ ജന്മം നൽകിയിരിക്കുന്നത്.!!

## സന്താനമോഹം വരുത്തിയ വിന

ഇന്ത്യൻ പാർലമെന്റിൽ ഇത് സംബന്ധിച്ച ബില്ലിന്റെ ഡ്രാഫ്റ്റിങ്ങ് കമ്മിറ്റി ചെയർമാനായ പ്രശസ്ത ശാസ്ത്രജ്ഞൻ പുഷ്പ എൻ. ബാർഗവ് വാടക പ്രസവ സംബന്ധമായി തനിക്ക് നേരിട്ടറിയാവുന്ന ഒരനുഭവം വിവരിക്കുകയുണ്ടായി. അദ്ദേഹത്തിന് പരിചയമുള്ള ഒരു കുടുംബത്തിലെ ദമ്പതികൾക്ക് സന്താനങ്ങളില്ല. സാധാരണ ഗതിയിൽ കുട്ടികളില്ലാത്തതിന്റെ കുറ്റം സ്ത്രീയിലാണ് ചാർത്തപ്പെടുക. ഭർത്താവിന്റെ മാതാവ് മുൻകൈയ്യെടുത്ത് മകനെയും മകളെയും ഒരു ഫെർട്ടിലിറ്റി ക്ലിനിക്കിൽ പരിശോധിപ്പിച്ചു. തന്റെ മകനാണ് കുഴപ്പമെന്നറിഞ്ഞ ആ മാതാവ് തങ്ങളുടെ ഒരു കുടുംബ സുഹൃത്തിന്റെ ബീജം സ്വീകരിക്കാൻ മരുമകളെ പ്രേരിപ്പിക്കുകയുണ്ടായി. ക്ലിനിക്കിൽ കൃത്രിമ ബീജസങ്കലനം (IVF) ലക്ഷങ്ങൾ ചിലവ് വരുന്ന ഏർപ്പാടാണ്. ചെലവ് ഓർത്ത് ആ സുഹൃത്തിനെ തന്റെ മകന്റെ ഭാര്യയുമായി ബന്ധപ്പെടാൻ ആ അമ്മ അനുവദിച്ചു. അങ്ങനെ മരുമകൾ ഗർഭിണിയായി. കുഞ്ഞിനെ പ്രസവിച്ചു. തുടർന്ന് കുടുംബത്തിലും ബന്ധുക്കൾക്കിടയിലും വലിയ പ്രശ്നങ്ങൾ ഉടലെടുക്കുകയും ആ കുടുംബത്തിന്റെ സമാധാനം തകരുകയും ചെയ്തതായി ഡോ. ബാർഗവ ചൂണ്ടിക്കാണിക്കുന്നു. (The Hindu- Sept 28, 2014) ഈ സംഭവകഥയിൽ നിന്നും വാടക ഗർഭധാരണവും അന്യപുരുഷന്റെ ബീജദാനവും നിയമം മൂലം അനുവദിച്ചാൽ ക്ലിനിക്കിൽ വരുന്ന ചെലവ് കുറക്കാൻ സ്ത്രീപുരുഷന്മാർ നേരിട്ട് ബന്ധം സ്ഥാപിച്ചേക്കാം. അത് അവസാനിക്കാത്ത കുടുംബപരവും ധാർമികവുമായ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന സദാചാര പ്രശ്നമായി മാറും എന്നതിന് ഈ സംഭവം സാക്ഷിയാണ്.

## ഇസ്ലാമിക വീക്ഷണം

ഇസ്‌ലാം മാതൃത്വത്തെ ഭൂമിയിലെ ഏറ്റവും പരിപാവനമായ ബന്ധമായാണ് കണക്കാക്കുന്നത്. ***'സ്വർഗം മാതാവിന്റെ കാൽചുവട്ടിലാണ്'*** എന്ന് പറഞ്ഞ റസൂൽ തിരുമേനി(സ)യുടെ വചനത്തിന് തുല്യമായ ഒരു വചനം ലോക മതസാഹിത്യത്തിൽ കാണാൻ സാദ്ധ്യമല്ല. മനുഷ്യന്റെ പരിധിവിട്ട ആഗ്രഹങ്ങൾക്കും കാമനകൾക്കും വേണ്ടി പരിപാവനമായ ആ മാതൃത്വം ഇങ്ങനെ ദാരുണമായ പരീക്ഷണങ്ങൾക്ക് വിധേയമാക്കുന്നത് ഇസ്‌ലാം ഒരിക്കലും അംഗീകരിക്കുകയില്ല.

വിശുദ്ധ ഖുർആൻ ഗർഭ പാത്രത്തിന് ഉപ്രയോഗിച്ച പദം വളരെ ശ്രദ്ധേയമാണ്. അല്ലാഹുവിന്റെ ഏറ്റവും വാഴ്ത്തപ്പെട്ട ഗുണമായ കാരുണ്യത്തെ അഭിവ്യഞ്ജിപ്പിക്കുന്ന ***'അർ റഹ്മാൻ'***, ***'അർ റഹീം'*** എന്നീ പദങ്ങളുടെ അതേ ധാതുവിൽ നിന്നുമാണ് അല്ലാഹുവിന്റെ കാരുണ്യത്തിന്റെ കേദാരമായ ഗർഭപാത്രത്തെ വിശേഷിപ്പിക്കാനുള്ള നാമപദമായ ***'റഹം'*** വിശുദ്ധ ഖുർആൻ ഉപയോഗിച്ചത്. മനുഷ്യരാശിയുടെ വ്യാപനം ഗർഭപാത്രം മുഖേനയാണെന്നും അതിൽ നിന്നും ഉദ്ഭൂതമാവുന്ന മാനുഷിക ബന്ധങ്ങളെ അഥവാ രക്തബന്ധങ്ങളെ മുറിയാതെ സൂക്ഷിക്കാൻ അല്ലാഹു പറയുന്നത് കാണുക. ***'മനുഷ്യരേ നിങ്ങളെ ഒരേയൊരു സത്തയിൽ നിന്നും സൃഷ്ടിക്കുകയും അതിൽ (അതിന്റെ വർഗത്തിൽ നിന്ന് അതിന്റെ ഇണയേയും സൃഷ്ടിക്കുകയും അവ രണ്ടിൽ നിന്നുമായി നിരവധി പുരുഷന്മാരേയും സ്ത്രീകളേയും വ്യാപിപ്പിക്കുകയും ചെയ്ത നിങ്ങളുടെ നാഥനെ നിങ്ങൾ സൂക്ഷിക്കുക. ഏതൊരുവനെ മുൻനിർത്തി നിങ്ങൾ പരസ്പരം (ആവശ്യങ്ങൾ) ചോദിക്കുന്നുവോ ആ അല്ലാഹു***

***വിനെ സൂക്ഷിക്കുക. ഗർഭപാത്രങ്ങളുടെ കാര്യത്തിൽ (അർഹാം - ഗർഭപാത്രങ്ങൾ - രക്തബന്ധങ്ങൾ) നിങ്ങൾ അവനെ സൂക്ഷിക്കുകയും ചെയ്യുക. നിശ്ചയമായും അല്ലാഹു നിങ്ങളുടെ മേൽനോട്ടക്കാരനാണ്.' (സൂറ: നിസാഅ് 4:2)***

വാടക പ്രസവമായാലും ഫാക്ടറിയിൽ നിന്നും ഒരു ഉൽപ്പന്നം ഉദ്പാദിപ്പിക്കുന്ന ലാഘവത്തോടെ സ്ത്രീക്ക് ഒരു കുഞ്ഞിനെ പ്രസവിക്കാനാവുമോ? വാസ്തവത്തിൽ അണ്ഡദാനം എന്നതിനേക്കാൾ ഗർഭധാരണം സ്ത്രീയിൽ ഉണ്ടാക്കുന്ന ശാരീരികവും ഹോർമോൺപരവുമായ പരിവർത്തനങ്ങളും പ്രസവ സംബന്ധമായി അനുഭവപ്പെടുന്ന ഉദ്വേഗവും പ്രതീക്ഷകളും സ്വപ്നങ്ങളും പിന്നീട് കുഞ്ഞിനെ മുലയൂട്ടുമ്പോഴുണ്ടാകുന്ന ലാളനയും ആർദ്രതയും കുഞ്ഞിനോടുള്ള സ്നേഹ വാത്സല്യങ്ങളുമാണ് സന്താനലബ്ധി ഒരു ദിവ്യമായ അനുഭവമാക്കി മാറ്റുന്നത്. കുഞ്ഞുങ്ങളെ പ്രസവിച്ച വന്ധ്യമാതാക്കൾക്ക് ഇതെല്ലാം ഒരു അനുഭവിച്ചറിഞ്ഞ യാഥാർഥ്യമാണ്. അതുകൊണ്ട് അല്ലാഹു മനുഷ്യനെ ഓർമിപ്പിക്കുന്നു.

***'മനുഷ്യരെ തന്റെ മാതാപിതാക്കളുടെ കാര്യത്തിൽ നാം അനുശാസിച്ചിരിക്കുന്നു. അവന്റെ മാതാവ് മേൽക്കുമേൽ ക്ഷീണം സഹിച്ചു കൊണ്ടാണ് അവനെ ഗർഭം ധരിച്ചത്. അവന്റെ മുലകുടി നിറുത്തൽ രണ്ടു വയസ്സിലാണ്. എന്നോടും നിന്റെ മാതാപിതാക്കളോടും നന്ദി കാണിക്കുക. എന്റെയടുക്കലേക്ക് തന്നെയാണ് മടക്കം.' (31:15)***

വാടക പ്രസവ നിയമത്തിൽ കരാർ പ്രകാരം അണ്ഡം ദാനം ചെയ്ത സ്ത്രീയാണ് നിയമപരമായ മാതാവായി മാറുന്നത്. പ്രസവിച്ച സ്ത്രീ വെറും ഒരു ഉപകരണം മാത്രമാണ്. വാസ്തവത്തിൽ പ്രകൃതിയുടെ ജൈവതാളത്തിന് അനുപൂരകമായിട്ടാണ് ഇസ്ലാം മനുഷ്യ ബന്ധങ്ങളിൽ ഏറ്റവും മഹത്തരമായ മാതൃബന്ധത്തെ കാണുന്നത്. അതുകൊണ്ടാണ് പ്രസവിച്ച സ്ത്രീയിൽ ഖുർആൻ മാതൃത്വം ചാർത്തുന്നത്. ഭാര്യയെ മാതാവായി പ്രഖ്യാപിക്കുന്ന ഒരു അപരിഷ്കൃത സമ്പ്രദായം അറബികളിലുണ്ടായിരുന്നു. ഈ ആചാരത്തെ നിരോധിച്ചു കൊണ്ടുള്ള ഒരു പശ്ചാത്തലത്തിൽ ഖുർആൻ പറഞ്ഞ ഒരു വാക്യം വളരെ ശ്രദ്ധേയമാണ്.

***നിങ്ങളിൽ നിന്ന് തങ്ങളുടെ ഭാര്യമാരെ തങ്ങളുടെ മാതാക്കളെന്ന് പ്രഖ്യാപിച്ചു വിടുന്നവർ (അറിഞ്ഞിരിക്കട്ടെ). അവർ (ആ ഭാര്യമാർ) അവരുടെ മാതാക്കളല്ല. അവരെ പ്രസവിച്ച സ്ത്രീകളാണ് അവരുടെ മാതാക്കൾ (58:3)***

മക്കളില്ലാത്ത ദമ്പതിമാരുടെ ദുഃഖം ഒരു മഹാദുഃഖം തന്നെയാണ്. സന്താനങ്ങളില്ലെങ്കിൽ അതിനുള്ള ആഗ്രഹം ഉത്ക്കടമായുണ്ടെങ്കിൽ ഇസ്ലാം നിർദേശിച്ച ബഹുഭാര്യത്വം എന്തുകൊണ്ട് ഈ രംഗത്ത് പരീക്ഷിച്ചുകൂടാ. സ്നേഹവും സഹിഷ്ണുതയും സഹതാപവും കൊണ്ട് തീർച്ചയായും ബഹുഭാര്യത്വം ഒരു വൻ വിജയമാക്കി മാറ്റാവുന്നതാണ്. പുരുഷനാണ് തകരാറെങ്കിൽ സ്ത്രീക്ക് ഭാര്യാഭർത്തൃ ബന്ധത്തേക്കാൾ സന്താനലബ്ധി പരിഗണിക്കുകയും അതിന്റെ ആധിയിൽ അവൾ നീറിപ്പുകയുകയും ചെയ്യുകയാണെങ്കിൽ വിവാഹബന്ധം പിരിഞ്ഞ് സ്ത്രീക്ക് മറ്റൊരു വിവാഹം കഴിക്കാനും അനുവാദമുണ്ട്. ഇതിനെല്ലാം പുറമേ ഏറ്റവും പുണ്യകരമായ മറ്റൊരു മാർഗവും ഇസ്ലാം നിർദ്ദേശിക്കുന്നുണ്ട്. ഇസ്ലാമിൽ മറ്റു സമൂഹങ്ങളിലുള്ളത് പോലെ ദത്തെടുക്കലില്ല. പകരം യത്തീമിനെ ഓമനിച്ച് വീട്ടിൽ വളർത്തുന്നത് സംബന്ധിച്ച് വമ്പിച്ച പ്രാധാന്യമാണ് ഇസ്ലാം നൽകിയിരിക്കുന്നത്. അനാഥക്ക് വേണ്ടി തന്റെ സ്വത്തുക്കൾ ഒസിയത്ത് ചെയ്യുകയും ചെയ്യാവുന്നതാണ്. സന്താനമില്ലാത്ത പ്രശ്നത്തിന് ഇസ്ലാം അനുവദിക്കുന്ന നിയയമാനുസാരമുള്ളതും തികച്ചും വ്യക്തിപരവുമായ ഇഷ്ടാനിഷ്ടങ്ങളുടെ അടിസ്ഥാനത്തിലുള്ളതുമായ ഉദാരപൂർണമായ സമീപനങ്ങളാണ് ഇവയെല്ലാം.

ഇന്ത്യൻ പാർലമെന്റ് കൂടുതൽ അവധാനതയോടെ സാവകാശം പഠനം നടത്താതെ വാടക പ്രസവത്തിന് അനുകൂലമായി നിയമം നിർമിക്കുന്നത് ദൗർഭാഗ്യകരമാണ്. ഈ വിഷയത്തിൽ മതങ്ങളുടെ ഭാഗത്ത് നിന്നും നൈതികവും ചികിത്സാമൂല്യത്തിന്റെ അടിസ്ഥാനത്തിലുമുള്ള സൂക്ഷ്മവും സമഗ്രവുമായ കൂടുതൽ പഠനങ്ങൾ ഇനിയും നടത്തേണ്ടതുണ്ട്. വാണിജ്യാടിസ്ഥാനത്തിലുള്ള വാടക പ്രസവ വ്യവസായത്തിൽ മനുഷ്യ ശിശു ഇവിടെ ഒരു ചരക്കായും അതിനെ പ്രസവിക്കുന്ന സ്ത്രീ വാടകക്കെടുത്ത ഒരു ഉൽപാദനോപകരണമായും മാറുന്നു. മതേതരമായി ചിന്തിക്കുകയാണെങ്കിൽ തന്നെ കോടാനുകോടി വർഷങ്ങൾ കൊണ്ട് ആർജിച്ചെടുത്ത പ്രകൃതിയുടെ അവികലമായ ലൈംഗിക പ്രത്യുൽപാദന രീതി അതേപടി നിലനിർത്തുക എന്നതാണ് ശാസ്ത്രത്തിന്റെ ധാർമികത. ഇന്ന് നാം കാണുന്ന ലൈംഗിക പ്രത്യുൽപാദന രീതിയിൽ മൗലികമായ മാറ്റത്തിരുത്തലുകൾ വരുത്താൻ മനുഷ്യന് അവകാശമില്ല. രോഗം എന്ന നിലക്ക് ഉണ്ടാവുന്ന വൈകല്യങ്ങൾ പരിഹരിക്കാൻ ഇപ്പോഴത്തെ പ്രത്യുൽപാദന രീതിയിൽ തന്നെ പരിഹരിക്കാനുള്ള മാർഗങ്ങളാണ് ശാസ്ത്രം ആരായേണ്ടത്. പ്രകൃതിയുടെ വരദാനങ്ങളെല്ലാം അതിലെ ഏറ്റവും സവിശേഷവാനും ശക്തനുമായ മനുഷ്യന് വേണ്ടിയുള്ളതാണ് എന്നാണ് സങ്കൽപ്പിക്കപ്പെടുന്നത്. മനുഷ്യന് അവന്റെ പരിസരങ്ങൾ മാറ്റിതിരുത്താനും അസ്തിത്വത്തെ തന്നെ മാറ്റിപ്പണിയാനും ദൈവം കഴിവ് നൽകി എന്നത് ശരിതന്നെ. ചിരപുരാതനമായി നാം കാത്തു സൂക്ഷിച്ചു വന്ന മൂല്യങ്ങളെ അതിമോഹം മൂലം ധൃതിയിൽ തകിടം മറിച്ച് കൊണ്ട് യാതൊരു തത്ത്വ

ദീക്ഷയും അവധാനതയുമില്ലാതെ ഈ രംഗത്ത് മുന്നേറിയാൽ തിരിച്ചടികളുണ്ടാവും. പ്രകൃതിയുടെ സ്വച്ഛശുദ്ധമായ പ്രത്യുൽപാദന വ്യവസ്ഥയിൽ ഇടപെട്ട് അതിനെ വികൃതമാക്കി നശിപ്പിക്കാൻ പാടില്ല. അല്ലാഹു ഖുർആനിൽ പറയുന്നു:

*അവൻ (പിശാച്) പറഞ്ഞു, നിന്റെ ദാസന്മാരിൽ നിന്ന് ഒരു നിശ്ചിത വിഭാഗത്തെ ഞാൻ സ്വായത്തമാക്കുക തന്നെ ചെയ്യും. തീർച്ചയായും ഞാൻ അവരെ വഴിതെറ്റിക്കുകയും അവർക്ക് വ്യാമോഹങ്ങൾ നൽകുകയം അവരെ പ്രേരിപ്പിക്കുകയും ചെയ്യുന്നതാണ്. അപ്പോൾ അവർ കന്നുകാലികളുടെ കാതുകൾ കീറും .......പിന്നെയും ഞാൻ അവരെ പ്രേരിപ്പിക്കുകയും അപ്പോൾ അല്ലാഹുവിന്റെ സൃഷ്ടികളെ അവർ വികൃതമാക്കുകയും ചെയ്യും. ഏതൊരാൾ അല്ലാഹുവിനെ കൂടാതെ പിശാചിനെ മിത്രമായി സ്വീകരിക്കുന്നുവോ അവൻ സ്പഷ്ടമായ നഷ്ടത്തിലായിക്കഴിഞ്ഞു. (4:119,120)*

പിൻകുറി: *വേലക്കാരി അവളുടെ യജമാനത്തിയെ ഗർഭം ധരിക്കുന്ന കാലം സമാഗതമാകാതെ അന്ത്യനാൾ വരുകയില്ല. (ഹദീസ് )*

അനുസ്മരണം

## എം. കെ മൊയ്തുണ്ണി സാഹിബ്



കോഴിക്കോട് ജമാഅത്ത് അംഗവും പൊന്നാനി സ്വദേശിയുമായിരുന്ന എം. കെ മൊയ്തുണ്ണി സാഹിബ് (76) മാർച്ച് 7ന് കോഴിക്കോട്ട് വെച്ച് വഫാത്തായി. ഇന്നാലില്ലാഹി.....

കടുത്ത യാഥാസ്ഥിതിക സുന്നി വിശ്വാസിയായിരുന്ന അദ്ദേഹം 1964 ഏപ്രിലിലാണ് ജമാഅത്തിൽ പ്രവേശിച്ചത്. അദ്ദേഹത്തിന് അഹ്മദിയ്യാ സന്ദേശമെത്തിക്കാൻ ഈ വിനീതനാണ് നിമിത്തമായത്. ഖലീഫ രണ്ടാമന്റെ കാലത്ത് ബൈഅത്ത് ചെയ്ത അദ്ദേഹം മൗലാനാ അബ്ദുല്ലാഹ് സാഹിബിന്റെ ഇളയ പുത്രി ഹമീദാ ബീവിയെയാണ് വിവാഹം കഴിച്ചത്. ജമാഅത്തിൽ പ്രവേശിച്ചതിനാൽ ഒരുപാട് വേദനകളും യാതനകളും അദ്ദേഹത്തിന് സഹിക്കേണ്ടിവന്നു. ആദ്യ ഭാര്യയെ വിവാഹമോചനം ചെയ്യാൻ നിർബന്ധിതനായി. ജമാഅത്തിന്റെ സംസ്ഥാന കമ്മിറ്റിയിലും കോഴിക്കോട് ജമാഅത്തിലും അദ്ദേഹം നിരവധി സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. അനേകം സദ്ഗുണങ്ങൾക്കുടമയായിരുന്നു മൊയ്തുണ്ണി സാഹിബ്. അതിഥി സൽക്കാരപ്രിയനും വിനയാന്വിതനും ഉദാരവാനായ ധർമിഷ്ഠനുമായിരുന്നു. ജമാഅത്തിന്റെ പ്രചാരണപ്രവർത്തനങ്ങളിൽ അതീവ തൽപരനായിരുന്ന അദ്ദേഹം ഖിലാഫത്തിനോട് വളരെയധികം ആദരം പുലർത്തുകയും ചെയ്തു.

**ഭാര്യമാർ:** ഹമീദാ ബീവി, സഹീറ. **മക്കൾ:** നൗഫൽ അഹ്മദ്, ഖലീൽ അഹ്മദ്, സുലേഖ നുസ്റത്ത്, മുബാറക്ക, അമത്തുൽ ഹഫീസ്. **മരുമക്കൾ:** ബഷീർ അഹ്മദ് ചേലക്കര, വസീം അഹ്മദ് സിദ്ദീഖി മോഗ്രാൽ, മർഹൂം സി. കെ അബ്ദുൾ ഗഫൂർ വാണിയമ്പലം, കെ പി. റഫീഖ് അഹ്മദ് കോഴിക്കോട്, മുബശ്ശിറ കോഴിക്കോട്, ജമൈലത്ത് കോഴിക്കോട്.

**– എം. കെ. ഇമ്പിച്ചികോയട്ടി**

## ഷമീന ഫുആദ്

കരുനാഗപ്പള്ളി ജമാഅത്തിലെ ഡോ. ഫുആദ് ജലീൽ സാഹിബിന്റെ ഭാര്യയും ജനാബ് അബ്ദുൾ വാഹിദ് സാഹിബിന്റെ മകളുമായ ഷമീന ഫുആദ് (40) മാർച്ച് 11 നു നിര്യാതയായി. (ഇന്നാലില്ലാഹ്)

മക്കൾ: സംറ (19), ഇംറാൻ (12), സഹോദരങ്ങൾ: റജീന നസീം (എറണാകുളം), വസീന വാജിദ് (കരുനാഗപ്പള്ളി). പരേതയ്ക്ക് അല്ലാഹു ജന്നത്തും മഗ്ഫിറത്തും നല്കുമാറാകട്ടെ.

**– അബ്ദുൾ ജലീൽ**
**കരുനാഗപ്പള്ളി**



## മുഹമ്മദ് ശാഫി

ആദിനാട് അഹ്മദിയ്യാ മുസ്ലിം ജമാഅത്തിൽ ദീർഘകാലം പ്രസിഡന്റായിരുന്ന കണ്ടളയിൽ കിഴക്കതിൽ മർഹൂം ജനാബ് കെ.ഹമീദുകുഞ്ഞു സാഹിബിന്റെ മൂത്തമകൻ മുഹമ്മദ് ശാഫി 18-03-2015 ബുധനാഴ്ച വെളുപ്പിന് വഫാത്തായി. (ഇന്നാലില്ലാഹ്) 1980-ലാണ് മാതാവും മറ്റു സഹോദരങ്ങളുമൊത്ത് ബൈഅത്ത് ചെയ്ത് ജമാഅത്തിൽ പ്രവേശിച്ചത്. മാതാവ് റംല ബീവി. സഹോദരങ്ങൾ: മുഹമ്മദ് ഹുനയ്സ്, നൂർജഹാൻ, നുസ്റത്ത് ജഹാൻ, ഇയാസ് അഹ്മദ്, ഖയ്റുന്നിസ, മൻസൂർ അഹ്മദ്. അല്ലാഹു പരേതന് മഗ്ഫിറത്തും ജന്നത്തും നല്കി അനുഗ്രഹിക്കുമാറാകട്ടെ.

**– മുഹമ്മദ് ഇസ്മായീൽ ആലപ്പുഴ**



## ഡോ. ഇഫ്തിഖാർ അഹ്മദ് സാഹിബിന് പുരസ്ക്കാരം

പഴയങ്ങാടി ജമാഅത്ത് അംഗം ഡോ. ബി. ഇഫ്തിഖാർ അഹ്മദ് സാഹിബ് രാജ്യാന്തര റിസർച്ച് പേപ്പർ പ്രസാധകരായ മീററ്റിലെ ജേർണൽ അനു ബുക്സ് ഇന്ത്യയുടെ ഈ വർഷത്തെ റിസർച്ച് ഓഥേർസ് അവാർഡിന് അർഹനായി. പള്ളിക്കുന്ന് കൃഷ്ണമേനോൻ സ്മാരക ഗവ. വനിതാ കോളേജിൽ ഇംഗ്ലീഷ് വിഭാഗം അസി. പ്രൊഫസറാണ്. രാജ്യത്തെ നിരവധി അന്തർദേശീയ നിലവാരമുള്ള ജേർണലുകളിൽ പ്രസിദ്ധീകരിച്ച റിസർച്ച് പേപ്പറുകൾ പരിഗണിച്ചാണ് അവാർഡ്. പുരസ്കാരം ഏപ്രിലിൽ ന്യൂഡൽഹിയിൽ വെച്ച് സമ്മാനിക്കും. ക്യാമ്പസ്സും സമൂഹവും തമ്മിലുള്ള എക്സ്റ്റൻഷൻ പ്രവർത്തനങ്ങൾ എന്ന വിഷയത്തിൽ അമേരിക്കയിലെ ഏതെങ്കിലുമൊരു സർവകലാശാലയിൽ പോസ്റ്റ് ഡോക്ടറൽ ഗവേഷണത്തിനായുള്ള ഫുൾ ബ്രൈറ്റ് ഫെല്ലോഷിപ്പും ഇഫ്തിഖാർ അഹ്മദിന് ലഭിച്ചിട്ടുണ്ട്. ആനുകാലികങ്ങളിൽ കരിയർ സംബന്ധമായ നിരവധി ലേഖനങ്ങൾ എഴുതിയിട്ടുണ്ട്.

www.alislam.org



## സൗജന്യ ഹോമിയോ മെഡിക്കൽ ക്യാമ്പ്

മജ്ലിസ്ഖുദ്ദാമുൽ അഹ്മദിയ്യാ എറണാകുളം ജില്ലയുടെ നേതൃത്വത്തിൽ സൗജന്യ ഹോമിയോ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിച്ചു. ചോറ്റാനിക്കര ഡോ. പടിയാർ ഹോമിയോപ്പതിക് കോളേജിന്റെ സഹകരണത്തോടെ ഫെബ്രുവരി 22-ാം തീയതി കാക്കനാട് അഹ്മദിയ്യാ മുസ്ലിം മസ്ജിദ് അങ്കണത്തിൽ വെച്ചാണ് ക്യാമ്പ് സംഘടിപ്പിച്ചത്. തൃക്കാക്കര നഗരസഭ ഡപ്യൂട്ടി ചെയർപേഴ്സൺ അഡ്വ. ഷെറീന ഷുക്കൂർ ക്യാമ്പിന്റെ ഉദ്ഘാടനം നിർവഹിച്ചു. ജില്ലാ ഖാഇദ് മുഹമ്മദ് സഫ്വാൻ സാഹിബ് അദ്ധ്യക്ഷനായിരുന്നു. അതിഥികൾക്ക് ഹുസൂർതിരുമനസിന്റെ "ആഗോളപ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും" എന്ന ഗ്രന്ഥം എറണാകുളം ജമാഅത്ത് പ്രസിഡന്റ് ബി.ബി. അഹ്മദ്കബീർ സാഹിബ് നൽകുകയുണ്ടായി.

## കരിയർ ഗൈഡൻസ് സെമിനാർ

മജ്ലിസ്ഖുദ്ദാമുൽഅഹ്മദിയ്യ എറണാകുളം ജില്ലയുടെ ആഭിമുഖ്യത്തിൽ വളയൻ ചിറങ്ങര എൻ.എസ്.എസ് ഹയർസെക്കന്ററി സ്കൂളുമായി സഹകരിച്ചുകൊണ്ട് കരിയർ ഗൈഡൻസ് സെമിനാർ 2015 മാർച്ച് 23 ന് സംഘടിപ്പിച്ചു. മഴുവന്നൂർ പഞ്ചായത്ത് മെമ്പർ ശ്രീ.ഹരികുമാർ സെമിനാർ ഉദ്ഘാടനം ചെയ്തു. ജില്ലാ അമീർ ശാഹുൽ ഹമീദ് സാഹിബ് അദ്ധ്യക്ഷത വഹിച്ച ചടങ്ങിൽ ജില്ലാഖാഇദ് മുഹമ്മദ് സഫ്വാൻ സാഹിബ് സ്വാഗതം പറഞ്ഞു. പ്രശസ്ത ട്രെയിനർ റാശിദ് മക്കാർ ക്ലാസ്സുകൾക്ക് നേതൃത്വം കൊടുത്തു. ഐരാപുരം ജമാഅത്ത് പ്രസിഡന്റ്കെ.എം.നൂറുദ്ദീൻ സാഹിബ് നന്ദി പറഞ്ഞു.

## മെഡിക്കൽ ക്യാമ്പ്



കണ്ണൂർ കടലായി ലജ്നാ ഇമായില്ലായുടെ കീഴിൽ സൗജന്യ മെഡിക്കൽ ക്യാമ്പ് ശാന്തി ദീപം സ്പെഷ്യൽ സ്കൂളിൽ വെച്ച് മാർച്ച് 1 ന് നടക്കുകയുണ്ടായി. ക്യാമ്പിൽ ഡോ. സീനത്ത് (കോഴിക്കോട്), ഡോ. ഷൈമ (കോഴിക്കോട്) എന്നിവർ അലോപ്പതി വിഭാഗത്തിലും ഡോ. രേഷ്മനിസാം (കടലായി) ഹോമിയോപതി വിഭാഗത്തിലും സേവനമനുഷ്ഠിച്ചു. നേത്ര പരിശോധനയും സൗജന്യ കണ്ണട വിതരണവും നടത്തി.

**Published on 7 April 2015**

Vol: 87 Issue.**4**
Price Rs. **20/-**

Registered. Reg.No. 3332/1957, Postal Reg.No. KL/EKM/726/2015-17
Licence No. KL/CR/EKM/WPP-12/2015-17
Licensed to Post Without Prepayment

**The Sathyadoothan Monthly**


# Ahmadiyya Muslim Community

## Apps for mobile devises

Download free apps developed by Ahmadiyya Muslim Community for your iphone,ipode, and Android




### Quran

Read the Holy Quran in easy Yassarnal Quran Font




### Conditions of Bai'at

A pocket reference of Shara't-e-Bai'at in 7 languages



### Sermons

Huzoor's Friday Sermons In 15 languages




### MTA

Watch MTA Live, view Schedule and much more



### Ahmadiyya News

Stay up to date with the Latest jama'at news



View these apps at
alislam.org/apps
or scan the QR code below

**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഒരു ദൈവീക പ്രസ്ഥാനം**
**കൂടുതൽ അറിയാൻ ബന്ധപ്പെടുക**

**1800 425 2020**

Toll Free (9 am to 9 pm)